കേരള മലയാള പാഠാവലി

3502
V.A
1539

പുസ്തകം 5

3502

കേരള
മലയാള പാഠാവലി

പുസ്തകം ൫

ഗവണ്മെൻറിൽനിന്നും നിയമിച്ച കമ്മിററി

തയ്യാറാക്കിയതു്

വില : 75 നയാ പൈസ

1961

©

Government of Kerala
1961

3802

പാഠവിവരം

പാഠം			പേജ്
1.	ചൈനയും ഇന്ത്യയും	..	1
2.	ഉണ്ണിയാച്ചിയുടെ ഒരുക്കം (പദ്യം)	..	6
3.	വിനോബാ ഭാവേ	..	8
4.	മാതൃഹൃദയം (പദ്യം)	..	14
5.	പൂരക്കളി	..	16
6.	മാമാങ്കം	..	20
7.	വൃഥാപവാദം (പദ്യം)	..	24
8.	ദൽഹിയിലെ ശിശുദിനാഘോഷം	..	27
9.	ജീമൂതവാഹനൻ	..	34
10.	കൊഞ്ചുന്ന കവിഹൃദയം (പദ്യം)	..	40
11.	രക്തസഞ്ചാരം	..	42
12.	ശ്രീശങ്കരാചാര്യർ	..	52
13.	കോഴി (പദ്യം)	..	57
14.	ഒഥല്ലൊ	..	59
15.	മയിൽ	..	65
16.	ബാലിസുഗ്രീവ യുദ്ധം (പദ്യം)	..	71
17.	ഗുണവതിയായ ബാലിക	..	74
18.	ക്രിസ്തുമസ്സ്	..	80
19.	അമ്പിളി (പദ്യം)	..	85
20.	വാസവദത്ത	..	87
21.	രാപ്പൂക്കൾ (പദ്യം)	..	92
22.	ആരോമൽച്ചേകവർ	..	93

പാഠം		പേജ്
23.	കുഞ്ചൻ നമ്പ്യാർ ..	100
24.	ഓണം വന്നപ്പോൾ (പദ്യം) ..	106
25.	പ്രളയം (പദ്യം) ..	107
26.	നാട്ടിൻപുറം ..	109
27.	കേരളം (പദ്യം) ..	115
28.	വസന്താഗമം (പദ്യം) ..	116
29.	മാംസഭുക്കുകളായ സസ്യങ്ങൾ ..	119

24. കാര്യവും സമ്മാനവും.
29. പുസ്തകപ്പുഴു.

3502

പാഠം 1

ചൈനയും ഇന്ത്യയും

പ്രിയപ്പെട്ട ഇന്ദിരേ,

മെസൊപ്പൊട്ടേമിയയിലും ഈജിപ്റ്റിലും മദ്ധ്യധരണിക്കടലിലുള്ള ക്രീററ് എന്ന ദ്വീപിലുമാണു് ആദിമസംസ്കാരങ്ങൾ ആരംഭിച്ചു അഭിവൃദ്ധി



പ്രാപിച്ചതു്. ഏകദേശം ഈ കാലത്തുതന്നെ ചൈനയിലും ഇന്ത്യയിലും ഓരോ പ്രത്യേകതര

ത്തിൽ മഹത്തായ സംസ്കാരങ്ങൾ ഉത്ഭവിക്കുകയും പുഷ്ടിപ്പെടുകയും ചെയ്തു.

മററു സ്ഥലങ്ങളിലെന്നപോലെതന്നെ ചൈനയിലും വലിയ നദികളുടെ തടങ്ങളിലാണു് ജനങ്ങൾ വാസമുറപ്പിച്ചതു്. അക്കൂട്ടരെ മങ്കോളിയർ എന്നു വിളിച്ചുവന്നു. അവർ ആദ്യം ഓടുകൊണ്ടും പിന്നീടു ഇരുമ്പുകൊണ്ടും വളരെ ഭംഗിയുള്ള പാത്രങ്ങൾ ഉണ്ടാക്കി; തോട്ടങ്ങളും വിശേഷപ്പെട്ട കെട്ടിടങ്ങളും നിർമ്മിച്ചു. ഒരു പുതിയ രീതിയിലുള്ള ലിപിയും അവർ കണ്ടുപിടിച്ചു. ഇതിൻെറ സമ്പ്രദായം നാം ഹിന്ദി, ഇംഗ്ലീഷ്, ഉർദ്ദു മുതലായവ എഴുതുന്നതിൽ നിന്നു വളരെ വ്യത്യസ്തമായിരുന്നു. ഇതു് ഒരു മാതിരി ചിത്രലിപി ആയിരുന്നു. ഓരോ വാക്കിനും, ചിലപ്പോൾ ഓരോ ചെറിയ വാചകത്തിനുതന്നെയും, ഓരോ ചിത്രമായിരുന്നു എഴുതിയിരുന്നതു്. പണ്ടത്തെ ഈജിപ്തിലും, ക്രീററിലും, ബാബിലോണിലും ചിത്രലിപികൾ ഇതേകാലത്തു നടപ്പിലുണ്ടായിരുന്നു. കാഴ്ചബംഗ്ലാവുകളിലുള്ള ചില പുസ്തകങ്ങളിൽ ഈ എഴുത്തു നീ കണ്ടിട്ടുണ്ടായിരിക്കണം. ഈജിപ്തിലും പാശ്ചാത്യദേശങ്ങളിലും ഇത്തരം എഴുത്തു ഇപ്പോൾ പഴയ കെട്ടിടങ്ങളിൽ മാത്രമേ കാണുന്നുള്ളു.

ഈ എഴുത്തു അവിടെ ഇല്ലാതായിട്ടു് വളരെ കാലമായി. എന്നാൽ, ചൈനയിൽ ഇപ്പോഴും എഴുതുന്നതു് ഒരു മാതിരി ചിത്രരൂപത്തിലാണു്. ഹിന്ദിയിലും ഇംഗ്ലീഷിലും ഇടത്തുനിന്നു വലത്തോട്ടും ഉർദ്ദുവിൽ വലത്തുനിന്നു ഇടത്തോട്ടും, എഴുതുന്നതു പോലെയല്ല, മുകളിൽനിന്നു ചുവട്ടിലേയ്ക്കാണു് അവർ എഴുതുന്നതു്.

3582

തെക്കെ ഇന്ത്യയിൽ ഏററവും പ്രാചീനങ്ങളായ കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ ഒരുപക്ഷെ ഇപ്പോഴും മണ്ണിനടിയിലായിരിക്കാം കിടക്കുന്നതു്. ആരെങ്കിലും കുഴിച്ചുനോക്കി കണ്ടെത്തുന്നതുവരെ അവ മറഞ്ഞുകിടക്കും. എന്നാൽ ഉത്തരേന്ത്യയിൽ വളരെ പ്രാചീനങ്ങളായ ചില അവശിഷ്ടങ്ങൾ കണ്ടുപിടിച്ചു കഴിഞ്ഞിട്ടുണ്ടു്. വളരെക്കാലം മുമ്പു്—ആര്യന്മാർ ഇന്ത്യയിലേയ്ക്കു വരുന്നതിന്നു മുമ്പു്—ഇന്ത്യയിൽ ദ്രാവിഡർ വസിച്ചിരുന്നു എന്നും അവർ വളരെ പരിഷ്കൃതരായിരുന്നു എന്നും, നമുക്കറിയാമല്ലോ. അവർ മെസൊപ്പൊട്ടേമിയയിലേയ്ക്കും ഈജിപ്റ്റിലേയ്ക്കും ചരക്കുകൾ അയച്ചിരുന്നു. മെസൊപ്പൊട്ടേമിയയിൽ "യുർ" എന്ന നഗരത്തിലുള്ള ചില പ്രാചീനഹർമ്മ്യങ്ങൾ ദക്ഷിണേന്ത്യയിൽനിന്നു കൊണ്ടുപോയ തേക്കുകൊണ്ടു് ഉണ്ടാക്കപ്പെട്ടവയാണത്രേ. ഇന്ത്യയിൽനിന്നു സ്വർണ്ണം, മുത്തു്, ദന്തം, മയിലുകൾ, കുരങ്ങുകൾ എന്നിവ പാശ്ചാത്യരാജ്യങ്ങളിലേയ്ക്കു് അയച്ചിരുന്നു എന്നും പറയുന്നുണ്ടു്. അതുകൊണ്ടു്, അക്കാലത്തു് ഇന്ത്യയും മററു രാജ്യങ്ങളുമായി വളരെയധികം വാണിജ്യം നടന്നിരുന്നു എന്നു നമുക്കു് മനസ്സിലാക്കാം. ജനങ്ങൾക്കു പരിഷ്കാരമുണ്ടെങ്കിൽ മാത്രമേ ഇങ്ങനെ കച്ചവടം നടക്കുകയുള്ളൂ.

ഇന്ത്യയിലും ചൈനയിലും അക്കാലത്തു് സ്വയംഭരണമുള്ള ചെറിയ ചെറിയ രാജ്യങ്ങൾ ഉണ്ടായിരുന്നു. ഈ രണ്ടു രാജ്യങ്ങളിലും അന്നു് ഏകച്ഛത്രാധിപതികൾ ഉണ്ടായിരുന്നില്ല. ഓരോ ചെറിയ പട്ടണവും അതിനോടു ചേർന്ന ഏതാനും ഗ്രാമങ്ങളും വയലുകളും ഓരോ പ്രത്യേക ഭരണാധികാരിയുടെ കീഴിലായിരുന്നു. ഇവയ്ക്കു നഗരസംസ്ഥാനങ്ങൾ

എന്നായിരുന്നു പേർ. ആ പഴയ കാലത്തുതന്നെ അവയിൽ മിക്കതിലും പ്രജായത്തഭരണം ഉണ്ടായിരുന്നു. രാജാക്കന്മാർ ഉണ്ടായിരുന്നില്ല. ജനങ്ങൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികളുടെ ഒരു പഞ്ചായത്തു മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ അവയിൽ ചിലതു രാജാക്കന്മാർ ഭരിച്ചിരുന്നവയായിരുന്നു. നഗരസംസ്ഥാനങ്ങൾക്കു വേറെ വേറെ ഭരണാധികാരികൾ ഉണ്ടായിരുന്നുവെങ്കിലും അവർ തമ്മിൽ ചിലപ്പോൾ സഹകരിച്ചിരുന്നു. അതായതു്, അവർ അന്യോന്യം സഹായിച്ചിരുന്നു. ചിലപ്പോൾ ഒരു വലിയ സംസ്ഥാനം അനവധി ചെറു സംസ്ഥാനങ്ങളുടെ നായകത്വം വഹിച്ചിരുന്നു.

ചൈനയിൽ അധികം താമസിയാതെ ഈ ചെറു സംസ്ഥാനങ്ങളുടെ സ്ഥാനത്തു് ഒരു വലിയ രാജ്യം—ഒരു സാമ്രാജ്യം—ഉണ്ടായിത്തീർന്നു. ഈ സാമ്രാജ്യത്തിൻെറ കാലത്താണു് ചൈനയിലെ മഹാപ്രാകാരം പണിയിക്കപ്പെട്ടതു്. മഹാപ്രാകാരത്തെപ്പററിയും അതിൻെറ അസാധാരണമായ വലുപ്പത്തെപ്പററിയും നീ വായിച്ചിട്ടുണ്ടല്ലോ. സമുദ്രത്തിൽനിന്നു തുടങ്ങി, ഉത്തരഭാഗത്തുള്ള ഉയൎന്ന പവ്വ്തങ്ങൾവരെ ഇങ്ങനെ ഒരു ഭിത്തി കെട്ടിയതു് മററു മങ്കോളിയ വൎഗ്ഗക്കാർ ചൈനയിൽ പ്രവേശിക്കുന്നതിനെ തടയുവാനാണു്. ഈ ഭിത്തിക്കു് 1,400 നാഴിക നീളവും 20 മുതൽ 30 വരെ അടി ഉയരവും, 25 അടി വീതിയും ഉണ്ടു്. അതിന്നു ഇടയ്ക്കിടെ കോട്ടകളും ഉന്നതങ്ങളായ ഗോപുരങ്ങളും ഉണ്ടു്. ഇന്ത്യയിൽ ഈ മാതിരി ഒരു ഭിത്തി കെട്ടുകയാണെങ്കിൽ, അതിൻെറ നീളം വടക്കു ലാഹോർ മുതൽ തെക്കു മദിരാശി വരെ ഉണ്ടാകും. ഈ മഹാപ്രാകാരം

ഇപ്പോഴുമുണ്ട്. ചൈനയിൽ പോകുന്നപക്ഷം അതു നിനക്കു കാണാം.

എന്നു്, അച്ഛൻ
ജവഹർലാൽ നെഹ്റു

അഭ്യാസം

1. രാധ പുസ്തകം വായിക്കുന്നു—ഈ വാക്യത്തിലെ 'രാധ' എന്ന പദം ഒരു കുട്ടിയുടെ പേരാണു്, ഇതുപോലെതന്നെയാണു്, രാമൻ, വക്കി, സലീം മുതലായ പേരുകളും. ഇങ്ങനെ ഓരോ വ്യക്തിയുടെ പേരിനെ കുറിക്കുന്ന പദത്തിനു 'സംജ്ഞാനാമം' എന്നു പേർ.

2. ഇന്ദിര എഴുത്തു വായിക്കുന്നു. അവളുടെ അച്ഛൻ ജവഹർലാൽ ആകുന്നു. മോത്തിലാൽ ആണു് നെഹ്റുവിൻെറ പിതാവു്—ഈ വാക്യങ്ങളിലെ സംജ്ഞാനാമങ്ങൾ ചൂണ്ടിക്കാണിക്കുക.

3. ചൈനയിലെ ലിപിയുടെ സമ്പ്രദായം എന്തു്?

4. ആര്യന്മാർ വരുന്നതിനുമുമ്പു് ഇന്ത്യയിൽ വസിച്ചിരുന്നവർ ആരാണു്? സംസ്കാരത്തിൽ അവരുടെ നില എന്തായിരുന്നു?

5. ഇന്ത്യയിലേയും ചൈനയിലേയും പഴയ കാലത്തെ ഭരണം ഏതുവിധമായിരുന്നു?

6. ചൈനയിലെ മഹാപ്രാകാരത്തിൻെറ ഒരു വിവരണം എഴുതുക.

പാഠം 2

ഉണ്ണിയാച്ച്യയുടെ ഒരുക്കം

ആററും മണമ്മേലേ ഉണ്ണിയാച്ച്യ
ഊണുകഴിഞ്ഞു ഉറക്കമായി.

ഉറക്കത്തിൽ സ്വപ്നവും കണ്ടു പെണ്ണ്,
അല്ലിമലക്കാവിൽ കൂത്തല്ലാണ്,

അയിലാളർ പെണ്ണുങ്ങൾ പോകുന്നുണ്ട്,
അങ്ങനെ സ്വപ്നവും കണ്ടു പെണ്ണ്.

പുലരുവാനേഴര രാവുള്ളപ്പോൾ
ഞെട്ടിയുണരുന്നു ഉണ്ണിയാച്ച്യ ;

കാർകുന്തൽ നന്നായ് കുടഞ്ഞുകെട്ടി,
ആടകൾ നന്നായ് കുടഞ്ഞുടുത്തു ;

പുലച്ച്യക്കു വിളക്കുമേ കൊളുത്തുന്നുണ്ട് ;
പൂങ്കോഴിച്ചാത്തൻെറ കൂവൽകേട്ട്

പടകാളി മുററത്തും ചെററിറങ്ങി,
മണ്ടകത്തിൻെറയരികെ ചെന്നു,

ഭൂമിയുംതൊട്ടു നെറുകിൽവച്ചു,
സൂര്യഭഗവാനെ കൈവഴങ്ങി.

മുററമടിക്കുന്ന ചൂലെടുത്തു
മുററമടിയും കഴിക്കുന്നുണ്ട്.

അടിതളി പൂജ കഴിച്ചവളും
എരുദാഹശമനത്തിക്കു വെള്ളംകോരി ;

വേഗത്തിൽ പോരുന്നു പെൺകിടാവും,
അഴവൻകൊണ്ടഞ്ഞാഴി അരിയെടുത്തു
നീററിൽക്കഴുകിപ്പതംവരുത്തി,
പാലിൽക്കഴുകിപ്പതംവരുത്തി,
അരിയുമേ വേഗത്തിൽ അട്ടപ്പത്താക്കി,
അതിനൊരു കറിയുമൊരുക്കി പെണ്ണു്.

(വടക്കൻപാട്ടു്)

അഭ്യാസം

1. അയിലാളർ = അയൽക്കാർ
കാർക്കുന്തൽ = കറുത്ത മുടി
പടകാളിമററം = പരദേവതയായ പടകാളിയെ
പ്രതിഷ്ഠിച്ചിട്ടുള്ള മുററം
എരുദാഹക്കഞ്ഞി = കാലത്തു കുടിക്കാനുള്ള കഞ്ഞി.
മണ്ടകം = മണ്ഡപം
അഞ്ഞാഴി = അഞ്ചുനാഴി

2. 'ഉണ്ണിയാർച്ച' ഒരു പെണ്ണിന്റെ പേരാണു്. അതു സംജ്ഞാനാമമാണെന്നറിയാമല്ലോ. ഉണ്ണിയാർച്ച, മാധവി, നാണി—മുതലായവർക്കു്, പൊതുവേയുള്ള പേരാണു് 'പെണ്ണു്'. അതൊരു 'സാമാന്യനാമം' ആണു്. വ്യക്തികളുടെ കൂട്ടത്തിനു 'ജാതി' എന്നു പേർ. 'സാമാന്യം' എന്നും പറയും. അപ്പോൾ 'ജാതി' യെ കുറിക്കുന്നതു 'സാമാന്യനാമ' വും അതിലെ ഓരോ വ്യക്തിയെ കാണിക്കുന്നതു 'സംജ്ഞാനാമ' വും ആണെന്നു മനസ്സിലായല്ലോ.

3. അല്ലിമലർക്കാവിൽ കൂത്തു കാണാൻ പൊകുന്ന തിന്നുള്ള ഉണ്ണിയാച്ചിയുടെ ഒരുക്കം സ്വന്തം വാക്യങ്ങളിൽ വിവരിക്കുക.

4. ചേർത്തെഴുതുക :—

പൂങ്കോഴി + ചാത്തൻ. ചെന്നു + ഇറങ്ങി. കറിയും + ഒരുക്കി.

പാഠം 3

വിനോബാ ഭാവേ

ഭാരതീയരെ സ്വാതന്ത്ര്യത്തിലേയ്ക്കു നയിക്കുന്ന തിന്നുവേണ്ടി ആജീവനാന്തം പ്രയത്നിച്ച ഗാന്ധിജിയുടെ ശിഷ്യന്മാരിൽ പ്രധാനനാണ് ആചാര്യ വിനോബാ ഭാവേ. വെറും കാൽനടയായി ഭാരതമാകെ ചുററിസ്സഞ്ചരിച്ചുകൊണ്ടു സർവ്വോദയ തത്വങ്ങൾ പ്രസംഗിച്ചും, മുതലാളി വർഗ്ഗത്തിന് മനഃപരിവർത്തനംവരുത്തിയും പലരിൽനിന്നും ഭൂദാനം സ്വീകരിച്ചു പാവപ്പെട്ടവർക്ക് വീതിച്ചുകൊടുത്തും, ഹരിജനോദ്ധാരണത്തിന്നുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ് അദ്ദേഹം.

ഗാന്ധിജി 1940-ൽ വിനോബാജിയെ ഒരു ആദർശസത്യാഗ്രഹിയായി ആദ്യമായി തിരഞ്ഞെടുത്തു. കീർത്തിയെപ്പററി ശ്രദ്ധിക്കുന്ന സ്വഭാവം അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. "ആദർശസത്യഗ്രഹി" എന്ന ഉന്നതപദവി ലഭിച്ചിട്ടും വെറും നിസ്സംഗനായിട്ടാണ് അദ്ദേഹം കാണപ്പെട്ടതു്.

സംസ്കൃതമുൾപ്പെടെ പതിനെട്ടു ഭാഷകളോളം കൈകാര്യം ചെയ്യുവാൻ കഴിവുള്ള ഒരാളാണ് വിനോബാ ഭാവേ. എല്ലാ മതഗ്രന്ഥങ്ങളും കൂലങ്കഷമായി പഠിച്ചിട്ടുണ്ട് അദ്ദേഹം. പഠിച്ചപോലെ

പ്രവർത്തിക്കുക എന്നതു് അദ്ദേഹത്തെപ്പോലെ ആക്കും സാദ്ധ്യമല്ല. ഇപ്പോഴും ഒരു അദ്ധ്യേതാവാണ് വിനോബാജി. ഗ്രഹണശക്തിയും സ്മരണശക്തിയും

അദ്ദേഹത്തിൻെറ രണ്ടു വിശിഷ്ടഗുണങ്ങളത്രേ. ധമ്മത്തിൽനിന്നു് വ്യതിചലിക്കാത്ത ജീവിതം നയിക്കുന്ന അദ്ദേഹത്തിൻെറ പേരു് ഇന്നു പല രാജ്യങ്ങളിലും പ്രാതഃസ്മരണീയമായിത്തീന്നിരിക്കുന്നു.

വിനോബാ ഭാവേ 1895 സെപ്തമ്പർ 11-ാം തീയതി മഹാരാഷ്ട്രത്തിലെ പേൺ ജില്ലയിൽ ഗാഗോദ എന്ന ഗ്രാമത്തിൽ ജനിച്ചു. പിതാവു് നരഹരി ശംഭുറാവുവും മാതാവു് രുഗ്മിണിദേവിയുമായിരുന്നു. വിനായകനെന്നായിരുന്നു അദ്ദേഹത്തിൻെറ ആദ്യത്തെ പേർ. പ്രാഥമികവിദ്യാഭ്യാസകാലത്തു് വിനോബാ മുത്തച്ഛൻെറ കൂടെയാണു് താമസിച്ചിരുന്നതു്. 1902-ൽ പിതാവു് ബറോഡാസക്കാരിൻെറ ഉദ്യോഗം സ്വീകരിച്ചപ്പോൾ അദ്ദേഹവും അച്ഛൻെറ കൂടെപ്പോയി. മൂന്നാംക്ലാസ്സു മുതൽ ആറാം ക്ലാസ്സുവരെ അവിടെത്തന്നെയാണു് പഠിച്ചതു്. ആറാം ക്ലാസ്സിൽവച്ചു് അദ്ദേഹത്തിന്നു് സംസ്കൃതത്തിൽ 85 ശതമാനം മാക്കു് വാങ്ങുവാൻ കഴിഞ്ഞു. 1909-ൽ ഡ്രായിംഗ് പരീക്ഷയും, 1914-ൽ മട്രിക്കുലേഷൻ പരീക്ഷയും പാസ്സായതിന്നു ശേഷം, 1916 ൽ ഇൻറർമീഡിയററു പരീക്ഷക്കു വേണ്ടി അദ്ദേഹം ബോംബെക്കു പുറപ്പെട്ടു. എന്നാൽ ചില ചങ്ങാതികളുടെ നിർബ്ബന്ധം അദ്ദേഹത്തെ കാശിയിലേക്കു നയിച്ചു. ഹിമാലയത്തിൽ കുറച്ചുനാളെങ്കിലും തപസ്സു ചെയ്യണമെന്നായിരുന്നു വാസ്തവത്തിൽ വിനോബാ ഭാവേയുടെ ആഗ്രഹം. കാശിയിലെ ഒരു രാഷ്ട്രീയ വിദ്യാലയത്തിൽ രണ്ടു മണിക്കൂർ വീതം അദ്ദേഹം ചെലവഴിച്ചിരുന്നു. ആദ്ധ്യാത്മികമായ ചിന്തയാണു് അദ്ദേഹത്തെ അധികവും സ്വാധീനപ്പെടുത്തിയതു്. ചില കീത്തനങ്ങളുണ്ടാക്കി

ഗംഗാജലത്തിലൊഴക്കുക അദ്ദേഹത്തിൻെറ ഒരു പതിവായിരുന്നു. ഒരിക്കൽ ഗാന്ധിജി കാശിയിൽ ച്ചെന്നു് അഹിംസയെപ്പററി പ്രസംഗിച്ചപ്പോൾ ഭാവേയ്ക്കു് ആ തത്വങ്ങൾ ശരിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. ചോദ്യങ്ങൾക്കു മറുപടിയായി ഗാന്ധിജി അയച്ച നീണ്ട കത്തിനും സംശയങ്ങൾ തീക്കുവാൻ സാധിച്ചില്ല. മഹാത്മജിയുടെ നിർദ്ദേശമനുസരിച്ചു വിനോബാ സബർമതിയിലേയ്ക്കു പുറപ്പെട്ടു. അങ്ങനെയാണു് ഗാന്ധിജിയും ചരിത്രനായകനും തമ്മിൽ ആദ്യമായി പരിചയപ്പെട്ടതു്. അധികം താമസിയാതെ അദ്ദേഹം ഗാന്ധിജിയുടെ പ്രധാന ശിഷ്യനായിത്തീൻ. ഗാന്ധിജിയാണു് വിനായകനെന്നു പേരുമാററി വിനോബാ എന്നാക്കിയതു്.

ചെറുപ്പം മുതല്ക്കുതന്നെ അദ്ദേഹം ഒരു വിരക്തമനസ്കനായിരുന്നു. അമ്മ തനിക്കുവേണ്ടി ഒരു വിവാഹാലോചന നടത്തിയപ്പോൾ സ്ഥിരചിത്തതയോടെ അതിനു വിസമ്മതിക്കുകയാണു് അദ്ദേഹം ചെയ്തതു്.

1914-ൽ ബറോഡയിൽ വിനോബാ ഒരു വിദ്യാത്ഥിമണ്ഡലം സ്ഥാപിക്കുകയുണ്ടായി. കുറച്ചു കാലം അതിൻെറ കായ്യദശിയായി അദ്ദേഹം ഉത്സാഹപൂവ്വം പ്രവത്തിച്ചു. അദ്ദേഹത്തിനു് സബർമതിയിലേയ്ക്കു് പോകേണ്ടതായി വന്നപ്പോൾ വിദ്യാത്ഥിമണ്ഡലത്തിൻെറ ഗ്രന്ഥാലയവും അങ്ങോട്ടു മാററി.

ദേഹാദ്ധ്വാനം അദ്ദേഹത്തിൻെറ ഒരു വ്രതമായിരുന്നു. നാലഞ്ച്യ മണിക്കൂറോളം ചെടികൾക്കു് വെള്ളമൊഴിക്കുക അദ്ദേഹത്തിൻെറ പതിവായിരുന്നു. വിനോബാജിക്കു് കക്കൂസ്സ് വൃത്തിയാക്കുന്നതിനു പോലും മടിയുണ്ടായിരുന്നില്ല. കുറച്ചുകാലം അദ്ദേഹം

ആശ്രമത്തോടനുബന്ധിച്ചുള്ള ഗുജറാത്തി വിദ്യാപീഠത്തിലെ ഒരു അദ്ധ്യാപകനായിരുന്നു. 1917-ൻെറ അവസാനത്തിൽ ഒരു കൊല്ലത്തോളം അവധിയെടുത്തു വിനോബാജി പല സ്ഥലത്തും ചുററി സഞ്ചരിച്ചു. പല നേതാക്കളേയും കണ്ടു് ഉപദേശങ്ങൾ സ്വീകരിച്ചും ഗീത, ഉപനിഷത്തു് മുതലായ ഗ്രന്ഥങ്ങൾ പഠിച്ചും അദ്ദേഹം ആ കൊല്ലം കഴിച്ചുകൂട്ടി. വാർദ്ധയിൽ സത്യഗ്രഹാശ്രമം സ്ഥാപിച്ചപ്പോൾ ഗാന്ധിജി അദ്ദേഹത്തെ അവിടത്തെ വ്യവസ്ഥാപകനായി അങ്ങോട്ടയച്ചു. എട്ടുകൊല്ലത്തോളം അദ്ദേഹം വാർദ്ധയിലെ ആശ്രമത്തിൻെറ ഉന്നതിക്കുവേണ്ടി പ്രവത്തിച്ചു. 1934-ൽ വിനോബാജി "ഗ്രാമസേവാമണ്ഡലം" സ്ഥാപിച്ചു. ആ സ്ഥാപനം ഇന്നും വാർദ്ധാ നഗരത്തിൻെറ ജീവനാഡിയായി വത്തിക്കുന്നു.

ചരിത്രനായകൻ അമൂല്യങ്ങളായ പല ഗ്രന്ഥങ്ങളും എഴുതിയിട്ടുണ്ടു്. ഗീതാപ്രവചനം, വിചാരബോധി, ഉപനിഷൽപരിശീലനം, സ്വരാജ്യശാസ്ത്രം തുടങ്ങിയവ അവയിലുൾപ്പെട്ടും. ഖാദി ശാസ്ത്രത്തിൽ വിനോബാജിക്കു് അപാരമായ പാണ്ഡിത്യമാണുള്ളതു്.

ഭാരതത്തിൻെറ ഭാവിസൗഭാഗ്യത്തിനുവേണ്ടി ഇന്നു സ്വീകരിച്ചിട്ടുള്ള പഞ്ചവത്സരപദ്ധതികളുടെ പ്രണേതാക്കളും മററു തന്ത്രജ്ഞന്മാരും മാത്രമല്ല, ജവഹർലാൽ നെഹ്റുപോലും വിനോബാജിയോടു പല കാര്യങ്ങളെക്കുറിച്ചും ആലോചിക്കുക സാധാരണമാണു്. വിനോബാജിയുടെ വ്യക്തിവൈശിഷ്ട്യത്തിനും മാഹാത്മ്യത്തിനും ഇതു് ഒരു നല്ല തെളിവാണല്ലോ.

അഭ്യാസം

1. ഗാന്ധിജി, വിനോബാ ഭാവേ, ജവഹർലാൽ നെഹ്റു, വിദ്യാർത്ഥികൾ, മനുഷ്യർ—ഇവയിൽ നിന്നു സംജ്ഞാനാമങ്ങളും സാമാന്യനാമങ്ങളും എടുത്തെഴുതുക.

2. മനുഷ്യരെമാത്രം സംബന്ധിച്ചുള്ളതല്ല, ജാതി എന്നും വ്യക്തി എന്നും ഉള്ള പിരിവ്. വൃക്ഷങ്ങൾ, മൃഗങ്ങൾ, നദികൾ, പർവ്വതങ്ങൾ, പട്ടണങ്ങൾ മുതലായ പല പദാർത്ഥങ്ങളെക്കുറിച്ചും ഈ വിഭജനം ആകാം. ഗംഗ, ഹിമവാൻ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് — ഇവയെല്ലാം സംജ്ഞാനാമങ്ങളാണ്. നദികൾ മുതലായവ സമാന്യനാമങ്ങളും.

3. ഈ പാഠത്തിലെ ആദ്യഖണ്ഡികയിലുള്ള സംജ്ഞാനാമങ്ങളും സാമാന്യനാമങ്ങളും എടുത്തെഴുതുക.
4. വിനോബാ ഭാവയുടെ ജീവചരിത്രം ചുരുക്കി എഴുതുക

5. വിനോബാ ഭാവേയെപ്പോലെ മഹാന്മാരായ മൂന്നു ഇന്ത്യക്കാരെക്കുറിച്ച് ഓരോ ഖണ്ഡിക എഴുതുക.

പാഠം 4

മാതൃഹൃദയം

എന്മകനെന്തുപോൽ വാരാഞ്ഞു തോഴീ! ചൊ-
ല്ലിന്നലെയിന്നേരം വന്നാനല്ലോ ;
കാലികൾ കാണാഞ്ഞു കാട്ടിൽ നടക്കുമ്പോൾ
കാൽതററിൽ മുള്ളു തറച്ചില്ലല്ലീ ?

കായ്കളെക്കൊള്ളുവാൻ പാഴ്മരമേറീട്ടു
കാനനം തന്നിലേ വീണാനോതാൻ ?
ചാലേ തട്ടത്തു തെളിക്കുന്ന നേരത്തു
കാലികൾ കുത്തിക്കുതിന്നില്ലല്ലീ ?

കാനനം തന്നിലേ നൽവഴി കാണാഞ്ഞു
ദീനനായ് നിന്നങ്ങുഴന്നാനോതാൻ ?
സഞ്ചരിച്ചീട്ടമ്പോൾ വമ്പുലി തന്നാലേ
വഞ്ചിതനായാനോ ചൊല്ലു തോഴീ !

പിള്ളരുമായിപ്പിടിച്ചു കളിക്കുമ്പോൾ
അല്ലലായ് വീണുകിടന്നാനോതാൻ ?
ചോറെല്ലാമാറിച്ചമഞ്ഞു തുടങ്ങുന്നു
നീറുന്നിതുള്ളവും പിന്നെപ്പിന്നെ.

മക്കളെപ്പെററുള്ളോരമ്മമാരാക്കുമേ-
യുൾക്കാമ്പിൽ വേദനയെന്നിയില്ലേ ;
വായ്പ്പോട്ടനിന്നോരു കണ്ണനെ നണ്ണി ഞാൻ
രാപ്പകൽ വേവുമാറായിതല്ലോ.

കാലിക്കഴുത്തിലെ നന്മണിയൊച്ചയും
ചാരത്തു കേൾക്കായിതില്ലയൊന്നും.

കൃഷ്ണഗാഥ] [ചെറുശ്ശേരി

അഭ്യാസം

1. വാരാഞ്ഞു = വരാഞ്ഞു
വഞ്ചിതൻ = വഞ്ചിക്കപ്പെട്ടവൻ
അല്ലൽ = ദുഃഖം
വായ്പ് = അഭിവൃദ്ധി
നണ്ണി = വിചാരിച്ച്
ചാലെ = നല്ലപോലെ

2. ചേർത്തെഴുതുക :—
നൽ + മണി, രാ + പകൽ, വൻ + പുലി,
ഇന്നലെ + ഇന്നേരം

3. മകൻ, കാലികൾ, കാനനം, പുലി, കണ്ണൻ— ഇവ ഏതേതു് നാമത്തിൽപ്പെടുന്നുവെന്നു് കുറിക്കുക.

4. 'പകൽ' എന്ന പദം ഏതു നാമമാണു്? അതു് വ്യക്തിയുടേയോ ജാതിയുടേയോ പേരല്ല. ജാതിവ്യക്തിഭേദമില്ലാത്ത ഒരു വസ്തുവാണതു്. അതിനു് 'മേയനാമം' എന്നു പേർ. മണ്ണു്, വെള്ളം, എണ്ണ, ഇരുട്ടു് മുതലായവയും മേയനാമങ്ങളാണു്. സംജ്ഞാനാമം, സാമാന്യനാമം, മേയനാമം ഇവ ഓരോ പദാർത്ഥത്തിൻെറ പേരുകളാകയാൽ 'ദ്രവ്യനാമ'ത്തിൻെറ പിരിവുകളാണു്.

5. "അല്ലലായ്‌വീണു കിടന്നാനാതാൻ" — എന്ന വാക്യത്തിലെ 'അല്ലൽ' വ്യക്തിയോ ജാതിയോ രണ്ടുമല്ലാത്ത പദാർത്ഥമോ അല്ല. അതൊരു ഗുണത്തിൻെറ പേരാകയാൽ 'ഗുണനാമ'മാകുന്നു. സുഖം, ദുഃഖം, ശൌര്യം, വെളുപ്പു് മുതലായവ ഗുണനാമങ്ങളാണു്.

6. കണ്ണനെ കാണാഞ്ഞു് അമ്മയ്ക്കുണ്ടായ സങ്കടം സ്വവാക്യങ്ങളിൽ വിവരിക്കുക.

പാഠം 5

പൂരക്കളി

ചുണ്ടു നിറയെ പുഞ്ചിരിയും, കരളിൽ മുഴവൻ ആനന്ദവും, ഞരമ്പുകളിലെല്ലാം ദേശാഭിമാനത്തിൻെറ ചുട്ടചോരയും തുളുമ്പിയിരുന്ന ഒരു കാലം കേരളീയക്കുണ്ടായിരുന്നു. വിനോദങ്ങൾ നിറഞ്ഞ ആ കാലം പോയിമറഞ്ഞു. അന്നത്തെ വിനോദങ്ങളിൽ പലതും ഇന്നില്ല. ഉള്ളതിലൊന്നത്രേ ഉത്തരകേരളത്തിലെ പൂരക്കളി.

കളരിപ്പയററിൻെറ നാടാണല്ലോ ഉത്തരകേരളം. കാലദേശാവസ്ഥകൾക്കനുസരിച്ച്, കളികളും ശരീരാഭ്യാസങ്ങളും ചിട്ടപ്പെടുത്തിയ അന്നാട്ടുകാരുടെ വിരുത് പൂരക്കളിയിലും വേണ്ടത്ര പ്രതിഫലിച്ചുകാണാം. "ചാടികെട്ടിച്ചവിട്ടി, കൊട്ടിച്ചവിട്ടി, എടുത്തു വലത്തേതു്, ഇടത്തേതു്, തിരിഞ്ഞു ചാടിവലിഞ്ഞമന്ന്" എന്നീ വായ്ത്താരികളിലൂടെ മെയ്യഭ്യാസം കഴിച്ച് പുറത്തേക്കു കടക്കുന്ന ആശാന്മാർതന്നെയാണ് പൂരക്കളിയുടേയും ആവിഷ്കർത്താക്കൾ. കോല്ക്കളി, വട്ടക്കളി, പൂരക്കളി എന്നിവയ്ക്കെല്ലാം പ്രത്യേകം താളവും ചുവടുമുണ്ട്. നേരിയ തകരാറു മതി, കളിയാകെ അലങ്കോലപ്പെടാൻ. ഏകാഗ്രമായ കണ്ണും കരളും ഇവയ്ക്കു് ആവശ്യമാണ്. ഉത്തരകേരളത്തിൽത്തന്നെ ചിറയ്ക്കൽ താലൂക്കിലാണ് പൂരക്കളിക്കു പ്രാധാന്യം കാണുന്നതു്. ആദ്യകാലത്തു് തീയരും പില്കാലത്തു് ചാലിയർ, ആശാരിമാർ, കമ്മാളർ തുടങ്ങിയ ജാതിക്കാരും ഈ കളിയിൽ പങ്കെടുത്തുപോന്നു. സവർണ്ണരെന്നഭിമാനി

ക്കുന്നവർ പൂരക്കളിക്കു് ഒട്ടൊക്കെ അശുദ്ധി കല്പി ക്കാൻ ഇതായിരിക്കാം കാരണം.

സാധാരണയായി ഭഗവതീക്ഷേത്രങ്ങളിലത്രേ പൂരക്കളി കളിക്കാറുള്ളതു്. വിശേഷിച്ചും മീന മാസത്തിലെ കാർത്തിക മുതൽ പൂരം അവസാനിക്കു ന്നതുവരെ. പയററിലെന്നപോലെതന്നെ, കളരി കെട്ടി, വിദഗ്ധനായ ഒരാശാൻെറ കീഴിൽ ഈ കളി യിലും പരിശീലനം നേടുന്നു. ആശാനെ പണിക്ക രെന്നാണു് വിളിക്കുന്നതു്. നാടുവാഴികളിൽനിന്നു പട്ടും വളയും വാങ്ങാൻ കഴിഞ്ഞാലേ പണിക്കരുടെ മിടുക്കു് സർവ്വസമ്മതമായി അംഗീകരിക്കപ്പെട്ടിരു ന്നുള്ളു.

കാമദഹനത്തിനുശേഷമുള്ള സംഭവങ്ങളാണു് പൂരക്കളിപ്പാട്ടിലെ പ്രതിപാദ്യം. ശ്രീകൃഷ്ണനു രുഗ്മി ണിയിലുണ്ടായ പ്രദ്യുമ്നൻ കാമൻെറ അവതാര മാണെന്നു പറയാറുണ്ടല്ലോ. ശിവൻെറ അനുഗ്രഹം കൊണ്ടാണു് അങ്ങനെ സംഭവിച്ചതെന്നു് പൂരക്കളി പ്പാട്ടിൽ കാണുന്നു. ബാലനായ പ്രദ്യുമ്നൻ വളന്നു വളന്നു് രതിയുടെ കാന്തനായിത്തീന്നു. അവരിരുവ രെയും ബഹുമാനിക്കാൻവേണ്ടി ദ്വാരകാവാസികൾ നടത്തിയ ആഘോഷമത്രേ പൂരം. അന്നു് അവർ കളിച്ച കളി ഇന്നും ഭക്തിയോടെ കളിച്ചുവരുന്നുവെ ന്നാണു് സങ്കല്പം. കത്തിച്ചുവച്ച നിലവിളക്കിൻെറ ചുററും നിന്നുകൊണ്ടാണു് പൂരം കളിക്കുന്നതു്. പല തരത്തിലുള്ള ചുവടുകളും താളങ്ങളുമൊത്ത പൂരക്കളി പ്പാട്ടിൽ ആകെ പതിനെട്ടു രംഗങ്ങളാണുള്ളതു്. രംഗത്തിനു "നിറം" എന്നാണു് പേരു്. ഓരോ ചുവടിനും വ്യവസ്ഥ വെറെവേറെയാണു്.

"തത്താ തരികിട തിത്ത തൈ തൈ
തെയ്തില്ല, തെയ്തില്ല, തെയ്തില്ല തൈ തൈ"

എന്നിങ്ങനെയുള്ള താളങ്ങൾ രസകരമായിത്തോന്നും.

ഗണപതി, ശ്രീകൃഷ്ണൻ തുടങ്ങിയ ദേവന്മാരെ വന്ദിച്ചുകൊണ്ടു പാട്ടു തുടങ്ങുന്നു. ഈ പാട്ടുകൾ രചിച്ചതു് ആരാണെന്നൊന്നും അറിഞ്ഞുകൂടാ.

"ശ്രീഗണപതി, കവിമകൾ, ശ്രീകൃഷ്ണൻ, സ്തുതി
ശ്രീകരമൊട്ടു ചെയ്തുധുനാ പിന്നെ"

എന്ന വന്ദനം പദങ്ങളിൽ കാണുന്നു. തമിഴിൻെറ കലപ്പ്ു് ചില പാട്ടുകളിൽ ധാരാളമുണ്ടു്. അക്ഷര ത്തെററുകൾക്കും പഞ്ഞമില്ല.

പൂരക്കളിയിൽ രസകരമായി മറെറാന്നുകൂടി യുണ്ടു്. സ്ഥാനമാനങ്ങളെച്ചൊല്ലി കലഹിച്ചിരുന്ന കുറെയാളുകൾ തങ്ങളുടെ യോഗ്യത വകവച്ചുകിട്ടാൻ വേണ്ടി ഈ കളി നടത്തിയിരുന്നുപോലും. 'മത്സര ക്കളി' യെന്നാണു് അപ്പോൾ അതിൻെറ പേരു്. വാമൊഴിയിൽ 'മറത്തുകളി' യെന്നും. രണ്ടു വിളക്കു വച്ചു് രണ്ടിടത്തും ഓരോ സംഘം നിന്നു കളിക്കുന്ന ഈ കളി കാണാൻ ജനങ്ങൾ തിങ്ങിക്കൂട്ടും. പര സ്പരം തക്കുത്തരങ്ങൾ പറഞ്ഞു് പണിക്കർമാർ കല ഹിക്കുന്നതു കാണാൻ രസമുണ്ടു്. ചോദ്യങ്ങൾ ഇന്നതിനെപ്പററിയെന്നില്ല. ചിലപ്പോൾ വ്യാക രണം, വേദാന്തം, പുരാണം, ഇങ്ങനെ പലതിനെ കുറിച്ചും ആകാറുണ്ടു്.

"കേരളം പണ്ടു പടച്ച നാളിങ്ങു
കേരമുണ്ടായിരുന്നോ?
കേരമുണ്ടായതിൻമുമ്പീ രാജ്യത്തിൻ
പേരെന്തു ചൊൽക വേഗം"

എന്നു തുടങ്ങുന്ന ചോദ്യങ്ങൾ രസകരമാണല്ലോ.

വിനോദത്തോടൊപ്പം വ്യായാമവും പൂരക്കളി നൽകുന്നുണ്ട്. "അങ്കം" എന്നൊരു പ്രത്യേക രംഗം ഇതിൽ കാണാം. വ്യായാമത്തിനു പുറമെ, യുദ്ധരംഗത്തിലേയ്ക്കുള്ള ഒരുക്കംകൂട്ടലായിട്ടുകൂടി ഇതിനെ വ്യാഖ്യാനിക്കുന്നതിൽ തെററില്ലെന്നു തോന്നുന്നു.

പൂരക്കളിപ്പാട്ടുകളിലെ ഭാഷയുടെ ശുദ്ധിയേയോ സാഹിത്യത്തിൻെറ ഭംഗിയേയോ കുറിച്ചു ഇതേവരെ പറയത്തക്ക ചർച്ചകളൊന്നും നടന്നിട്ടില്ല. ആ വിഷയത്തിൽ കേരളീയരുടെ ശ്രദ്ധപതിയേണ്ടതു് ആവശ്യംതന്നെ. നമ്മുടെ ഭാഷയ്ക്കു് പല ഘട്ടങ്ങളിലായി വന്നുചേൎന്നിട്ടുള്ള മാററങ്ങൾ മനസ്സിലാക്കാൻ ഇത്തരം പഠനം ഉപകരിക്കും. നമ്മുടെ സാമുദായികാചാരങ്ങൾ, രാജ്യത്തിൻെറ പണ്ടത്തെ സ്ഥിതിഗതികൾ തുടങ്ങിയ പല വിഷയങ്ങളും ഇതുപോലുള്ള വിനോദങ്ങളിൽനിന്നും ഗാനങ്ങളിൽനിന്നും ഗ്രഹിക്കാൻ കഴിയുമെന്നതും നിസ്സംശയമാണു്.

അഭ്യാസം

1. പൂരക്കളി, വിനോദങ്ങൾ, കവിമകൾ, ശ്രീകൃഷ്ണൻ, ശ്രദ്ധ—ഇവ ഏതു നാമങ്ങളാണു്.
2. 'അവർ കളിച്ച കളി' എന്നതിലെ 'കളി' സംജ്ഞാനാമമോ സാമാന്യനാമമോ മേയനാമമോ ഗുണനാമമോ അല്ല. കളിക്കുക എന്ന ക്രിയയിൽനിന്നുണ്ടായ നാമമാണു്. അതു് 'ക്രിയാനാമ'മാകുന്നു. കുളി, ഓട്ടം, ചാട്ടം, തീണ്ടൽ മുതലായവയും ഈ വകുപ്പിൽപ്പെടുന്നു. ഇവ ഏതെല്ലാം ക്രിയകളിൽനിന്നാണു് ഉണ്ടായതെന്നു പറയുക.

3. "പ്രദ്യുമ്നൻ രതിയുടെ കാന്തനായിത്തീൻ. അവരെ ബഹുമാനിക്കാൻ ദ്വാരകാവാസികൾ നടത്തിയ ആഘോഷമത്രേ പൂരം"—രണ്ടാമത്തെ വാക്യത്തിലെ 'അവരെ' ആക്ക് പകരം നില്ക്കുന്നു ? പ്രദ്യുമ്നനും രതിക്കുമല്ലെ? ഇങ്ങനെ ഒരു നാമത്തിനു പകരം നില്ക്കുന്ന നാമത്തിനു 'സവ്വനാമം' എന്നു പേർ. അവൻ, ഇവൻ, അവൾ, ഇവൾ, അതു്, ഇതു്, ഞാൻ, നീ മുതലായവയും സവ്വനാമങ്ങളാണു്.

4. 'കാമദഹനം' കഥ ചുരുക്കി എഴുതുക.

5. പൂരക്കളിയുടെ ചടങ്ങുകൾ എന്തെല്ലാം ?

പാഠം 6

മാമാങ്കം

ഭാരതപ്പുഴയിലെ തിരുനാവായ മണൽപ്പുറത്തു വച്ചു് പന്ത്രണ്ടുകൊല്ലം കൂടുമ്പോൾ നടത്തിവന്നിരുന്ന ഒരു മഹോത്സവമാണു് മാമാങ്കം. മാഘമാസത്തിലെ മകം നക്ഷത്രത്തിൻനാൾ ഈ ആഘോഷം കൊണ്ടാടിവന്നിരുന്നതിനാലാണു് "മാഘ മകം" എന്നു പേർ സിദ്ധിച്ചതു്. കാലപ്പഴക്കത്തിൽ 'മാഘ മകം' 'മാമാങ്കം' ആയിത്തീൻവത്രേ. മകരമാസത്തിലെ കറുത്തവാവു മുതൽ കുംഭമാസത്തിലെ കറുത്ത വാവുവരെ ഉള്ള കാലമാണു് മാഘമാസം. അതിനിടയിൽ വരുന്ന മകം നക്ഷത്രം 'മാഘ മകം' ആണല്ലോ.

കേരളം പണ്ടു് തളിയാതിരിമാരാണു് ഭരിച്ചിരുന്നതു്. അക്കാലത്തു് കേരളത്തെ അറുപത്തിനാലു ഗ്രാമങ്ങളായി വിഭജിച്ചിരുന്നു. നാലു് തളികളാക്കി സംഘടിപ്പിച്ചാണു് ഈ ഗ്രാമങ്ങളുടെ ഭരണഭാരം നിവ്വഹിച്ചിരുന്നതു്. ഓരോ തളിയും ഭരിക്കുന്നതിനു് ഓരോ രക്ഷാപുരുഷനെ ജനങ്ങൾ തിരഞ്ഞെടുത്തു പോന്നു. ക്രമേണ രക്ഷാപുരുഷന്മാരായ തളിയാതിരിമാർ തമ്മിൽ അധികാരമത്സരങ്ങളും കക്ഷിവഴക്കുകളും തുടങ്ങി. ഇക്കാരണത്താൽ ജനങ്ങൾ ആ ഭരണത്തെ വെറുത്തു. അപ്പോൾ പ്രമുഖന്മാരായ പൗരന്മാർ ഒത്തൊരുമിച്ചു് തിരുനാവായ മണൽപ്പുറത്തു് ഒരു മഹാസഭ കൂട്ടുകയും കേരളത്തിൻെറ ഭരണം പുറമേ നിന്നു് ക്ഷണിച്ചുവരുത്തപ്പെട്ട ഒരു വ്യക്തിയിൽ സമപ്പിക്കണമെന്നു് നിശ്ചയിക്കുകയും ചെയ്തു. ആ സ്ഥാനത്തേയ്ക്കു് അവരോധിക്കപ്പെട്ടിരുന്നവരെ പെരുമാക്കന്മാർ എന്നു് വിളിച്ചുവന്നു. ഒരു പെരുമാളുടെ ഭരണം പന്ത്രണ്ടു വഷക്കാലത്തേക്കുമാത്രമായിരുന്നു. അങ്ങനെ പന്തീരാണ്ടു കഴിയുമ്പോൾ ആ പെരുമാളെ സ്ഥാനത്തുനിന്നു നീക്കുകയും പുതിയതായി ഒരാളെ ആ സ്ഥാനത്തു് അവരോധിക്കുകയും ഒരു പതിവായിത്തീൎന്നു. ഒരു വ്യാഴവട്ടം കൂടുമ്പോൾ നടത്തിവന്നിരുന്ന ഈ കമ്മത്തിൽ നാനാ ജാതിമതസ്ഥരായ പലരും പങ്കെടുക്കുക പതിവായിരുന്നു. വളരെ അധികം ആളുകൾക്കു് ഒരുമിച്ചുകൂടുവാൻ പററിയ ഒരു മണൽപ്പുറമായിരുന്നു ഭാരതപ്പുഴയുടെ അരികിൽ വത്തിച്ചിരുന്ന തിരുനാവായ. തീയതിക്കു പകരം നാളിനു് പ്രാധാന്യമുണ്ടായിരുന്ന അക്കാലത്തു് മാഘമാസത്തിലെ മകം ആണു് ഈ മഹായോഗത്തിനു വേണ്ടി തിരഞ്ഞെടുക്കപ്പെട്ടതു്.

ഈ ആഘോഷം അക്കാലത്തെ ഒരു ജനകീയോത്സവമായിരുന്നു. ഇരുപത്തിഎട്ടുദിവസംകൊണ്ടേ മാമാങ്കത്തിൻെറ ചടങ്ങുകൾ തീന്നിരുന്നുള്ളു. ഇതോടൊപ്പം അനവധി ക്ഷേത്രങ്ങളിൽനിന്നു് ദേവന്മാരെ എഴുന്നള്ളിച്ചുകൊണ്ടുവരികയും പതിവാണു്. പല തരത്തിലുള്ള വിനോദങ്ങൾക്കും വ്യാപാരങ്ങൾക്കും തിരുനാവായയിൽ സ്ഥാനം കിട്ടി. ഒരു വലിയ ശാസ്ത്രസദസ്സും അവിടെ നടത്താറുണ്ടായിരുന്നു. പല സ്ഥലങ്ങളിൽനിന്നും ശാസ്ത്രജ്ഞന്മാർവന്നു് അവരുടെ പാണ്ഡിത്യം ആ സഭയിൽ പ്രകടിപ്പിച്ചുപോന്നു.

മാമാങ്കത്തിനു് പെരുമാക്കന്മാർ സ്ഥാനാരോഹണം ചെയ്യുനില്ക്കുന്നതിനു് 'നിലപാടു നില്ക്കുക' എന്നാണു് പേർ. 'നിലപാടു' നില്ക്കുന്ന സ്ഥലത്തിന്നു് 'നിലപാട്ടുതറ' എന്നും പേരുണ്ടായി. സ്ഥാനാരോഹണത്തിനുമുമ്പു് ജനങ്ങളിൽ ആക്കെങ്കിലും എന്തെങ്കിലും സങ്കടമുണ്ടെങ്കിൽ അതു പരിഹരിച്ചുകൊടുക്കുകയോ പരിഹരിക്കാമെന്നു് വാഗ്ദാനം ചെയ്യുകയോ വേണമെന്നായിരുന്നു നിശ്ചയം. അതിനു് 'അഭീഷ്ടദാനം' എന്നാണു് സംജ്ഞ.

വളരെക്കാലം ഇത്തരത്തിൽ പെരുമാക്കന്മാരെ അവരോധിക്കുക എന്ന പതിവു് നടന്നുപോന്നു. കാലക്രമത്തിൽ ഭരണത്തിൽ ജനങ്ങൾക്കുണ്ടായിരുന്ന സ്വാതന്ത്ര്യം കുറഞ്ഞുവരികയും പെരുമാക്കന്മാരുടെ അധികാരവും ശക്തിയും കേരളത്തിൽ വേരുറയ്ക്കുകയും ചെയ്തു. ഒടുവിലത്തെ പെരുമാളായ ഭാസ്കരരവിവമ്മൻ കേരളത്തിൽ മൂന്നു പന്തീരാണ്ടുകാലം ഭരണം നടത്തി. ആ പെരുമാൾ കേരളത്തെ പല ഖണ്ഡങ്ങളായി ഭാഗിച്ചു്, തൻെറ മരുമക്കൾക്കും മററു രാജ

കുടുംബങ്ങൾക്കുമായി അധികാരം വിട്ടുകൊടുത്തു. പെരുമാൾഭരണം അങ്ങനെ അവസാനിച്ചു.

അന്ന് തിരുനാവായ വെള്ളാട്ടുകര രാജാവിന്റെ കൈവശമായിരുന്നു. പെരുമാക്കന്മാരെ അവരോധിക്കുന്ന പതിവ് എന്നെന്നേയ്ക്കുമായി നിലച്ചുവെങ്കിലും മാമൂലിനു പ്രാധാന്യം ലഭിച്ചു. വെള്ളാട്ടുകര രാജാവും തിരുനാവായയിൽ എഴുന്നള്ളി മാമാങ്കമഹോത്സവം കൊണ്ടാടുക പതിവായി. ഒരിക്കൽ ആ രാജാവും സാമൂതിരിയും തമ്മിൽ മത്സരിക്കുവാൻ ഇടവരുകയും നിലപാട്ടുതറ സാമൂതിരിപ്പാടിന്റെ അധീനത്തിലായിത്തീരുകയും ചെയ്തു. പിന്നീട് മാമാങ്കം സാമൂതിരിമാരുടെ അദ്ധ്യക്ഷതയിലാണ് നടന്നുവന്നത്.

ഒരു ജനകീയഭരണത്തിന്റെ സമ്പ്രദായം ആണല്ലോ പഴയ മാമാങ്കത്തിൽ പ്രത്യക്ഷപ്പെടുന്നത്. ഇന്നത്തെ ജനകീയഭരണത്തിനും എത്രയോ മുമ്പു തന്നെ കേരളത്തിൽ ഒരു ജനകീയഭരണസമ്പ്രദായം നിലവിലുണ്ടായിരുന്നു എന്നാലോചിക്കുമ്പോൾ മാമാങ്കത്തിന്റെ പ്രാധാന്യം നമുക്കു മനസ്സിലാക്കാം. ഇപ്പോൾ മാമാങ്കം ഒരാഘോഷമല്ല ; ഒരു ഐതിഹ്യം മാത്രമാണ്.

അഭ്യാസം

1. പാഠത്തിലെ ഒന്നാം ഖണ്ഡികയിൽനിന്നു ദ്രവ്യനാമങ്ങളും സർവ്വനാമങ്ങളും എടുത്തെഴുതുക.
2. "തളിയാതിരിമാർ കേരളം ഭരിച്ചിരുന്നു" എന്ന വാക്യത്തിൽ ആദ്യത്തെ രണ്ടു പദങ്ങളെപ്പോലെയല്ല, അവസാനത്തെ പദം. ആദ്യത്തേവ വസ്തുക്കളുടെ പേരുകളാണ്. അവസാനത്തേതോ?

അതൊരു പ്രവൃത്തിയെയാണ് കുറിക്കുന്നതു്. ഒരു ക്രിയയാകുന്ന അതു്.

3. പാഠത്തിലെ അവസാനഖണ്ഡികയിൽനിന്നു് ക്രിയാപദങ്ങൾ എടുത്തെഴുതുക.

4. 'മാമാങ്കം' എന്ന പേരിന്റെ അർത്ഥമെന്തു്?

5. പെരുമാളവരോധത്തിന് ഇടയാക്കിയ കാരണമെന്തു്?

6. അഭീഷ്ടദാനം, നിലപാട്ടുതറ—ഇവയെപ്പററി ഓരോ ഖണ്ഡിക എഴുതുക.

പാഠം 7

വൃഥാപവാദം

അച്യുതനെക്കാണുന്നതുനേരം
കൊച്ചുകളോടിയൊളിച്ചുതുടങ്ങീ;

അണയത്തങ്ങു വിളിക്കുംനേരം
മണിയുംപൊത്തിപ്പാഞ്ഞുതുടങ്ങീ;

കയ്യേച്ചെന്നു പിടിക്കുംനേരം
'അയ്യോ' എന്നു കരഞ്ഞുതുടങ്ങീ;

തിന്മാനായിട്ടടയും പഴവും
സമ്മാനിപ്പാൻ തുനിയും നേരം

"അമ്മ കലമ്പും മേടിച്ചാലെ"-
ന്നക്കുഞ്ഞുങ്ങൾ പറഞ്ഞുതുടങ്ങീ.

" എന്തിഹ നമ്മെശ്ശങ്കിപ്പാനൊരു
ബന്ധ "മിതെന്നരുൾ ചെയ്യുന്നേരം

" പ്രസേനനെത്താൻ കൊല ചെയ്തില്ലേ ?
സ്യമന്തകം മണി മോഷ്ടിച്ചില്ലേ ?

ഞങ്ങടെ മണിയും മോതിരമെല്ലാ-
മങ്ങു പറിപ്പാൻ കുട്ടകയില്ല.

അച്ഛനുമമ്മയുമൊന്നു പറഞ്ഞു
' അച്യുതനരികെച്ചെല്ലുന്നാകിൽ

തച്ചുപറിക്കും കോപ്പുകളെല്ലാം
കൊച്ചുകളറിയണ 'മെന്നീവണ്ണം.

' മണിപോയാലതുമുണ്ടാക്കീടാം
തുണിപോയാലതുമുണ്ടാക്കീടാം

പ്രാണൻപോയാലുണ്ണികളേ ! പുന
രുണ്ടാകില്ലെ 'ന്നമ്മ പറഞ്ഞു.

പണ്ടേതന്നേ പാലും തൈരും
വെണ്ണയുമെല്ലാം കക്കുംപോൽ നീ.

എന്നീവണ്ണം പലരും പലവക
നിന്നെക്കൊണ്ടു ദൂഷിച്ചീടുന്നു. "

ഇത്തരമെല്ലാം ബാലന്മാരുടെ
വാക്കുകൾ കേട്ടൊരുനേരം കൃഷ്ണൻ

ചിത്തംകൊണ്ടു വിചാരിച്ചരുളീ
" സത്രാജിത്തിൻ കപടമിതെല്ലാം. "

സ്യമന്തകം തുള്ളൽ] [കുഞ്ചൻ നമ്പ്യാർ

അഭ്യാസം

1. അച്യുതൻ = ശ്രീകൃഷ്ണൻ. അണയത്ത് = സമീപത്ത്. മണി = രത്നം. കോപ്പുകൾ = ആഭരണങ്ങൾ. വൃഥാപവാദം = വെറുതെയുള്ള അപവാദം. ചിത്തം = മനസ്സ്. കപടം = കളവ്.

2. പാഠത്തിലെ ആദ്യത്തെ നാലു വരിയിലുള്ള നാമങ്ങളും ക്രിയകളും എടുത്തെഴുതുക.

3. പ്രസേനൻ, അച്യുതൻ, ഉണ്ണികൾ, അതു്, പ്രാണൻ, കൊല, പാൽ, തുണി—ഇവ ഏതേതു നാമവിഭാഗങ്ങളിൽപ്പെടുന്നു?

4. കൃഷ്ണൻ സ്യമന്തകം മോഷ്ടിച്ചു. അച്യുതൻ വെണ്ണ കക്കും. പലരും പലവക പറയുന്നു—ഈ മൂന്നു വാക്യങ്ങളിലേയും ക്രിയ ഒരുപോലെയാണോ? അല്ല. 'പറയുന്നു' എന്ന പദം നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തിയെ കുറിക്കുന്നു. 'മോഷ്ടിച്ചു' എന്നതു കഴിഞ്ഞ കാര്യമാണു് സൂചിപ്പിക്കുന്നതു്. 'കക്കും' വരാനുള്ളതിനെയും. ഇങ്ങനെ ക്രിയയ്ക്കു മൂന്നു കാലങ്ങളുണ്ടു്. നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തിയെ കുറിക്കുന്നതു് വർത്തമാനകാലം. കഴിഞ്ഞതിനെ ഭൂതകാലം സൂചിപ്പിക്കുന്നു. വരാനുള്ളതിനെ കാണിക്കുന്നതാകട്ടെ, ഭാവികാലമാകുന്നു.

5. കൃഷ്ണനോടു കുഞ്ഞുങ്ങൾ പറഞ്ഞതു് സ്വന്തം വാക്യത്തിലെഴുതുക.

പാഠം 8

ദൽഹിയിലെ ശിശുദിനാഘോഷം

മണിയടിച്ചു. വിദ്യാൎത്ഥികളെല്ലാം ക്ലാസ്സിൽ പ്രവേശിച്ചു. അദ്ധ്യാപകൻ വന്നു് പതിവുപോലെ ഹാജർ വിളിച്ചു. ശിപായി അതാ വാതിലിനടുക്കൽ വന്നു നില്ക്കുന്നു. കൈയിൽ ഒരു കടലാസ്സും. "ത്യാഗരാജനെ ആഫീസിലേയ്ക്കു വിളിക്കുന്നു" കുറിമാനം വായിച്ചിട്ടു് സാർ എന്നോടു പറഞ്ഞു. ഏതോ കുററത്തിനു ശിക്ഷ നൽകാനായിരിക്കും എന്നു ഞാൻ സംശയിച്ചു. അന്നും തലേന്നും ചെയ്തിട്ടുള്ള ഓരോ പ്രവൃത്തിയെക്കുറിച്ചും ഞാൻ ഓൎത്തുനോക്കി. ഒരു കുററവും കാണാൻ കഴിഞ്ഞില്ല. ഏതായാലും ഞാൻ ആഫീസ്സിലേക്കു ചെന്നു. ഹെഡ്മാസ്റ്ററുടെ മുഖം കണ്ടപ്പോൾ ആശ്വാസമായി. ഗൌരവമല്ല അവിടെ കാണുന്നതു്. അദ്ദേഹം പുഞ്ചിരിയോടെ പറഞ്ഞു:

"നമ്മുടെ പ്രധാനമന്ത്രി നെഹ്റുവിൻെറ ജന്മദിനത്തോടനുബന്ധിച്ചു് നടക്കുന്ന ശിശുദിനാഘോഷങ്ങളിൽ പങ്കെടുക്കാൻ കേരളത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട പത്തു പേരിൽ ത്യാഗരാജനും ഉണ്ടു്. ദൽഹിക്കു പോകാൻ ഒരുങ്ങിക്കൊള്ളൂ. വീട്ടിൽനിന്നു അനുവാദവും വാങ്ങിക്കൊള്ളണം."

അല്പനേരത്തേയ്ക്കു് എനിയ്ക്കു് അതു വിശ്വസിക്കാൻ കഴിഞ്ഞില്ല. വൎദ്ധിച്ച ആഹ്ളാദത്തോടെ ഞാൻ തലകുലുക്കി എല്ലാം സമ്മതിച്ചുകൊണ്ടു പുറ

ത്തേക്കിറങ്ങി. ദൽഹി, നെഹ്റുജി, എന്ന രണ്ടു് അത്ഭുതങ്ങൾ എന്റെ ഹൃദയത്തിൽ കിടന്നു് ഓളം തല്ലി.

വളരെയധികം പ്രതീക്ഷകളോടെയാണു് അന്നു് ഞാൻ ഉണർന്നതു്. നവംബർ പത്താം തീയതി. അന്നാണു് യാത്ര പുറപ്പെടേണ്ട ദിവസം. പ്രിയപ്പെട്ട

കുടുംബാംഗങ്ങളേയും കൂട്ടുകാരേയും നാടിനേയും പിരിഞ്ഞു വിദൂരമായ ദൽഹിയിലേയ്ക്കു പോകുന്നതിൽ കുറച്ചൊരു വേദനയും തോന്നാതിരുന്നില്ല. ഞങ്ങൾ തിരുവനന്തപുരത്തുനിന്നു് തീവണ്ടിയിൽ കയറി. ആകെ പതിനൊന്നു പേരാണു് ഞങ്ങളുടെ സംഘ

ത്തിൽ ഉണ്ടായിരുന്നതു്. രണ്ടു് അദ്ധ്യാപകരും ഒമ്പതു കുട്ടികളും—അഞ്ചു് ആൺകുട്ടികൾ, നാലു് പെൺ കുട്ടികൾ. തിരുവനന്തപുരം, എറണാകുളം, ചങ്ങനാശ്ശേരി തുടങ്ങിയ സ്ഥലങ്ങളിൽനിന്നും വന്നവരായിരുന്നു വിദ്യാർത്ഥികൾ. ഓരോരുത്തരും ഓരോ പ്രത്യേക കലയിൽ സാമർത്ഥ്യം നേടിയവരായിരുന്നു. കൂട്ടത്തിൽ തീരെ ചെറുപ്പമായിരുന്നതുകൊണ്ടാവാം, എന്നോടു് അവർക്കെല്ലാം വളരെ സ്നേഹം തോന്നിയതു്.

മൂന്നു ദിവസത്തെ യാത്ര വേണ്ടിവന്നു, ദൽഹിയിലെത്താൻ. അപരിചിതങ്ങളായ നാടുകളും നഗരങ്ങളും മലകളും നദികളും കടന്നുപോയപ്പോൾ ഞാൻ ഏതോ ഒരു ദിവ്യലോകത്തിലൂടെ സഞ്ചരിക്കുന്നതു പോലെ തോന്നി. വടക്കോട്ടു പോകുംതോറും ആളുകളുടെ വേഷവും ഭാഷയും ആചാരങ്ങളുമെല്ലാം വിചിത്രമായി നമുക്കു് അനുഭവപ്പെട്ടും. എന്നിരുന്നാലും, ഇവരെല്ലാം എന്റെ നാട്ടുകാരാണു്, ഭാരതീയരാണു്, ഒരമ്മയുടെ മക്കളാണു്, എന്ന വിചാരം എന്റെ ഹൃദയത്തെ അവരോടു് അടുപ്പിച്ചു.

നവംബർ 13-ാം തിയ്യതി ഞങ്ങൾ ദൽഹിയിൽ ചെന്നുചേർന്നു. ഞങ്ങളെ പ്രതീക്ഷിച്ചു് റെയിൽവെ സ്റ്റേഷനിൽ വാളണ്ടിയർമാർ നില്പുണ്ടായിരുന്നു. അവരോടൊന്നിച്ചു് ഞങ്ങൾ ക്യാമ്പിലേയ്ക്കു പോയി.

മനോഹരമായ ദൽഹിപ്പട്ടണം! നൂററാണ്ടുകളായുള്ള ചരിത്രസംഭവങ്ങൾക്കു് സാക്ഷ്യം വഹിച്ചു കൊണ്ടു്, തലയുയർത്തി നില്ക്കുന്ന ആ മഹാനഗരം കണ്ടപ്പോൾ ഞങ്ങൾക്കുണ്ടായ അത്ഭുതാനന്ദങ്ങൾക്കു് അതിരില്ലായിരുന്നു. സാമ്രാജ്യങ്ങളുടെ ശവകുടീര

മെന്നും, സംസ്കാരങ്ങളുടെ കാഴ്ചബംഗ്ലാവെന്നും പേരുകേട്ട ആ നഗരി വിസ്തരിച്ചൊന്നു് കാണാൻ ഞാൻ വെമ്പൽപൂണ്ടു. എത്രയെത്ര മഹാസമരങ്ങൾക്കാണു് ആ നഗരി രംഗമൊരുക്കിയതു്! മുഗൾ സാമ്രാജ്യകാലത്തെ കലാകാരന്മാരുടെ കരവിരുതു് അവളെ എത്ര സുന്ദരിയാക്കിയിരിക്കുന്നു!



"കുത്തബു്മീനാർ കാണണമോ?"—ഞങ്ങളുടെ സംഘനേതാവായ കൃഷ്ണപിള്ളസ്സാർ ചോദിച്ചു. ആരെങ്കിലും വേണ്ടെന്നു പറയുമോ? കുളിയും ഊണും കഴിഞ്ഞിട്ടു് ഞങ്ങൾ ചരിത്രപ്രസിദ്ധമായ ആ സ്മാരകം

കാണാൻ പോയി. 250 അടി പൊക്കമുള്ള മനോഹരമായ ഒരു സ്തൂപമാണ് അതു്. കോണിപ്പടികളിലൂടെ ഞങ്ങൾ മുകളിലേയ്ക്കു കയറി. ഒരു ചിത്രത്തിൽ വരച്ചെട്ടതുപോലെ ദൽഹി നഗരം മുഴുവൻ അവിടെ നിന്നാൽ കാണാം.

ദൽഹിയിലെ ചുരുങ്ങിയകാലത്തെ താമസത്തിനിടയിൽ ചരിത്രപ്രസിദ്ധമായ പല കാഴ്ചകളും ഞങ്ങൾ കണ്ടു. ഷാജഹാൻ, ഔറംഗസേബ് എന്നിവരുടെ കൊട്ടാരങ്ങൾ, ചെങ്കോട്ട (റെഡ് ഫോർട്ട്), മുഗൾചക്രവത്തിമാരുടെ കാലത്തെ ആയുധങ്ങൾ, എന്നിങ്ങനെ പലതും.

നവംബർ 14-ാം തിയ്യതി രാവിലെയായിരുന്നു നാഷണൽ സ്റ്റേഡിയത്തിൽവച്ചു സമ്മേളനം. ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നും വന്നുചേർന്നിരുന്ന 140 വിദ്യാർത്ഥികൾ അതിൽ സംബന്ധിച്ചു. കലാപരിപാടികൾ ഏററവും ഭംഗിയായി നടന്നു. യോഗത്തിൽ നെഹ്റുജി പ്രസംഗിച്ചു. ശാന്തിയുടെ ചിഹ്നങ്ങളായ വെള്ളപ്പിറാവുകളെ അദ്ദേഹം പറപ്പിച്ചപ്പോൾ, അവിടെക്കൂടിയിരുന്ന രണ്ടു ലക്ഷത്തിൽപ്പരം ആളുകളുടെ ഹൃദയം ആനന്ദംകൊണ്ടു രോമാഞ്ചമണിഞ്ഞിരിക്കണം.

പിറേറന്നുച്ചയ്ക്ക് ഞങ്ങൾ രാഷ്ട്രപതിഭവനത്തിലേയ്ക്കുപോയി. പൂന്തോട്ടത്തിൽവെച്ചു രാഷ്ട്രപതിയുടെ വക ഒരു കാപ്പിസല്ക്കാരം ഉണ്ടായിരുന്നു. തുണികൊണ്ടു വിതാനിച്ച ഒരു പന്തലിൽവച്ചായിരുന്നു സല്ക്കാരം. രാഷ്ട്രപതി ഞങ്ങളോടു പ്രസംഗിച്ചു. അനന്തരം അദ്ദേഹം ഞങ്ങളുടെ അടുത്തു കസേരയിൽ വന്നിരുന്നുകൊണ്ട് പലതും സംസാരിച്ചു. ഒരു

വലിയമ്മാവൻെറ അടുത്തിരിക്കുന്നതുപോലെയാണ് ഞങ്ങൾക്ക് അപ്പോൾ തോന്നിയതു്. അവിടെവച്ച് ഞങ്ങളുടെ ഫോട്ടോ എടുത്തു.

നവംബർ 15-ാം തിയ്യതി നെഹ്റുജി ഞങ്ങളുടെ ക്യാമ്പ് സന്ദർശിച്ചു. ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട ഗീത അദ്ദേഹത്തെ പൂമാലയിട്ടു സ്വീകരിച്ചു. "കേരളത്തിൽനിന്നു വന്നവരാണോ ?" എന്നു് വാത്സല്യപൂർവ്വം ചോദിച്ചു അദ്ദേഹം. പിന്നീട് അദ്ദേഹവും ഞങ്ങളും സമ്മേളനസ്ഥലത്തേയ്ക്കുപോയി. അന്നായിരുന്നു സമാപനസമ്മേളനം. കാശ്മീരികളുടേയും പഞ്ചാബികളുടേയും പാട്ട്, ദൽഹിക്കാരുടെ നൃത്തം എന്നിവ കഴിഞ്ഞു്, കേരളത്തിൽനിന്നുള്ള സംഘത്തിൻെറ കലാപ്രകടനങ്ങൾ നടന്നു. സുന്ദരേശ്വരി നൃത്തം ചെയ്തു. കൃഷ്ണകുമാരി പാടിക്കൊടുത്തു. അനന്തരം എനിക്കു പാടാൻ രണ്ടുനിമിഷം അനുവദിച്ചു. ഞാൻ നാലു നിമിഷംകൊണ്ടു് "കരുണാകര" എന്ന കീർത്തനം പാടി. നെഹ്റുവിനു പാട്ടു വളരെ സന്തോഷകരമായിത്തോന്നി. കേരളത്തിൽനിന്നു വന്ന സംഘത്തെ എല്ലാവരും പ്രത്യേകം അഭിനന്ദിച്ചു.

നവംബർ 16-ാം തിയ്യതി ഞങ്ങൾ മടക്കയാത്ര ആരംഭിക്കുകയാണ്. ഇന്ത്യയിലെ നാനാഭാഗങ്ങളിൽനിന്നുവന്ന വിദ്യാർത്ഥികൾ താന്താങ്ങളുടെ കലാവിരുതുകൾ ഭാരതാംബയുടെ തൃക്കാല്ക്കൽ കാഴ്ചവച്ചിട്ട് പിരിഞ്ഞുപോകാൻ ഭാവിക്കുന്നു. ഏതാനും ദിവസം മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും ദൽഹിയിലെ താമസം മറക്കവെയ്യാത്ത അനുഭവങ്ങൾ നിറഞ്ഞതാണ്. ഭാരതത്തിൻെറ ആത്മൈക്യം കെട്ടിപ്പൊക്കുന്നതിന് മഹത്തായ സംഭാവന ചെയ്യാൻ കഴിവുള്ള

ശിശുദിനം ആണ്ടിൽ ഒരിക്കലേ ഉള്ളല്ലോ എന്ന് ഞാൻ സങ്കടപ്പെട്ടു. നെഹ്റുജിയുടെ ജീവിതത്തിൽ ഇനിയും നൂറു ജന്മദിനങ്ങൾ ഉണ്ടാകട്ടേ എന്നു പ്രാർത്ഥിച്ചുകൊണ്ട്, ഞങ്ങൾ തീവണ്ടിയിൽ കയറി. വണ്ടിയിൽ ഇരിക്കുമ്പോൾ എനിക്ക് അദ്ദേഹത്തിൻെറ പുഞ്ചിരിതൂകുന്ന മുഖം കാണാൻ കഴിഞ്ഞു. ഇപ്പോഴും ആ മുഖം എൻെറ മുമ്പിൽനിന്നും മായുന്നില്ല.

ദൽഹിയാത്രയ്ക്കു വേണ്ട എല്ലാ സഹായങ്ങളും ചെയ്തുതന്ന കേരളാഗവൺമെൻറിനോടും വിദ്യാഭ്യാസ ഡയറക്ടറോടും പ്രിയപ്പെട്ട ഗുരുജനങ്ങളോടും ഞങ്ങൾക്കുള്ള നന്ദിയും സ്നേഹവും നിസ്സീമമാണ്. എൻെറ പ്രിയപ്പെട്ട വിദ്യാർത്ഥിസഹോദരർ തങ്ങളുടെ കലാപരമായ കഴിവുകളെ വളർത്തുന്നതിൽ ശ്രദ്ധിക്കുന്ന പക്ഷം, ഇതുപോലുള്ള മഹത്തായ സന്ദർഭങ്ങൾ അവർക്കും ലഭിക്കും; സംശയമില്ല.

അഭ്യാസം

1. പാഠത്തിലെ ആദ്യത്തെ ഖണ്ഡികയിൽനിന്ന് വർത്തമാനം, ഭൂതം, ഭാവി ഈ കാലങ്ങളിലുള്ള ഓരോ ക്രിയാപദം എടുത്തെഴുതുക.
2. ആദ്യഖണ്ഡികയിൽനിന്ന് ഏതെങ്കിലും നാലു നാമപദങ്ങൾ ഉദ്ധരിച്ച് ഓരോന്നും ഏതു നാമവിഭാഗത്തിൽ പെടുന്നുവെന്നു കാണിക്കുക.
3. 'വിദ്യാർത്ഥികൾ ക്ലാസ്സിൽ പ്രവേശിച്ചു', 'അദ്ധ്യാപകൻ ഹാജർ വിളിച്ചു'.—ഈ വാക്യങ്ങളിലുള്ള വിദ്യാർത്ഥികൾ, അദ്ധ്യാപകൻ, എന്നീ പദങ്ങൾ ഒരേ രൂപത്തിലുള്ളതല്ല. 'അദ്ധ്യാപകൻ' ഒരു വ്യക്തിയെ മാത്രം കുറിക്കു

ബോഠം 'വിദ്യാർത്ഥികഠം' ഒന്നിലധികം പേരെ സൂചിപ്പിക്കുന്നു. ഒരെണ്ണത്തെ കാണിക്കുന്നതു് ഏകവചനവും ഒന്നിലധികത്തിനെ കുറിക്കുന്നതു് ബഹുവചനവുമാണു്. ഇങ്ങനെ നാമങ്ങഠംക്കു് എണ്ണത്തെ ആസ്പദമാക്കി ഏകവചനം, ബഹുവചനം എന്നു രണ്ടു പിരിവുകളുണ്ടു്.

4. തീവണ്ടി, അദ്ധ്യാപകന്മാർ, കുട്ടികഠം, കല, കാര്യം, നാടുകഠം എന്നിവയുടെ വചനം എഴുതുക.

5. ദൽഹിയെപ്പററി ഒരു ഖണ്ഡിക എഴുതുക.

6. ശിശുദിനാഘോഷത്തിൻെറ ഒരു വിവരണം നൽകുക.

7. നിങ്ങളുടെ നാട്ടിൽവച്ചു് ഒരു ശിശുദിനാഘോഷം നടന്നതായി സങ്കല്പിച്ചു് ദൂരദേശത്തു താമസിക്കുന്ന ചങ്ങാതിക്കു് ഒരു കത്തെഴുതുക.

പാഠം 9

ജീമൂതവാഹനൻ

ഹിമാലയപർവ്വതത്തിൻെറ പരിസരപ്രദേശത്തു് വിദ്യാധരവർഗ്ഗത്തിൽപ്പെട്ട ജീമൂതകേതു എന്നൊരു രാജാവു വാണിരുന്നു. അദ്ദേഹത്തിന്നു സകലഗുണങ്ങളും തികഞ്ഞ ജീമൂതവാഹനൻ എന്നൊരു പുത്രനുണ്ടായി. ജീമൂതകേതു മലയപർവ്വതത്തിലേയ്ക്കു് മാറിത്താമസിച്ചു. ജീമൂതവാഹനനും മലയവതി എന്ന വിദ്യാധര കന്യകയെ വിവാഹം കഴിച്ചു് അവിടെത്തന്നെ പാർത്തുവന്നു.

ഒരു ദിവസം വൈകുന്നേരം ജീമൂതവാഹനൻ പ്രകൃതിഭംഗി കാണുന്നതിനുവേണ്ടി സഞ്ചരിക്കുകയായിരുന്നു. മടങ്ങിവരുന്ന വഴിക്കു് ഒരു വെള്ളക്കുന്നു കണ്ടു്, അതെന്താണെന്നു് ഒരു വഴിപോക്കനോടു ചോദിച്ചു. അയാൾ പറഞ്ഞു: "പക്ഷിരാജനായ ഗരുഡൻ പാതാളലോകത്തുചെന്നു് ഇഷ്ടംപോലെ സപ്പങ്ങളെ തിന്നുതുടങ്ങി. അപ്പോൾ സപ്പരാജാവായ വാസുകി ഗരുഡനെ സമീപിച്ചു്, ദിവസംതോറും ആഹാരത്തിനായി ഓരോ സപ്പത്തെ തന്നുകൊള്ളാമെന്നും മററു സപ്പങ്ങളെ ഉപദ്രവിക്കരുതെന്നും പറഞ്ഞു. ഗരുഡൻ അതു സമ്മതിച്ചു. അങ്ങനെ വൈനതേയനു് ഇരയായിത്തീൎന്ന നാഗങ്ങളുടെ അസ്ഥിസഞ്ചയമാണു് ആ കുന്നു്."

കാരുണികനായ ജീമൂതവാഹനൻ ആ പാന്ഥൻെറ വാക്കുകൾ കേട്ടു് നടുങ്ങിപ്പോയി. ഏതുവിധേനയും സപ്പവംശത്തെ സംരക്ഷിക്കുവാൻതന്നെ ആ ധീരശാന്തൻ നിശ്ചയിച്ചു. അദ്ദേഹം ആലോചനയിൽ നിമഗ്നനായി നില്ക്കുമ്പോൾ ഒരു ആത്തനാദം കേട്ടു. ആർദ്രചിത്തനായ ജീമൂതവാഹനൻ ഉടനെ ആ സ്ഥലത്തെത്തി. ഒരു ഗുഹയിൽനിന്നായിരുന്നു ആ കരച്ചിൽ. അന്നു് ഗരുഡൻെറ ആഹാരമായിത്തീരേണ്ട ശംഖചൂഡൻെറ അമ്മയുടെ ദീനരോദനമായിരുന്നു അതു്. ജീമൂതവാഹനൻ ആ നാഗമാതാവിനെ സാന്ത്വനപ്പെടുത്തി: "അമ്മേ, കരയേണ്ട; പുത്രനെ ഞാൻ സംരക്ഷിക്കുന്നുണ്ടു്; ഗരുഡൻെറ ഇന്നത്തെ ആഹാരം എൻെറ ശരീരമായിക്കൊള്ളട്ടെ. അതിനു അനുവദിക്കണം."

ഇതികത്തവ്യതാമൂഢയായ നാഗമാതാവു് കണ്ണുനീർവാത്തതല്ലാതെ ഒന്നും ഉരിയാടിയില്ല. ശംഖ

ചൂഡനാകട്ടെ ജീമൂതവാഹനനോടു പറഞ്ഞു: "രാജ കല്പന അലംഘനീയമാണല്ലോ. എനിക്കു് എൻെറ കർത്തവ്യം നിറവേററുവാൻ യാതൊരു വൈമനസ്യവു മില്ല. അങ്ങയുടെ ഔദാര്യത്തിനു നന്ദി." ജീമൂത വാഹനൻ വളരെ കിണഞ്ഞു പരിശ്രമിച്ചിട്ടും അതെല്ലാം നിഷ്ഫലമായതേയുള്ളു.

ഗരുഡൻെറ അന്നത്തെ ഇരയായ ശംഖചൂഡനു് ധരിക്കാനുള്ള ചുവന്ന പട്ടുവസ്ത്രവുമായി ഒരു ദൂതൻ എത്തി. ജീമൂതവാഹനൻ ഒരിക്കൽക്കൂടി ശംഖ ചൂഡനെ മരണത്തിൽനിന്നു് രക്ഷിക്കുവാൻ പരിശ്ര മിച്ചു. എന്നാൽ ശംഖചൂഡനോ ദൂതനോ അതിനു് വഴിപ്പെട്ടില്ല. ശംഖചൂഡൻ പട്ടുവസ്ത്രവും വാങ്ങി, സ്വാമിദർശനത്തിനായി ക്ഷേത്രത്തിലേയ്ക്കു പോയി.

നിരാശനായി മടങ്ങിയ ജീമൂതവാഹനനു വസ്ത്ര ഭാണ്ഡവുമായി വന്ന പരിചാരകനിൽനിന്നു് ഒരു ചുവന്ന പട്ടുവസ്ത്രം നേടാൻ കഴിഞ്ഞു. അദ്ദേഹം ആ പട്ടുകൊണ്ടു് ദേഹമാസകലം മൂടി, വധശിലയിൽ പോയിക്കിടന്നു.

ഗരുഡൻ യഥാസമയം തൻെറ ഇരയ്ക്കുവേണ്ടി അവിടെ പറന്നെത്തി. അയാളുടെ ചിറകടിയിൽ ആകമാനം വിറച്ചുവെങ്കിലും ജീമൂതവാഹനൻ കുലു ങ്ങിയില്ല. ആ വിദ്യാധരയുവാവിനെ കൊത്തി യെടുത്തുകൊണ്ടു്, ഗരുഡൻ വായുവേഗത്തിൽ പറന്നു്, മലയശൃംഗത്തിലെത്തി. ജീമൂതവാഹനൻെറ ചൂഡാ രത്നം അദ്ദേഹത്തിൻെറ ഭവനത്തിനുമുന്നിൽ വീഴാ നിടയായി. മലയവതി അതുകണ്ടു് പരിഭ്രമിച്ചെ ങ്കിലും ജീമൂതകേതു അവളെ സമാശ്വസിപ്പിച്ചു

"ഇതു് ഗരുഡൻ കൊന്ന വല്ല സപ്പത്തിന്റെയും ശിരസ്സിലുള്ള രത്നമായിരിക്കും ; സംശയമില്ല."

ശംഖചൂഡൻ സ്വാമി ദശനവും കഴിഞ്ഞു് പട്ടുമുട്ടത്തു് വധശിലയിൽ ചെന്നുകിടന്നെങ്കിലും ഗരുഡൻ വരുന്നതു കണ്ടില്ല. ജീമൂതവാഹനൻ തന്നെ ചതിച്ചുവെന്നു് അയാൾ കരുതി. നാലുപുറവും നോക്കിയപ്പോൾ ഇററിററു വീണുകിടന്നിരുന്ന രക്ത ബിന്ദുക്കൾ കണ്ടു. വിഷണ്ണനായ ശംഖചൂഡൻ രക്ത ബിന്ദുക്കളെ പിൻതുടന്നു പോകുന്ന വഴിക്കു് ജീമൂത കേതുവിനെ കണ്ടുമുട്ടി. ആ നാഗയുവാവിൽനിന്നു് കാര്യം മനസ്സിലാക്കുവാൻ കഴിഞ്ഞ ജീമൂതകേതുവും കുടുംബവും ആത്മഹത്യക്കൊരുങ്ങി. താൻ ഏതു വിധേനയും ജീമൂതവാഹനന്റെ ജീവനെ രക്ഷിക്കുന്നു ണ്ടെന്നു് ആ പിതാവിനു് ഉറപ്പുകൊടുത്തശേഷം ശംഖചൂഡൻ മലയപവ്വതത്തിലേയ്ക്കു പോയി.

ജീമൂതകേതു കൈയിൽ തീയുമെടുത്തു് കുടുംബ സമേതം ശംഖചൂഡനെ പിന്തുടന്നു. ജീമൂതവാഹനൻ മരിച്ചാൽ അഗ്നിപ്രവേശംകൊണ്ടു തങ്ങളുടെ ജീവ നാശം വരുത്തണമെന്നായിരുന്നു അവരുടെ നിശ്ചയം.

ഗരുഡൻ വിശപ്പുമൂലം തന്റെ ഇരയെ അത്ര ശ്രദ്ധിച്ചില്ല. എന്നാൽ, മുഖത്തെ തേജസ്സു കണ്ട പ്പോൾ അതൊരു സപ്പമല്ലെന്നു നിശ്ചയിച്ചു: "താങ്കൾ ആരാണെന്നും ഇവിടെ എങ്ങനെ വന്നുചേന്നെന്നും എന്നോടു പറയണം." ഗരുഡന്റെ അപേക്ഷയായി രുന്നു അതു്. ജീമൂതവാഹനൻ പറഞ്ഞു: "അല്ലയോ പക്ഷിരാജാവേ, വിശപ്പുമാറുന്നതുവരെ ഭക്ഷിച്ചു കൊള്ളുക. അത്രമാത്രമല്ലേ അങ്ങേയ്ക്കു് ശ്രദ്ധിക്കേണ്ട തുള്ളു ?" ഇതിനിടയ്ക്കു ശംഖചൂഡൻ അവിടെയെത്തി

ഇങ്ങനെ വിളിച്ചുപറഞ്ഞു: "പക്ഷിരാജാവേ, അങ്ങേയ്ക്കു് അബദ്ധം പററി. അതൊരു സപ്പമല്ല; വിദ്യാധരയുവാവാണ്. ഞാനാണ് അങ്ങയുടെ ഇന്നത്തെ ഇര. എന്നെ ഭക്ഷിച്ചാലും."

ഗരുഡൻ തനിക്കു പററിയ വിഡ്ഢിത്തമോത്ത് ദുഃഖിച്ചു. വഹ്നിയിൽ പതിച്ചു ജീവത്യാഗം ചെയ്യുവാൻപോലും അദ്ദേഹം ഒരുമ്പെട്ടു. ജീമൂതവാഹനൻെറ മാതാപിതാക്കളേയും മററും കണ്ടപ്പോൾ ഗരുഡൻ തലതാഴ്ത്തി. പിതാവിൻെറ അനുവാദത്തോടുകൂടി ജീമൂതവാഹനൻ ഗരുഡനു് അഹിംസാസിദ്ധാന്തവും പുണ്യസമ്പാദന മാഗ്ഗവും ഉപദേശിച്ചു. "ഞാൻ ഈ നിമിഷം മുതൽ സപ്പങ്ങളെ ഭക്ഷിക്കുകയില്ല" എന്നു ഗരുഡൻ പ്രതിജ്ഞ ചെയ്തു.

അവശനായ ജീമൂതവാഹനൻ കുറച്ചുനിമിഷങ്ങൾക്കുള്ളിൽ ജീവനെ വെടിഞ്ഞു. മലയവതിയും മാതാവായ മഹാപുണ്യയും മൂർഛിച്ചുവീണു. ഗരുഡൻെറയും ശംഖചൂഡൻെറയും പരിശ്രമംകൊണ്ടും ശുശ്രൂഷകൊണ്ടും അവർ ഉണന്നു. അമൃതിൻെറ ഓമ്മ വന്നപ്പോൾ ഗരുഡൻ ഒന്നും മിണ്ടാതെ എവിടെയ്ക്കോ പറന്നു.

മലയവതിയുടെ പ്രാത്ഥനകൊണ്ടു പാവ്വതി പ്രത്യക്ഷപ്പെട്ടു. സ്വണ്ണകലശത്തിൽനിന്നും അമൃതെടുത്തു് ജീമൂതവാഹനൻെറ അസ്ഥിപഞ്ജരത്തിൽ തളിച്ചു. ഉറങ്ങിയുണന്നപോലെ ജീമൂതവാഹനൻ സ്മേരവദനനായി എഴുന്നേററു്, പാവ്വതീദേവിയുടെ പാദാരവിന്ദങ്ങളിൽ നമസ്കരിച്ചു. ജീമൂതവാഹനനു് ദിവ്യമായ ഒരു കുതിരയും വാളും കൊടുത്തു് ശ്രീപാവ്വതി ഇപ്രകാരം അനുഗ്രഹിച്ചു: "ഇന്നു

മുതൽ നീ വിദ്യാധരചക്രവത്തിയായി ചിരകാലം വാഴക." എന്നിട്ട ഭഗവതി അപ്രത്യക്ഷയായി.

വളരെ പരിഭ്രമത്തോട്ടകൂടി ഗരുഡൻ അമൃതുമായി മടങ്ങി. ജീമൂതവാഹനൻ ജീവിച്ചിരിക്കുന്നതു കണ്ടു്, ആ പക്ഷിശ്രേഷ്ഠൻ അത്യധികം സന്തോഷിച്ചു. താൻ കൊണ്ടുവന്ന അമൃതു മുഴവനും സപ്പങ്ങളുടെ അസ്ഥിക്കൂടത്തിന്മേൽ തളിച്ചു. ഗരുഡൻെറ ഇരയായിത്തീന്നിരുന്ന എല്ലാ സപ്പങ്ങളും ഇഴഞ്ഞുപോയി. പക്ഷിരാജൻ കൃതകൃത്യനാകുകയും ചെയ്തു.

ശംഖചൂഡൻ പാതാളത്തിൽ ചെന്നു് വാസുകിയെ വിവരങ്ങളെല്ലാം അറിയിച്ചു. അദ്ദേഹം ജീമൂതവാഹനനെ പുകഴ്ത്തി. ജീമൂതവാഹനൻ തൻെറ മാതാപിതാക്കളോടും ഭാര്യയോടുംകൂടി മടങ്ങുകയും വിദ്യാധരചക്രവത്തിയായി ഏറെക്കാലം ജീവിക്കുകയും ചെയ്തു.

അഭ്യാസം

1. ഹിമാലയം, ജീമൂതവാഹനൻ, പുത്രൻ, സപ്പങ്ങൾ, വാക്കുകൾ, മാതാപിതാക്കൾ—ഈ വാക്കുകളുടെ വചനം എഴുതുക.
2. പറയുക, പറക്കുക, വീഴുക, ചെയ്യുക—ഈ ക്രിയകളുടെ മൂന്നു കാലത്തിലുമുള്ള രൂപമെഴുതുക.
3. പാഠത്തിലെ ആദ്യഖണ്ഡികയിലുള്ള നാമങ്ങൾ എടുത്തെഴുതി അവ ഏതേതു വിഭാഗത്തിൽപ്പെടുന്നുവെന്നു കാണിക്കുക.
4. ഗരുഡനും വാസുകിയും തമ്മിലുണ്ടായ കരാർ എന്തു്?
5. ജീമൂതവാഹനൻ ശംഖചൂഡനെ മരണത്തിൽനിന്നു രക്ഷിച്ചതെങ്ങിനെ?
6. ഗരുഡനു മാനസാന്തരം വന്നതിനു കാരണമെന്തു്?

പാഠം 10

കൊഞ്ചുന്ന കവിഹൃദയം

"അമ്പിളി അമ്മാമാ! കുമ്പിളിലെന്താണി"–
തമ്മിണിക്കുട്ടിക്കറിഞ്ഞേ തീരൂ.

വാർതിങ്കളുത്തരമെന്തോതും ?—അപ്പോഴും
വാരഞ്ചും പുഞ്ചിരി തൂകൽതന്നെ.



ആനന്ദലീനയായ് വാനത്തെ നോക്കിക്കൊ-
ണ്ടാരോമൽക്കുഞ്ഞതാ നിന്നിടുന്നു ;

ഉണ്ടവളോടെന്തോ ചൊല്ലാനതിന്നതാ
ച്ചുണ്ടനക്കീടുന്നു നക്ഷത്രത്താൽ.

അന്യോന്യം മൗനസംഭാഷണം ചെയ്കയാ-
ണമ്മണിമുററവുമാകാശവും !

" അമ്മിണിക്കിന്നെന്താ, മാമുണ്ണാറായില്ലേ ? "
അമ്മ വിളിച്ചുതൻ പൈതലാളെ !

—ഒളപ്പമണ്ണ

അഭ്യാസം

1. വാർതിങ്കൾ = ഭംഗിയുള്ള ചന്ദ്രൻ. വാരഞ്ചും = ഭംഗിയുള്ള. ആനന്ദലീന = ആനന്ദത്തിൽ ലയിച്ചവൾ. ആരോമൽകുഞ്ഞു് = ഓമനക്കുട്ടി. മൗനസംഭാഷണം = മിണ്ടാതെ അഭിപ്രായം അറിയിക്കൽ. മണിമുററം = മനോഹരമായ മുററം.

2. ചേർത്തെഴുതുക :—
അമ്പിളി + അമ്മാമാ. തിങ്കൾ + ഉത്തരം + എന്നു് + ഓതും. ഉണ്ടു് + അവളോടു് + എന്തോ.

3. അമ്പിളി അമ്മാവൻ, അമ്മിണിക്കുട്ടി, മുകൾ, നക്ഷത്രം, അവൾ—ഈ വാക്കുകൾ ഏതേതു നാമവിഭാഗത്തിൽപ്പെടുന്നു ?

4. കാലം കുറിക്കുക :—
ഓതും, നോക്കി, വിളിച്ചു, അനക്കുന്നു, നില്ക്കുന്നു.

5. " ഉണ്ടവളോടെന്തോ .. .. ..
.. .. .. വുമാകാശവും "
ഈ നാലു വരികളുടെ അർത്ഥം എഴുതുക.

പാഠം 11

രക്തസഞ്ചാരം

നമ്മുടെ ശരീരത്തിൽ എവിടെയെങ്കിലും മുറിവു പററിയാൽ രക്തം പ്രവഹിക്കുന്നു. രക്തം ശരീരത്തിൽ സൎവ്വത്ര വ്യാപിച്ചിരിക്കുന്നു എന്നു് ഇതിൽനിന്നു് ഊഹിക്കാവുന്നതാണു്. രക്തം ശരീരത്തിൽ കെട്ടി നില്ക്കുകയല്ല; ശരീരത്തിൻെറ എല്ലാ ഭാഗങ്ങളിലും സൎവ്വദാ ചുററി ഒഴുകിക്കൊണ്ടിരിക്കുകയാണു്. രക്തത്തിൻെറ ഇടവിടാതുള്ള ഭ്രമണത്തിനു് രക്തചംക്രമണം എന്നു പറയുന്നു. ഈ രക്തചംക്രമണം എങ്ങനെ നടക്കുന്നുവെന്നാണു് ഈ പാഠത്തിൽ വിവരിക്കുന്നതു്.

രക്തസഞ്ചാരത്തെ ഒരു നഗരത്തിലെ ജലവിതരണസമ്പ്രദായത്തോടു് ഉപമിക്കാം. ആദ്യമായി നദികളിലോ മററു ജലാശയങ്ങളിലോ അണകെട്ടി ജലം സംഭരിച്ചാണു് വിതരണം ചെയ്യുന്നതു്. ആ വെള്ളം ഒരു വലിയ കുഴൽവഴിയായി പട്ടണത്തിൽ കൊണ്ടുപോകുന്നു. ആ വലിയ കുഴലിൽനിന്നു് പലവിധത്തിലുള്ള അനേകം ചെറു കുഴലുകൾ പിരിയുന്നുണ്ടു്. അവയിൽക്കൂടിയാണു് വെള്ളം തെരുവുകളിലും ഗൃഹങ്ങളിലും എത്തിച്ചുകൊടുക്കുന്നതു്. വീടുകളിൽ ചെന്നുചേരുന്ന വെള്ളം സ്നാനം, വസ്ത്രശോധനം മുതലായവയ്ക്കു് ഉപയോഗിക്കുന്നതിനാൽ മലിനമായിത്തീരുന്നു. മലിനജലം പട്ടണത്തിനു വെളിയിൽ കൊണ്ടുപോയി കളയേണ്ടതും ആരോഗ്യരക്ഷയ്ക്കു് ആവശ്യമാണു്. വീടുകളിലെ മലിനജലം ചെറിയ കുഴലുകളിൽക്കൂടി തെരുവുകളിലുള്ള വലിയ



കുഴലുകളിൽ ചെന്നുചേരുകയും അവിടെനിന്നും പട്ടണത്തിനു് പുറത്തുള്ള ജലാശയങ്ങളിലേയ്ക്കു് ഒഴുകുകയും ചെയ്യുന്നു.

മേൽ വിവരിച്ച പരിപാടിയിൽ ശുദ്ധജലത്തിൻെറ സംഭരണം, വിതരണം, മലിനജലത്തിൻെറ വിസജ്ജനം ഇങ്ങനെ മൂന്നു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. ഏകദേശം ഈ രീതിയിൽതന്നെയാണു് രക്തസഞ്ചാരവും. രക്തം സംഭരിക്കാൻ ഒരു പാത്രവും ശുദ്ധരക്തം വിതരണം ചെയ്യാൻ വേണ്ട കുഴലുകളും നമ്മുടെ ശരീരത്തിലുണ്ടു്. എന്നാൽ മലിനജലത്തെ എന്നപോലെ മലിനരക്തത്തെ വെളിയിൽ കളയുന്നില്ല. ആ രക്തത്തെ ശുദ്ധമാക്കി വീണ്ടും ഉപയോഗിക്കുകയാണു് ചെയ്യുന്നതു്.

ശരീരത്തിൽ രക്തം സംഭരിക്കുന്നതിനുള്ള പാത്രം ഹൃദയമാകുന്നു. ഹൃദയം ഏകദേശം ഒരു ശംഖിൻേറയോ താമരമൊട്ടിൻേറയോ ആകൃതിയിലുള്ളതാണു്. ശംഖിനോടുള്ള ആകൃതിസാമ്യം നിമിത്തം ഇതിനെ 'ചങ്കു്' എന്നു മലയാളത്തിൽ പറയാറുണ്ടു്. ഹൃദയം നെഞ്ചിനുള്ളിൽ അല്പം ഇടത്തോട്ടു മാറിയാണു് സ്ഥിതിചെയ്യുന്നതു്. പരന്ന അററം മുകളിലും കൂത്ത അററം താഴെയുമായി ശ്വാസകോശങ്ങളുടെ ഇടയ്ക്കു് ഇതു് സ്ഥിതിചെയ്യുന്നു. ഉരസ്സിൻെറ ഇടതുവശത്തു് കൈവച്ചു നോക്കിയാൽ ഹൃദയസ്പശനം നമുക്കു് അനുഭവപ്പെടും. ഒരു മനുഷ്യൻെറ ഹൃദയത്തിനു ഏകദേശം അയാളുടെ മുഷ്ടിയോളം വലിപ്പമുണ്ടായിരിക്കും. ഹൃദയവും അതിൻെറ ഇരുവശങ്ങളിലായി ശ്വാസകോശങ്ങളും സ്ഥിതിചെയ്യുന്നതു് ഒന്നാം പടത്തിൽ കാണിച്ചിരിക്കുന്നു.

രക്തസഞ്ചാരത്തെപ്പററി ശരിയായി മനസ്സിലാക്കുന്നതിന് ഹൃദയത്തിൻെറ ബാഹ്യരൂപത്തെപ്പററി മാത്രം അറിഞ്ഞതുകൊണ്ടായില്ല; അതിന് അതിൻെറ അന്തർഭാഗത്തെപ്പററിയും അറിയണം. രണ്ടാം പടം നോക്കുക. ഹൃദയത്തിൻെറ നടുവിൽക്കൂടി കീഴ്മേലായുള്ള ഒരു ഭിത്തി അതിനെ ഇടത്തും വലത്തും രണ്ടു വലിയ അറകളായി വിഭജിക്കുന്നു. ഇടത്തെ അറയും വലത്തെ അറയും തമ്മിൽ നേരിട്ട് യാതൊരു ബന്ധവും ഇല്ല. ഇടത്തെ അറ ശുദ്ധരക്തത്തിനും വലത്തെ അറ മലിനരക്തത്തിനും ഉള്ളതാണ്. ഓരോ അറയുടേയും മദ്ധ്യത്തിന് അല്പം മുകളിലായി വിലങ്ങനെ ഓരോ ഭിത്തിയുണ്ട്. അങ്ങനെ ആകെക്കൂടി ഹൃദയത്തിൽ (1) വലതുമേലറ,



(2) ഇടതുമേലറ, (3) വലതുകീഴറ, (4) ഇടതുകീഴറ എന്നു നാലറകളുണ്ടു്. കീഴറകൾക്കു മേലറകളെക്കാൾ വലിപ്പം കൂടും. ഓരോ വശത്തുള്ള മേലറയും കീഴറയും തമ്മിൽ വേർതിരിക്കുന്ന ആകെയുള്ള ഭിത്തികളുടെ മദ്ധ്യത്തിൽ ഓരോ ചെറിയ ദ്വാരം ഉണ്ടു്. ഈ ദ്വാരത്തോടു ബന്ധിച്ചു് കീഴ്പ്പോട്ടുമാത്രം തുറക്കത്തക്കവണ്ണം ഓരോ കവാടം കാണാം. മേലറയിൽനിന്നു കീഴറയിലേയ്ക്കു് രക്തം അല്പാല്പമായി ചോൎന്നുകൊണ്ടിരിക്കുമെങ്കിലും കീഴറയിൽനിന്നു രക്തം മേലറയിലേയ്ക്കു് ഒരിക്കലും കടക്കുന്നതല്ല.

ഹൃദയത്തിൻെറ വിധാനത്തിലുള്ള ഒരു വിശേഷം കൂടി നാം ധരിക്കേണ്ടതുണ്ടു്. ഹൃദയത്തിൻെറ പാൎശ്വങ്ങളിലും അകത്തും ഭിത്തികൾ ഉള്ളതായി പറഞ്ഞിട്ടുണ്ടല്ലോ. ഈ ഭിത്തികൾ മാംസപേശികൾകൊണ്ടു് നിൎമ്മിച്ചിരിക്കുന്നു. ഇവയ്ക്കു് സ്വയം സങ്കോചിക്കാനും വികസിക്കാനും ശക്തിയുണ്ടു്. ഹൃദയപേശികൾക്കെല്ലാംകൂടി ഏകകാലത്തല്ല സങ്കോചവികാസങ്ങൾ ഉണ്ടാകുന്നതു്. ആദ്യമായി ഇരുവശത്തുമുള്ള മേലറകളുടെ ഭിത്തികൾ സങ്കോചിക്കുന്നു. അവയുടെ സങ്കോചം അവസാനിച്ചു് വികാസം ആരംഭിക്കുമ്പോൾ കീഴറകളുടെ ഭിത്തികൾ സങ്കോചിക്കാൻ തുടങ്ങുന്നു. ഇങ്ങനെ ആദ്യം മേലറകൾ രണ്ടും ചേൎന്നും, അനന്തരം കീഴറകൾ രണ്ടും ചേൎന്നും, സങ്കോചിക്കുകയും വികസിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ സങ്കോചവികാസങ്ങൾക്കാണു് ഹൃദയസ്പന്ദനം എന്നു പറയുന്നതു്. മദ്ധ്യപ്രായവും ആരോഗ്യവുമുള്ള ഒരാളിൻെറ ഹൃദയത്തിനു് ഒരു മിനിട്ടിൽ എഴുപതു മുതൽ എൺപതു വരെ സ്പന്ദനങ്ങൾ ഉണ്ടാകുന്നു.

ഇനി, ഹൃദയത്തിൻെറ മേലറകളിൽ രക്തം നിറഞ്ഞിരിക്കുമ്പോൾ അവയ്ക്കു സങ്കോചം ഉണ്ടായാൽ എന്തു സംഭവിക്കുന്നുവെന്നു നോക്കാം. സങ്കോചത്താൽ രക്തത്തിന്നു കെട്ടിനില്ക്കാനുള്ള സ്ഥലം കുറഞ്ഞു് രക്തത്തിൽ അധികഭാഗവും അടിയിൽ ഉള്ള ദ്വാരത്തിൽക്കൂടി കീഴറയിൽ കടക്കുന്നു. അനന്തരം കീഴറകൾ സങ്കോചിക്കുന്നു. കീഴറയുടെ സങ്കോചത്താൽ രക്തം മേല്പോട്ടു പൊങ്ങുമെങ്കിലും ഇടയ്ക്കുള്ള വാതിൽ അടഞ്ഞുപോകുന്നതുകൊണ്ടു് മേലറയിലേയ്ക്കു പ്രവഹിക്കാൻ സാധിക്കുന്നതല്ല. അതിനാൽ കീഴറകളോടു സംഘടിപ്പിച്ചിരിക്കുന്ന കുഴലുകൾ വഴി രക്തം പുറത്തേയ്ക്കു കടക്കുന്നു.

ഈ പാഠത്തിൽ കാണുന്ന മൂന്നാമത്തെ ചിത്രത്തിൽ ഹൃദയത്തോടു ഘടിപ്പിച്ചിട്ടുള്ള കുഴലുകൾ കാണിച്ചിരിക്കുന്നു. ഇതിൽ ഇടത്തെ മേലറയോടു സംഘടിപ്പിച്ചിരിക്കുന്ന നാലു കുഴലുകൾ വഴിയായി ശ്വാസകോശങ്ങളിൽനിന്നും വലത്തെ മേലറയോടു സംഘടിപ്പിച്ചിരിക്കുന്ന രണ്ടു കുഴലുകൾ വഴി ശരീരത്തിൻെറ മററുഭാഗങ്ങളിൽനിന്നും ഹൃദയത്തിലേയ്ക്കു രക്തം വന്നു ചേരുകയും, കീഴറകളോടു ഘടിപ്പിച്ചിരിക്കുന്ന രണ്ടു കുഴലുകൾ വഴിയായി ഹൃദയത്തിൽനിന്നും രക്തം വെളിയിലേയ്ക്കു പോവുകയും ചെയ്യുന്നു. ആദ്യം പറഞ്ഞ നാലു കുഴലുകൾക്കും സിരകൾ എന്നും, ഒടുവിൽ പറഞ്ഞ രണ്ടു കുഴലുകൾക്കും ധമനികൾ എന്നും പേർ പറയുന്നു.

ഇനി രക്തസഞ്ചാരത്തിൻെറ ക്രമം എങ്ങനെ എന്നുവിവരിക്കാം. ഹൃദയത്തിൻെറ ഇടത്തെ കീഴറയിൽനിന്നു പുറപ്പെടുന്ന ധമനിക്കു് മഹാധമനി എന്നാണു് പേർ. എന്തെന്നാൽ, ഇതു് ശരീരത്തി



ലുള്ള എല്ലാ ധമനികളിലുംവച്ചു വലിപ്പം കൂടിയതാകുന്നു. ഇടത്തെ കീഴറയിലുള്ള രക്തത്തിനു നിൎഗ്ഗമന ദ്വാരം നല്കുന്നതു മഹാധമനിതന്നെയാണു്. ഇടത്തേ കീഴറയുടെ സങ്കോചംകൊണ്ടു് അതിലുള്ള രക്തം മഹാധമനിയിൽ പ്രവേശിക്കുന്നു. ഇതു് ശുദ്ധരക്തമാണു്. ഈ രക്തം വീണ്ടും അറയിലേയ്ക്കു പ്രവേശിക്കാതിരിക്കത്തക്കവണ്ണം മഹാധമനിയുടെ ദ്വാരത്തിലും ഒരു കവാടം ബന്ധിച്ചിട്ടുണ്ടു്. പട്ടണത്തിലേയ്ക്കു ജലംകൊണ്ടുവരുന്ന വലിയ കുഴൽ ചെറിയ ചെറിയ കുഴലുകളായി പിരിഞ്ഞു് വീട്ടുകളിലേയ്ക്കു പോകുന്നതുപോലെ മഹാധമനി അനേകം ശാഖോപശാഖകളായിപ്പിരിഞ്ഞു് ശരീരത്തിൻെറ നാനാഭാഗങ്ങളിലേയ്ക്കും ആവശ്യമുള്ള ശുദ്ധരക്തം വഹിച്ചുകൊണ്ടു പോകുന്നു. നെഞ്ചു്, കഴുത്തു്, തല, കൈകൾ മുതലായ അംഗങ്ങൾക്കു രക്തവിതരണം ചെയ്‌വാൻ ഒരുകൂട്ടം ധമനികൾ മഹാധമനികളിൽ നിന്നു പിരിഞ്ഞു് മേല്പോട്ടു കയറുന്നു. ഉദരഭിത്തിക

ളേയും ഉദരത്തിലുള്ള അവയവങ്ങളേയും കാലുകളേയും രക്തസേചനംകൊണ്ടു പോഷിപ്പിക്കുന്നതിനായി മററൊരുകൂട്ടം ധമനികൾ കീഴ്പോട്ടും ഇറങ്ങുന്നു. ഇങ്ങനെ വേർപിരിയുന്ന ധമനികൾ ഒടുവിൽ ക്രമേണ കൃശങ്ങളായും അതിസൂക്ഷ്മങ്ങളായും പരിണമിക്കുന്നു. ഭൂതക്കണ്ണാടിയുടെ സഹായംകൊണ്ടു മാത്രമേ ഇവയെ കാണാൻ കഴികയുള്ളു. ഈ കുഴലുകൾക്കു് സൂക്ഷ്മ ധമനികൾ എന്നു പേർ പറയുന്നു. സൂക്ഷ്മധമനികൾ മനുഷ്യശരീരത്തിൽ സർവ്വത്ര വ്യാപിച്ചിട്ടുണ്ടു്. ഈ സൂക്ഷ്മധമനികളിൽക്കൂടി സഞ്ചരിക്കുന്ന രക്തത്തിലുള്ള പോഷകരസങ്ങളും അമ്ളജനകവും മാംസപേശികളി ലേയ്ക്കു പകരുകയും മാംസപേശികളിൽ ഉണ്ടാകുന്ന ഇംഗാലാമ്ളം മുതലായ മലിനവസ്തുക്കൾ രക്തത്തി ലേയ്ക്കു പകന്നു് അതിനെ അശുചിയാക്കുകയും ചെയ്യുന്നു. ഈ മലിനരക്തം ചെറിയ സിരകൾവഴി രണ്ടു മഹാസിരകളിൽ എത്തുകയും അവ അതിനെ ഹൃദയത്തിൻെറ വലത്തേ മേലറയിലേയ്ക്കു പ്രവഹിപ്പി ക്കുകയും ചെയ്യുന്നു. രക്തസഞ്ചാരത്തിനായി ധമനി കളും സിരകളും ശരീരത്തിൽ സർവ്വത്ര വ്യാപിച്ചിരി ക്കുന്നതും ഒന്നാം പടത്തിൽ നോക്കി മനസ്സിലാക്കാം.

ഇനി മലിനരക്തത്തിൻെറ ഗതി എന്താണെന്നു നോക്കാം. വലത്തെ മേലറയിൽ ചെന്നുചേരുന്ന രക്തം കീഴറയിലേക്കും കീഴറയുടെ സങ്കോചം നിമിത്തം ഒരു ധമനി വഴിയായി ശ്വാസകോശങ്ങളിലേയ്ക്കും പോകുന്നു. ഈ ധമനിയുടെ പ്രവേശനദ്വാരത്തിലും പുറത്തേയ്ക്കു മാത്രം തുറക്കുന്ന ഒരു കവാടമുള്ളതുകൊണ്ടു് ശ്വാസകോശങ്ങളിലേയ്ക്കു പോകുന്ന രക്തം തിരിച്ചു് അറയിലേയ്ക്കു ചെല്ലുന്നില്ല. ഈ മലിനരക്തം അനേകം ധമനികൾവഴി ശ്വാസകോശം മുഴുവൻ

വ്യാപിക്കുന്നു. നാം ശ്വസിക്കുന്ന വായുവും ഇവിടെ യാണ് എത്തുന്നത്. ഇവിടെവച്ച് ശ്വാസവായു വിലുള്ള അമ്ളജനകം രക്തത്തിലും രക്തത്തിൽ നിന്ന് ഇംഗാലാമ്ളം ശ്വാസവായുവിലും കടന്നു കൂടുന്നു. ഇങ്ങനെയാണ് മലിനരക്തം ശുദ്ധമായി ത്തീരുന്നത്. ശുദ്ധരക്തം നല്ല ചുവപ്പാണ്. മലിന രക്തത്തിൽ അല്പം നീലിമയുണ്ടായിരിക്കും. രക്ത ത്തിൽനിന്നു പകന്ന മാലിന്യംകൊണ്ടു ദൂഷിച്ച വായുവിനെ നാം ഉച്ഛ്വസിക്കുന്നു. ശ്വാസകോശങ്ങ ളിൽനിന്നു പുറപ്പെടുന്ന സിരകൾ ശുദ്ധരക്തത്തെ ഹൃദയത്തിന്റെ ഇടത്തെ മേലറയിൽ കൊണ്ടു ചെല്ലുന്നു. അവിടെനിന്ന് ആ രക്തം കീഴറയി ലേക്കും കീഴറയുടെ സങ്കോചം നിമിത്തം മഹാധമനി യിലേക്കും പോകുന്നു. ഇങ്ങനെ രക്തസഞ്ചാരം സർവ്വദാ നടന്നുകൊണ്ടിരിക്കുന്നു. ഇതുകൊണ്ടാണ് ശരീരത്തിനുവേണ്ട പോഷണം ലഭിക്കുകയും ശരീര ത്തിലുണ്ടാകുന്ന മാലിന്യങ്ങൾ നശിക്കുകയും ചെയ്യു ന്നത്. രക്തസഞ്ചാരം നില്ക്കുമ്പോൾ ജീവിതം അവ സാനിക്കുന്നു. മനുഷ്യശരീരത്തിന്റെ പ്രവൎത്തനം അത്ഭുതംതന്നെ!

അഭ്യാസം

1. 'മകൻ അമ്മയെ സ്നേഹിക്കുന്നു.' 'അമ്മ മകനു ചോറു കൊടുക്കുന്നു.' ഈ വാക്യങ്ങളിൽ മകൻ, അമ്മ, ചോർ എന്നീ നാമങ്ങളാണല്ലോ ഉള്ളതു്. ഇവയിൽ 'മകൻ' ഒരു ആണിനെയും 'അമ്മ' ഒരു പെണ്ണിനെയും കുറിക്കുന്നു. 'ചോർ'

ആണുമല്ല, പെണ്ണുമല്ല; രണ്ടുമല്ലാത്ത ഒരു വസ്തുവാണ്. 'ആൺ' എന്നർത്ഥം കാണിക്കുന്ന പദം പുല്ലിംഗവും 'പെൺ' എന്നർത്ഥം കുറിക്കുന്ന പദം സ്ത്രീലിംഗവും രണ്ടുമല്ലാത്ത വസ്തുവിനെ സൂചിപ്പിക്കുന്ന ശബ്ദം നപുംസകലിംഗവുമാകുന്നു. ഇങ്ങനെ നാമങ്ങൾക്ക് മൂന്നു ലിംഗങ്ങളുണ്ട്.

2. ബാലൻ, അച്ഛൻ, സോദരി, മാധവി, ഗൃഹം, ശരീരം— ഇവയുടെ ലിംഗം നിർണ്ണയിക്കുക.

3. വെള്ളം, സ്നാനം, രക്തം, വലിപ്പം, പട്ടണം—ഇവ ഏതേതു നാമവിഭാഗത്തിൽപ്പെടുന്നു ?

4. പ്രവേശിക്കുന്നു, വ്യാപിക്കുന്നു, ഉണ്ടായിരിക്കും, സംഭരിച്ചു—ഈ ക്രിയകളുടെ കാലം എഴുതുക.

5. രക്തസഞ്ചാരത്തെ ജലവിതരണ സമ്പ്രദായത്തോട് ഉപമിക്കുക.

6. ഹൃദയസ്പന്ദനം എന്നു പറയുന്നതെന്തു് ?

7. രക്തം ശരീരം മുഴുവൻ വ്യാപിക്കുന്നതെങ്ങിനെ ?

പാഠം 12

ശ്രീശങ്കരാചാര്യർ

കേരളത്തിൻെറ അഭിമാനസ്തംഭമായ ഒരു മഹാവ്യക്തിയാണ് ശങ്കരാചാര്യർ. ക്രിസ്തുവിനുപിൻപ് എട്ടാം ശതകത്തിലാണ് അദ്ദേഹം ജീവിച്ചിരുന്നതു്. അദ്ദേഹം മുപ്പത്തിരണ്ടു് വഷം മാത്രമേ ജീവിച്ചുള്ളു.

എങ്കിലും ആ ചുരുങ്ങിയ കാലംകൊണ്ടു് അനവധി മഹാകാര്യങ്ങൾ അദ്ദേഹം സാധിച്ചുവെന്നോക്കുമ്പോൾ ഏതു കേരളീയനാണ് കോൾമയിക്കൊള്ളാത്തതു്? അന്ധവിശ്വാസങ്ങളെ നീക്കം ചെയ്തു്

ഹിന്ദുമതത്തെ സമുദ്ധരിച്ച്, അദ്ദേഹം വേദാന്തചിന്ത കൊണ്ടു് ലോകാചാര്യന്മാരിൽ പ്രമുഖനായത്തീൎന്നു.

ആലുവായിൽനിന്നും എട്ടുനാഴിക കിഴക്കായി പെരിയാററിൻെറ വടക്കേത്തീരത്തു്, കാലടി എന്നൊരു ഗ്രാമമുണ്ടു്. അവിടെ ഉണ്ടായിരുന്ന ഒരു നമ്പൂതിരി കുടുംബത്തിലാണു് ശ്രീശങ്കരൻ ജനിച്ചതു്. അദ്ദേഹത്തിൻെറ പിതാവു് 'ശിവഗുരു'വും മാതാവു് 'ആര്യാദേവി'യും ആയിരുന്നു. ശൈശവത്തിൽത്തന്നെ ശങ്കരൻ അസാമാന്യമായ ബുദ്ധിവൈഭവം പ്രദൎശിപ്പിച്ചിരുന്നു. ഏതു വിഷയത്തിലും ചുഴഞ്ഞിറങ്ങുന്നതിനു് അദ്ദേഹത്തിനു് കഴിഞ്ഞിരുന്നു. ഒരു വേദാന്തി എന്നതിൽ കവിഞ്ഞു് ഒരു കവിക്കൂടിയായിരുന്നു അദ്ദേഹം. ഏതു വിഷയത്തേയും അപഗ്രഥിച്ച് യുക്തിയുക്തം പ്രതിപാദിക്കുന്നതിന് അദ്ദേഹത്തിനുണ്ടായിരുന്ന കഴിവു് ഒന്നു വേറെതന്നെയായിരുന്നു.

ശങ്കരൻ ശിശുവായിരിക്കുമ്പോൾ ശിവഗുരു പരലോകം പ്രാപിച്ചു. ബാല്യത്തിൽത്തന്നെ സന്യസിക്കണമെന്നു് അദ്ദേഹം ആഗ്രഹിച്ചിരുന്നുവെങ്കിലും വിധവയായ മാതാവിൻെറ സമ്മതം നേടുക അത്ര എളുപ്പമായിരുന്നില്ല. അദ്ദേഹം തൻെറ അഭിലാഷം അമ്മയുടെ പാദങ്ങളിൽ സമൎപ്പിച്ചു. "ഓമനെ, നീ പോയാൽ എനിക്കാരാണു്?" എന്ന ചോദ്യവും സ്നേഹമസൃണമായ ആലിംഗനവും മാത്രമായിരുന്ന മറുപടി.

ഒരിക്കൽ ശങ്കരൻ അമ്മയോടുകൂടി ആററിൽ കുളിക്കുവാൻ പോയി. കുട്ടി നീന്തിക്കളിച്ചുകൊണ്ടിരുന്നതിനിടയിൽ ഒരു മുതല പിടികൂടി. അമ്മ കടവിൽനിന്നുകൊണ്ടു വാവിട്ടു നിലവിളിച്ചു. "സന്യ

സിക്കാൻ സമ്മതിച്ചാൽ മുതല എന്നെ വിടും'' എന്നായിരുന്നു, എട്ടു വയസ്സുമാത്രം പ്രായംചെന്ന ആ കുട്ടിയുടെ വാക്ക്. ഗത്യന്തരമില്ലാതെ അമ്മ അതു് സമ്മതിച്ചു. മുതല അദ്ദേഹത്തെ വിടുകയും ചെയ്തുവത്രെ. അങ്ങനെ സന്യാസം സ്വീകരിച്ചെങ്കിലും അദ്ദേഹം അമ്മയുടെ ചരമകാലത്തു് കാലടിയിൽ വന്നെത്തുകയും അന്ത്യശുശ്രൂഷകൾ ചെയ്യുകയും ചെയ്തു.

നർമ്മദാനദിയുടെ തടത്തിൽ താമസിച്ചിരുന്ന ഗോവിന്ദാചാര്യന്റെ അനുഗ്രഹവും ഉപദേശവും വാങ്ങി സന്യാസം സ്വീകരിച്ചശേഷം ശ്രീശങ്കരൻ ഭാരതമൊട്ടുക്കു സഞ്ചരിച്ചു. 'ഈശ്വരൻ ഒന്നേയുള്ളു ; അതുമാത്രമേ സത്യമായിട്ടുള്ളു ; ജ്ഞാനമാണ് മുക്തിമാർഗ്ഗം ; മറ്റൊന്നും മോക്ഷത്തിനു വഴി തെളിക്കുകയില്ല ' ഇവയായിരുന്നു അദ്ദേഹം ഉപദേശിച്ച തത്വങ്ങൾ. വേദാന്തതത്വങ്ങളെ പ്രകാശിപ്പിക്കുന്ന അനേകം അമൂല്യഗ്രന്ഥങ്ങൾ ആ ആചാര്യൻ നിർമ്മിച്ചിട്ടുണ്ട്.

ഒരിക്കൽ ശങ്കരാചാര്യർ തന്റെ ശിഷ്യനായ പത്മപാദനോടുകൂടി സഞ്ചരിച്ചു് ' ബദരീനാഥ ' ത്തിൽ എത്തി. അവിടെയുള്ള വനങ്ങളിൽനിന്നു് ഫലമൂലങ്ങൾ കൊണ്ടുവരുന്നതിനു് പത്മപാദൻ പോയി. ദേവിക്കു മനുഷ്യരക്തം അർപ്പിക്കുന്നതാണ് സ്വർഗ്ഗപ്രാപ്തിക്കുള്ള മാർഗ്ഗമെന്നു വിശ്വസിക്കുന്ന കാപാലികന്മാരിൽ ഒരാൾ കൈയിൽ വാളുമായി ആചാര്യരുടെ മുമ്പിലെത്തി. "നിനക്കു് എന്റെ ശിരസ്സ് വേണം അല്ലേ ? എടുക്കാം " എന്നു പുഞ്ചിരിതൂകിക്കൊണ്ടു് ശങ്കരാചാര്യർ പറഞ്ഞു. കാപാലികൻ

അത്ഭുതസ്തബ്ധനായി. അയാളുടെ കൈയിൽനിന്നു വാൾ താഴെവീണു. അയാൾ പറഞ്ഞു :— "സ്വാമിൻ ക്ഷമിക്കണം. ദേവീപ്രീതിക്കുവേണ്ടിയാണു് ഞാൻ അങ്ങയുടെ തല കൊയ്യുവാൻ വന്നതു്." ഹിംസകൊണ്ടു് ദേവിയെ പ്രീതിപ്പെടുത്തുവാൻ പററുകയില്ലെന്നും ക്രൂരമായ ആരാധന വജ്ജിക്കണമെന്നും ശ്രീശങ്കരൻ ഉപദേശിച്ചെങ്കിലും കാപാലികൻ വിശ്വസിച്ചില്ല. അയാൾ അദ്ദേഹത്തിൻെറ തലയറുക്കുവാൻ മുന്നോട്ടടുത്തു. ഫലമൂലാദികളുമായി മടങ്ങിവന്ന പത്മപാദൻ ആ വാൾ പിടിച്ചെടുത്തു് അവൻെറ കഥ കഴിച്ചു. ശങ്കരാചാര്യർ അപ്പോഴും പുഞ്ചിരിതൂകുകയായിരുന്നു.

ദേശസഞ്ചാരത്തിനിടയിൽ പല ദാശ്നികന്മാരും ശങ്കരാചാര്യരോടു് വാദപ്രതിവാദത്തിനു് വന്നു. മണ്ഡനമിശ്രൻ അവരിൽ അഗ്രഗണ്യനായിരുന്നു. ആചാര്യർ മണ്ഡനമിശ്രനെ നിഷ്പ്രയാസം വാദത്തിൽ തോല്പിച്ചു് സവ്വജ്ഞപീഠം കയറി.

ശങ്കരാചാര്യരുടെ ഓമ്മശക്തി അത്ഭുതകരമായിരുന്നു. ഒരിക്കൽ ശക്തിഭദ്രൻ എന്നൊരു കവി 'ആശ്ചര്യചൂഡാമണി' എന്നൊരു നാടകമുണ്ടാക്കി. ആചാര്യസ്വാമിയെ വായിച്ചുകേൾപ്പിച്ചു. വായിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ സ്വാമികൾ നിശ്ചേഷ്ടനായി ഇരിക്കുന്നതാണു് ശക്തിഭദ്രൻ കണ്ടതു്. സ്വാമികൾ ഇതിനകം സമാധിയിലായിപ്പോയെന്നു് കവി അറിഞ്ഞില്ല. തൻെറ നാടകം മോശമായിരുന്നതുകൊണ്ടാണു് സ്വാമികൾ മൗനം ദീക്ഷിച്ചതെന്നു കരുതി, അദ്ദേഹം ആ ഗ്രന്ഥം ചുട്ടുകളഞ്ഞു. പിന്നീടൊരിക്കൽ ശക്തിഭദ്രൻ ശങ്കരാചാര്യരെ കണ്ടപ്പോ

ഴാണ് നാടകം വളരെ കേമമായിരുന്നെന്ന് സ്വാമികൾ പറഞ്ഞതു്. ഗ്രന്ഥം ചുട്ടുകളഞ്ഞുവല്ലോ എന്നു കരുതി നാടകകർത്താവു് വളരെ വിഷാദിച്ചു. കാര്യമറിഞ്ഞ ശങ്കരാചാര്യർ തന്റെ ഓർമ്മയിൽനിന്ന് ആ ഗ്രന്ഥം അതേപടി ചൊല്ലിക്കൊടുക്കുകയും ശക്തിഭദ്രൻ എഴുതിയെടുക്കുകയും ചെയ്തു. സമാധിയിലിരുന്നിട്ടും നാടകം മുഴുവനും ഓർമ്മയിൽ നിർത്തിയ ആചാര്യസ്വാമികളുടെ ധാരണാശക്തിയെ ശക്തിഭദ്രൻ പുകഴ്ത്തിയെന്നു പറയേണ്ടതില്ലല്ലോ.

ശങ്കരാചാര്യർ ഹിന്ദുമതത്തിന്റെ ദുഃസ്ഥിതി പാടേ നീക്കിക്കളഞ്ഞു. അദ്ദേഹം അദ്വൈതമതം പ്രചാരത്തിൽ വരുത്തി. വേദവാക്യങ്ങൾപോലും യുക്തിക്കും അനുഭവത്തിനും വിരുദ്ധമാണെങ്കിൽ അദ്ദേഹം ആചരിച്ചിരുന്നില്ല. അദ്ദേഹം തന്റെ യുക്തിയാകുന്ന മൂശയിൽ അദ്വൈതമതം വാർത്തെടുത്ത് ഹിന്ദുധർമ്മത്തിനു പ്രാബല്യവും ഉൽക്കർഷവും ഉളവാക്കി.

അഭ്യാസം

1. പ്രാപിച്ചു, പോയി, പഠിക്കുന്നു, മറക്കുന്നു, പ്രാപിക്കും, പോകും——ഇവയുടെ കാലമേതെന്നു കാണിക്കുക.
2. ശക്തിഭദ്രൻ, ഓർമ്മ, ആലുവാ, മനുഷ്യർ സ്നേഹം——ഈ പദങ്ങൾ ഏതേതു നാമവിഭാഗത്തിൽപ്പെടുന്നു ?
3. പാഠത്തിലെ ആദ്യഖണ്ഡികയിലുള്ള പുല്ലിംഗ പദങ്ങളും നപുംസക പദങ്ങളും എടുത്തെഴുതുക.

"ഒരു മഹാവ്യക്തിയാണ് ശങ്കരാചാര്യർ' ശങ്കരാചാര്യർ എന്ന പദം ഒരു വ്യക്തിയെയാണ് കുറിക്കുന്നതു്. എങ്കിലും അതിൽ 'മനുഷ്യർ" എന്നപോലെ ബഹുവചനപ്രത്യയം പ്രയോഗിച്ചിരിക്കുന്നു. എന്തിനാണതു്? മനസ്സിലായോ? പറയാം. ശങ്കരാചാര്യരുടെനേരെ ബഹുമാനം കാണിക്കാൻ. ഇങ്ങനെ ഏകവചനാൎത്ഥത്തിൽ ബഹുവചനരൂപം പ്രയോഗിക്കുന്നതിനു് 'പൂജകബഹുവചനം' എന്നു പേർ. കാളിദാസർ, ധൎമ്മപുത്രർ, വ്യാസർ, ഭീഷ്മർ, ദ്രോണർ—ഇങ്ങനെയുള്ളവ പൂജകബഹുവചനങ്ങളാണു്.

5. ശങ്കരാചാര്യരുടെ ഓൎമ്മശക്തിയെ കാണിക്കുന്ന ഐതിഹ്യം എഴുതുക.

6. ശങ്കരാചാര്യരുടെ ജീവചരിത്രം ചുരുക്കി എഴുതുക.

പാഠം 13

കോഴി

ഏകഭാവനയൊടേതിനത്തിലും
ലോകശില്പി നിജശില്പകൗശലം
ഹാ! കനിഞ്ഞു വെളിവാക്കിടുന്നു കാൺ-
കാകമാനമഴകാന്ന കോഴിയെ.

കിഞ്ചനോന്നമിതമാം കഴുത്തൊടും
ചഞ്ചലാക്ഷിപുടവീക്ഷണത്തൊടും
തഞ്ചമായ് ക്രമപദങ്ങൾ വച്ചിതാ,
സഞ്ചരിപ്പിതൊരു കോഴി മെല്ലവേ.

തങ്കവൎണ്ണമിതിനുള്ള കൊക്ക, നാ–
തങ്കമുജ്ജ്വലതരം വിലോചനം,
അങ്കവാലു മയിലിൻെറ പീലിയോ–
ടങ്കമേല്പതിനതീവ പേശലം.



ആവതോളമിഹ നിത്യവും ഭുജി–
ക്കാവതായ് പല പദാൎത്ഥമില്ലയോ ?
പാവമീ നിരപരാധിപക്ഷിയെ–
ക്കൊൽവതെന്തിനു മനുഷ്യർ കഷ്ടമേ !

—വള്ളത്തോൾ

അഭ്യാസം

1. ഏകഭാവന = ഒരേ വിചാരം. ലോകശില്പി = ബ്രഹ്മാവ്. നിജശില്പകൌശലം = തൻെറ സൃഷ്ടി

സാമർത്ഥ്യം. കിഞ്ചന = കുറച്ചു്. ഉന്നമിതം = ഉയർത്തപ്പെട്ട. ചഞ്ചലാക്ഷിപുടവീക്ഷണം = ഇളകിക്കൊണ്ടിരിക്കുന്ന കൺപുടങ്ങളെക്കൊണ്ടുള്ള നോട്ടം. കൃശപദങ്ങൾ = ചെറുകാലുകൾ. അനാതങ്കം = സങ്കടമില്ലാത്തതു്. ഉജ്ജ്വലതരം = കൂടുതൽ ഉജ്ജ്വലം. വിലോചനം = കണ്ണു്. അങ്കമേൽക്കുക = എതിർക്കുക; തുല്യമാകുക. അതീവ = ഏററവും. പേശലം = മനോഹരം. ഇഹ = ഇവിടെ.

2. ലോകശില്പി, പദം, പിടക്കോഴി—ഇവയുടെ ലിംഗമെന്തെന്നു പറയുക.

3. മററു ലിംഗം എഴുതുക :—
പശു, പോത്തു്, പിടക്കോഴി, മകൻ, കൊമ്പനാന.

4. കോഴിയുടെ രൂപഭംഗി സ്വന്തം വാക്യത്തിൽ വിവരിക്കുക.

5. ഒന്നാമത്തെ ശ്ലോകത്തിൻെറ അർത്ഥമെഴുതുക.

പാഠം 14

ഒഥെല്ലൊ

സുന്ദരിയും സുശീലയുമായ ഡസ്ഡിമോണ വെനീസിലെ സെനററുമെമ്പറായ ബ്രാബൻഷ്യോ പ്രഭുവിൻെറ ഓമനപ്പുത്രിയായിരുന്നു. അദ്ദേഹം അവളെ തൻെറ സ്ഥിതിക്കൊത്തവണ്ണം വളർത്തിക്കൊണ്ടുവന്നു. യൗവനത്തിലെത്തിയപ്പോൾ ഡസ്ഡിമോണയെ വിവാഹം കഴിക്കുവാൻ വെനീസിലെ കുലീനരായ പല ചെറുപ്പക്കാരും ആഗ്രഹിച്ചു.

ഒഥല്ലൊ പരാക്രമശാലിയും നിർമ്മലഹൃദയനാമായ ഒരു യുവാവായിരുന്നു. അയാളോടുള്ള ബഹുമാനം നിമിത്തം ബ്രാബൻഷ്യോ പലപ്പോഴും ആ ധീരയോദ്ധാവിനെ തൻെറ വീട്ടിലേയ്ക്കു ക്ഷണിച്ചുവരുത്തുക പതിവായിരുന്നു. കൃഷ്ണവർഗ്ഗത്തിൽപ്പെട്ടവനായിരുന്നു എങ്കിലും ഒഥല്ലോവിൻെറ വീരകഥകൾ ഡസ്ഡിമോണയെ വശീകരിച്ചു. കാലക്രമത്തിൽ, അവൾ വെനീസിലെ സേനാനായകനായ ആ യുവാവിനെ മനസാ ഭർത്താവായി വരിച്ചു.

ആ രാജ്യത്തിലെ സൈന്യത്തിൽപ്പെട്ട ഇയാഗോവും കാഷ്യോവും ഒഥല്ലോവിൻെറ സ്നേഹിതന്മാരായിരുന്നു. പട്ടാളത്തിൽ ഉപസേനാനിയുടെ ഉദ്യോഗം ഒഴിവുവന്നപ്പോൾ ഒഥല്ലൊ ആ സ്ഥാനത്ത് കാഷ്യോവിനെ നിയമിച്ചു. ഇയാഗോവിനു് അതു രസിച്ചില്ല. കുബുദ്ധിയായ അയാൾ ഒഥല്ലോവിനെ വെറുക്കുവാൻ തുടങ്ങി. മാത്രമല്ല, പകരംവീട്ടുവാൻ തീരുമാനിക്കുകയും ചെയ്തു. ഇങ്ങനെയിരിക്കുന്ന അവസരത്തിലാണു് ഒഥല്ലോവും ഡസ്ഡിമോണയും തമ്മിലുള്ള വിവാഹം നടന്നതു്. ബ്രാബൻഷ്യോ ഈ വിവാഹത്തിനു് എതിരായിരുന്നു.

ഇയാഗോവിൻെറ സ്നേഹിതനായ റോഡ്റിഗോ ഡസ്ഡിമോണയെ കല്യാണംകഴിക്കാൻ കൊതിച്ചിരുന്നവരിൽ ഒരാളാണു്. ആ സുന്ദരി കൃഷ്ണവർഗ്ഗത്തിൽപ്പെട്ട ഒരാളെ വിവാഹം കഴിച്ചതിൽ അയാൾക്കു് അതൃപ്തി ഉണ്ടായി. എങ്ങനെയെങ്കിലും അവളെ ഒഥല്ലോവിൽനിന്നും വേർപെടുത്തി തൻെറ ഭാര്യയാക്കണമെന്നു് അയാൾ തീർച്ചയാക്കി. ഇയാഗോ അയാളുടെ ആഗ്രഹം നിറവേററാമെന്നു വാഗ്ദാനവും ചെയ്തു.

ഒഥല്ലൊ ഡസ്ഡിമോണയെ മന്ത്രവാദംകൊണ്ടു മയക്കിയാണു് വീട്ടിൽനിന്നു ഇറക്കിക്കൊണ്ടുപോയതെന്നു് ഇയാഗോ അവളുടെ അച്ഛനെ പറഞ്ഞു വിശ്വസിപ്പിച്ചു. ബ്രാബൻഷ്യോ രാജാവിനെക്കണ്ടു സങ്കടമുണർത്തിക്കാൻ കൊട്ടാരത്തിലേയ്ക്കു യാത്രയായി.

വെനീസിൻെറ കീഴിലുള്ള സൈപ്രസ്സു ദ്വീപിനെ ആക്രമിക്കാൻ തുർക്കികൾ ഒരുക്കംകൂട്ടുന്നു എന്നു മനസ്സിലാക്കിയ രാജാവു് അടിയന്തിരമായി ഒഥല്ലോവിനെ വിളിക്കാൻ ആളെ അയച്ച സമയമായിരുന്നു അതു്. ഒഥല്ലോവും ബ്രാബൻഷ്യോവും ഒരേസമയത്തു കൊട്ടാരത്തിൽ എത്തിച്ചേർന്നു. ബ്രാബൻഷ്യോ തൻെറ സങ്കടം തിരുമനസ്സുണർത്തിച്ചു. രാജാവു സത്യസ്ഥിതി അന്വേഷിച്ചപ്പോൾ ഒഥല്ലൊ കാര്യങ്ങളെല്ലാം തുറന്നുപറഞ്ഞു. ഒടുവിൽ ഡസ്ഡിമോണയെ വരുത്തി ചോദിച്ചു. ഒഥല്ലൊ യാതൊരു കുററവും ചെയ്തിട്ടില്ലെന്നും അദ്ദേഹം തൻെറ ഭർത്താവാണെന്നും അവൾ രാജാവിനെ അറിയിച്ചു. ബ്രാബൻഷ്യോ നിരാശനായി മടങ്ങിപ്പോയി.

ഒഥല്ലൊ പിറേറദിവസംതന്നെ സൈപ്രസ്സിലേയ്ക്കു പുറപ്പെട്ടു. കാഷ്യോവും ഇയാഗോവും സൈന്യത്തോടൊന്നിച്ചുണ്ടായിരുന്നു. സ്നേഹിതനായ റോഡ്റിഗോവും ഭാര്യയായ ഡസ്ഡിമോണയും ഒഥല്ലോവിനെ അനുഗമിച്ചു.

എല്ലാവരും ദ്വീപിൽ എത്തിച്ചേർന്നു. പക്ഷേ യുദ്ധം വേണ്ടിവന്നില്ല. പ്രകൃതി വല്ലാതെ കോപിച്ചതിനാൽ തുർക്കിയുടെ നാവികപ്പട കടല്ക്കാററിൽപ്പെട്ടു നാമാവശേഷമായി. സൈപ്രസ്സുകാർ ആ സുദിനം ആഘോഷിക്കുവാൻ നിശ്ചയിച്ചു.

ആഘോഷദിവസം ദുർഗ്ഗം കാത്തുരക്ഷിക്കേണ്ട ചുമതല ഒഥല്ലൊ ഉപസേനാനിയായ കാഷ്യോവിനെയാണ് ഏല്പിച്ചിരുന്നത്. ദുർബ്ബുദ്ധിയായ ഇയാഗോ അന്ന് അയാളെ മദ്യപാനത്തിനു ക്ഷണിച്ചു. ആദ്യമായി കുടിക്കയായിരുന്നതിനാൽ കാഷ്യോ എളുപ്പം ഉന്മത്തനായി. ഇയാഗോ വേഷച്ഛന്നനായ റോഡ്റിഗോവിനെ വഴിയരികിൽ നിർത്തിയിരുന്നു. തലയ്ക്കു ലഹരിപിടിച്ച കാഷ്യോ പാളയത്തിലേയ്ക്കു മടങ്ങി. വഴിയിൽവെച്ചു റോഡ്റിഗോവുമായി വാഗ്വാദത്തിൽ ഏർപ്പെട്ടു. കാഷ്യോ വാളൂരിയപ്പോൾ മറേറ ആൾ ഇയാഗോവിൻെറ സമീപത്തേയ്ക്ക് ഓടിരക്ഷപ്പെട്ടു. ഉയർന്ന ഒരു ഉദ്യോഗസ്ഥൻ പറഞ്ഞു വിവരമറിഞ്ഞ ഒഥല്ലൊ സ്ഥലത്തെത്തി അന്വേഷണം നടത്തി. കാഷ്യോവിൻെറ പെരുമാററത്തിൽ കുപിതനായിത്തീർന്ന അദ്ദേഹം അയാളെ ജോലിയിൽനിന്നു പിരിച്ചുവിടുകയും, ഇയാഗോവിനെ ആ സ്ഥാനത്തു നിയമിക്കയും ചെയ്തു.

മദ്യത്തിൻെറ ലഹരി ശമിച്ചപ്പോൾ കാഷ്യോ പശ്ചാത്തപിച്ചു. ഇയാഗോ ഉപദേശിച്ചതനുസരിച്ച് അയാൾ ഡസ്ഡിമോണയെ ശരണം പ്രാപിച്ചു. കാഷ്യോവും ഡസ്ഡിമോണയും തമ്മിൽ സംസാരിച്ചുനിന്ന അവസരത്തിൽ, ഇയാഗോ യാദൃച്ഛികമായിട്ടെന്നപോലെ ഒഥല്ലോവിനെയും കൂട്ടിക്കൊണ്ടു് അവിടെ എത്തി.

ചുരുക്കിപ്പറയാം: ദുഷ്ടനായ ഇയാഗോ ശുദ്ധഹൃദയനായ ഒഥല്ലോവിനെ തെററിദ്ധരിപ്പിച്ചു. സാധ്വിയായ തൻെറ പ്രിയതമയുടെ ചാരിത്രത്തിൽ ആ സാധുവിനു സംശയംതോന്നി. താൻ കറുത്ത വർഗ്ഗ

ത്തിൽപ്പെട്ടവനായതുകൊണ്ടാണ് ഡസ്ഡിമോണ സുന്ദരനായ കാഷ്യോവിനെ സ്നേഹിക്കുന്നതെന്നു പോലും അദ്ദേഹം സംശയിച്ചു.

നീചനായ ഇയാഗോവിൻെറ പ്രതികാരേച്ഛ വദ്ധിച്ചുകൊണ്ടുതന്നെ വന്നു. ഒഥല്ലൊ തൻെറ പ്രാണപ്രിയയ്ക്കു് സമ്മാനിച്ചിരുന്ന ഒരു കൈലേസ്സ് അയാൾ എങ്ങനെയോ കൈക്കലാക്കി. കാഷ്യോവിൻെറ വസതിയിൽ ചെന്നു് അയാളുമായി സംഭാഷണം ചെയ്യുന്നതിനിടയിൽ ആ കൈലേസ്സ് അവിടെ ഇട്ടു് ഇയാഗൊ മടങ്ങിപ്പോന്നു. ഒഥല്ലോ കാഷ്യോവിൻെറ കൈയിൽ ആ കൈലേസ്സ് കാണുകയും, കോപാവിഷ്ടനായി ഡസ്ഡിമോണയെ കൊല്ലുവാൻ തീരുമാനിക്കയും ചെയ്തു.

ഉറങ്ങിക്കിടന്നിരുന്ന ഡസ്ഡിമോണയുടെ മണിയറയിലേയ്ക്കു് ഒഥല്ലൊ കടന്നുചെന്നു; അവളെ അവസാനമായി ആലിംഗനം ചെയ്തു. ഞെട്ടിയുണന്ന ഡസ്ഡിമോണ കോപംകൊണ്ടു് വിറച്ചുനില്ക്കുന്ന ഭത്താവിനെ കണ്ടു ഭയന്നുപോയി. താൻ അവളെ കൊല്ലാനാണ് വന്നിട്ടുള്ളതെന്നും, വേണമെങ്കിൽ പ്രാത്ഥന വേഗം നടത്തണമെന്നും, ഒഥല്ലൊ അവളെ അറിയിച്ചു. നിഷ്കളങ്കയും നിരപരാധിയുമായ ആ സാധ്വി കാരുണ്യത്തിനുവേണ്ടി കേണിരന്നു. പക്ഷെ, അയാൾ ഒരു ഭ്രാന്തനെപ്പോലെ അവളെ ശ്വാസം മുട്ടിച്ചു കൊന്നുകളഞ്ഞു.

ഒഥല്ലോവിൻെറ കോപം ഇതുകൊണ്ടടങ്ങിയില്ല. ഇയാഗോവിനെ വിളിച്ച് കാഷ്യോവിനെ വധിക്കാൻ ഏപ്പാടുചെയ്തു. ആ ദുഷ്ടനാകട്ടെ, ആ കൃത്യം ഒരു പട്ടാളക്കാരനെ ഏല്പിച്ചു. കാഷ്യോവുമായുണ്ടായ

ഏററുമുട്ടലിൽ പട്ടാളക്കാരൻ എങ്ങിനെയോ കൊല്ല പ്പെട്ടു. അവൻെറ കുപ്പായത്തിൽനിന്നു കിട്ടിയ ചില രേഖകൾ ഡസ്ഡിമോണയെ സംബന്ധിച്ച പരമാർത്ഥം വെളിപ്പെടുത്തി. ഒഥല്ലൊ അത്യധികം പശ്ചാത്തപിച്ചു. സങ്കടം സഹിക്കവഹിയാതെ അദ്ദേഹം ആത്മഹത്യചെയ്തു.

അഭ്യാസം

1. ആദ്യഖണ്ഡികയിലെ നാമങ്ങൾ എടുത്തെഴുതി അവ ഏതേതു നാമവിഭാഗങ്ങളിൽപ്പെടുന്നു എന്നു് എഴുതുക.
2. വശീകരിച്ചു, വരിച്ചു, സ്വീകരിക്കും, എതിർക്കുന്നു— ഈ ക്രിയകളുടെ കാലം എഴുതുക.
3. വാദ്ധ്യാർ, പണിക്കർ, യുവാവു്, മാതാപിതാക്കൾ— ഇവയുടെ വചനം എഴുതുക.
4. "രാമനു നാലു മക്കളുണ്ടു്"—ഈ വാക്യത്തിലെ 'മക്കൾ' എന്ന പദം പുത്രന്മാരെയോ പുത്രിമാരെയോ വേർതിരിച്ചുകാണിക്കുന്നില്ല. രണ്ടുകൂട്ടരെയും കുറിക്കാൻ ആ പദം പ്രയോഗിക്കുന്നു. അതു പുല്ലിംഗബഹുവചനമോ സ്ത്രീലിംഗബഹുവചനമോ അല്ല. ഇങ്ങനെയുള്ള പദങ്ങളെ അലിംഗബഹുവചനമെന്നു പറയുന്നു. സഹോദരർ, വിദ്യാർത്ഥികൾ, ബാലർ—മുതലായവ അലിംഗബഹുവചനങ്ങളാണു്.
5. ഡസ്ഡിമോണ ഒഥല്ലോവിനെ വിവാഹം ചെയ്യുന്നതിനു കാരണമെന്തു്?
6. ഇയാഗോവിൻെറ ദുഷ്ടത വിവരിക്കുക.
7. ഒഥല്ലൊ ആത്മഹത്യ ചെയ്യുന്നതിനു കാരണം എന്തു്?

പാഠം 15

മയിൽ

മയിൽ വാസ്തവത്തിൽ ഒരു കാട്ടുപക്ഷിയാണു. ഉയൎന്ന മരങ്ങളും പൊന്തകളും ഇടതിങ്ങി വളൎന്നു നില്ക്കുന്ന വനങ്ങളാണു് അതിൻെറ വാസസ്ഥലം. വലിയ മലകളേക്കാൾ സമതലപ്രദേശങ്ങളിൽ കാണുന്ന വനങ്ങളും വലിയ വളൎത്തുകാടുകളും പക്ഷികൾ വളരെ ഇഷ്ടപ്പെടുന്നു. കുറെ പാറക്കുന്നുകളും അങ്ങിങ്ങു ചെറിയ അരുവികളും പൊയ്കകളും ഉള്ള സ്ഥലമാണെങ്കിൽ മയിലിനു് പരമാനന്ദമായി.

നാം വളൎത്തുന്ന മയിലുകളുടെ ജീവിതരീതിയും കാട്ടിലുള്ളവയുടെ ജീവിതരീതിയും തമ്മിൽ പറയത്തക്ക വ്യത്യാസമൊന്നും ഇല്ല. കാട്ടിലായാലും അവ നാലഞ്ചു പിടകളും ഒരു പൂവനും അടങ്ങിയ ചെറു കുടുംബങ്ങളായിട്ടാണു് വസിക്കുന്നതു്. ഇക്കാൎയ്യത്തിൽ മയിലും നമ്മുടെ വളൎത്തുകോഴികളുമായി വളരെ സാമ്യം കാണുന്നുണ്ടു്.

മയിൽ സുഖവാസതല്പരനാണു്. അതു് രാവിലേയും വൈകുന്നേരത്തും പൊന്തകൾക്കിടയിൽ സാവധാനം നടന്നു ഇരതേടുന്നു. വിത്തുകളും ചില പുല്ലുകളുടേയും ചെടികളുടേയും തുമ്പുകളും ഫലങ്ങളുമാണു് പ്രധാനമായ ആഹാരം. എങ്കിലും ഒരു സസ്യഭുക്കല്ലാത്ത മയിൽ പുഴു, പാററ, വണ്ടു്, എലി, ഓന്തു് മുതലായവയേയും ഭക്ഷിക്കാറുണ്ടു്. ചെറിയ ജാതി പാമ്പുകളേയും അതു ഭക്ഷിക്കുന്നു. 'ഭുജംഗഭുക്കു്' എന്നതു് മയിലിൻെറ പൎയ്യായപദമാണു്.

രാവിലേയും വൈകുന്നേരവുമാണ് മയിൽ ഇര തേടുന്നതെന്നു പറഞ്ഞുവല്ലൊ. വെയിൽ മൂത്താൽ ഈ പക്ഷി മരക്കൂട്ടങ്ങൾക്കിടയിലേയ്ക്കു് മേച്ചിൽ മാറും. ഉച്ചയ്ക്കു മിക്കവാറും ഉയന്ന മരങ്ങളിൽ കയറിയിരുന്നു വിശ്രമിക്കുകയാണ് പതിവ്.



വടക്കെ ഇന്ത്യയിൽ ചില സ്ഥലങ്ങളിൽ മയിൽ മനുഷ്യനുമായി ഇണങ്ങി ജീവിക്കുന്നു. എന്നാൽ കേരളത്തിലെ മയിലുകൾ സാധാരണമായി മനുഷ്യരെ അത്ര വിശ്വസിക്കുന്നില്ല. മനുഷ്യവസതികൾക്കരികെ വരുമെങ്കിലും അല്പമൊരു സംശയത്തി

നിടയായാൽ, പെട്ടെന്ന് അതു് അപ്രത്യക്ഷമാകും. പിന്നീട്ട് അത്ര എളുപ്പത്തിലൊന്നും അതിനെ കണ്ടു കിട്ടുകയുമില്ല.

സാമാന്യം നല്ല വലിപ്പമുള്ളതും ആകർഷകങ്ങളായ നിറങ്ങളോടുകൂടിയതുമായ മയിൽ എങ്ങനെയാണു് അദൃശ്യനാവുന്നതെന്നു നിങ്ങൾക്കു സംശയം തോന്നാം. മയിലിൻെറ നിറങ്ങൾ സൂര്യപ്രകാശത്തിൽ തിളങ്ങുന്നവയാണെന്നു് നിങ്ങൾക്കറിയാമല്ലോ. കാട്ടിലെ തണലിൽ ആ പക്ഷിയുടെ കഴുത്തും പുറവുമെല്ലാം തീരെ നിഷ്പ്രഭമായിത്തീരുന്നു. കഴുത്തിലെ നിറം നിഴലുകളിൽ ലയിക്കുന്നു. ചിറകുകളിലെ തവിട്ടുനിറവും വരകളും സൂര്യപ്രകാശം ഇലക്കൂട്ടങ്ങളിൽക്കൂടി ചോന്നു് താഴെ ഉണ്ടാക്കുന്ന വെളിച്ചത്തെ അനുകരിക്കുന്നു. വാലും പീലിക്കൂട്ടവും പൊന്തകളിൽ ചേന്നു മറയുന്നു. ഇങ്ങനെയാണു് മയിലിനെ തിരിച്ചറിയാൻ സാധിക്കാതെ വരുന്നതു്. അതു് ഓടിപ്പോകുന്നതുകണ്ടാൽപോലും എന്തോ ഒരു നിഴൽ നീങ്ങി മറയുന്നതാണെന്നേ നമുക്കു തോന്നുകയുള്ളൂ.

ശത്രുക്കളിൽനിന്നു് ഒഴിഞ്ഞുമാറുവാൻ മയിൽ സാധാരണമായി പറക്കുക പതിവില്ല. വളരെ നേരം ഓടുന്നതാണു് ആ പക്ഷിയുടെ സ്വാഭാവികമായ അടവു്. പക്ഷെ പറന്നുതുടങ്ങിയാൽ മയിലിനു പറക്കുവാനും നല്ല സാമത്ഥ്യമുണ്ടെന്നു് നമുക്കു് മനസ്സിലാകും. തുടരെത്തുടരെ ചിറകടിച്ചുകൊണ്ടു പറക്കുന്ന മയിലിനു് നല്ല വേഗത്തിൽ വളരെ ദൂരം പോകാനുള്ള കഴിവുണ്ടു്.

മയിലിനെ കാണുന്നതിലും എളുപ്പം അതിൻെറ ശബ്ദം കേൾക്കുകയാണെന്നു് കാട്ടുകൾക്കട്ടെത്തു താമസി

കണ്ണവർ പറഞ്ഞുകേട്ടിട്ടുണ്ട്. ഒരു കാട്ടുപൂച്ചയുടെ ശബ്ദത്തെ പത്തിരുപതു മടങ്ങു പെരുക്കിയാൽ കിട്ടുന്നതാണ് മയിലിൻെറ 'കാഹളം'. പൂച്ചയെപ്പോലെ 'മ്ങ്യാവൂ' എന്നൊരു ശബ്ദംതന്നെയാണ് മയിലും പുറപ്പെടുവിക്കുന്നതു്. ഇതിൻെറ അർത്ഥം 'മഴേ വാ' എന്നാണെന്നു വടക്കെ ഇന്ത്യക്കാർ പറയുന്നു. കുയിലിൻെറ 'അക്വോ–അക്വോ' എന്ന ശബ്ദത്തെപ്പററി നാമും ഇതുപോലെ പറയാറുണ്ടല്ലോ. ഇതിനുള്ള കാരണം അല്പമൊന്നാലോചിച്ചാൽ ആക്കും മനസ്സിലാകാം. കുയിൽ ശബ്ദിക്കുന്നതു് മഴക്കാലം തുടങ്ങുന്നതിനുമുമ്പാണ്. മയിലിൻെറ ശബ്ദം കൂടുതൽ മുഴങ്ങുന്നതും ആ കാലത്തുതന്നെയാണല്ലോ. അതുകൊണ്ടാണ് 'കാക്കപ്പുനമ്പഴ' ന്യായേന, പക്ഷികൾ മഴ വരുവാനായി പ്രാത്ഥിക്കുകയാണെന്നു് നാട്ടുകാർ പറയുന്നതു്.

സാധാരണമായി മയിലിൻെറ നീണ്ട പീലിക്കെട്ടിനെ വാലെന്നു പറയാറുണ്ട്. എന്നാൽ വാസ്തവത്തിൽ പൂവൻെറ വാലും പിടയുടെ വാലും ഒരുപോലെതന്നെയാണ്. പൂവൻെറ വാലിനെ മറച്ചുകൊണ്ടു നിലത്തിഴയുന്ന പീലികൾ, വാൽ തുടങ്ങുന്നതിനു മുകളിലുള്ള അരക്കെട്ടിൽനിന്നാണ് മുളച്ചുവരുന്നതു്. മയിലിനെ അടുത്തുചെന്നു കണ്ടാൽ, പീലി പുറപ്പെടുന്നതു് കീഴ്മുതുകിൽനിന്നാണെന്നു മനസ്സിലാക്കാം. ഈ പീലികൾ ഉയത്തി വിശറിപോലെ വിടത്തിപ്പിടിച്ചാണ് മയിൽ നൃത്തം ചെയ്യുന്നതു്.

മയിൽ കൂടുകെട്ടുന്നതു് മിക്കവാറും തറയിൽത്തന്നെയാണ്. കാലുകൾകൊണ്ടു് ഒരു പരന്ന കുഴി മാന്തി, അതിൽ ചപ്പും ചുള്ളികളും മററും നിറച്ചാണ്

കൂട്ടുണ്ടാക്കുന്നതു്. ചിലപ്പോൾ ഉയൎന്ന വൃക്ഷങ്ങളുടെ കവരങ്ങൾക്കിടയിലും കെട്ടിടങ്ങൾക്കുമീതെയും കൂട്ട കെട്ടാറുണ്ടത്രേ. കൂട്ടുണ്ടാക്കുക, അടയിരിക്കുക, കുഞ്ഞുങ്ങളെ സംരക്ഷിക്കുക—എന്നിവയെല്ലാം പിടയുടെ ജോലിയാണു്. പൂവനു് ഇതിനൊന്നും സമയവും സൗകര്യവും കിട്ടുകയില്ല.

നമ്മുടെ നാട്ടുകാർ മയിലിനെ വെടിവെച്ചു തിന്നുന്നതിനു കാരണം വിശപ്പു മാത്രമാണെന്നു പറഞ്ഞുകൂടാ. മയിലിൻെറ മാംസത്തിനും കൊഴുപ്പിനും, നാട്ടുകാരുടെ വിശ്വാസമനുസരിച്ചു്, ചില അസാധാരണശക്തികളുണ്ടു്. മയിലെണ്ണ ചില ജാതി ഉളുക്കുകൾക്കും എല്ലൊടിവിനും മററും സിദ്ധൗഷധമായി ഗണിക്കപ്പെട്ടുന്നു. മയിലിനെ നായാടാൻ പോകുന്നവരോടു് ആളുകൾ സാധാരണമായി ചോദിക്കാറുള്ള ഒരു ചോദ്യം 'മരുന്നിനാണോ ?' എന്നാണു്. എന്നാൽ നവീനശാസ്ത്രജ്ഞന്മാർ ഇതൊക്കെ ഒരു വക അന്ധവിശ്വാസമാണെന്നു കരുതുന്നു. ഒരു ജീവിയുടെയും മാംസത്തിനോ കൊഴുപ്പിനോ പ്രത്യേകിച്ചു് ഒരു ഔഷധശക്തിയുമില്ലെന്നു് അവർ സിദ്ധാന്തിക്കുന്നു. എന്തായാലും പീലിക്കു വേണ്ടിയും മരുന്നിനായും മാംസത്തിനായും മററും കൊന്നുകൊന്നു്, മയിൽ കേരളത്തിൽ ഒരു അപൂൎവ്വപക്ഷിയായിത്തീൎന്നിട്ടുണ്ടു്. ഇനിയും ഈ വേട്ട തുടൎന്നുകൊണ്ടുപോയാൽ, കുറച്ചു കാലംകൊണ്ടു് മയിലിൻെറ വൎഗ്ഗംതന്നെ നാമാവശേഷമായിത്തീരുമെന്നു് ഈ കൂട്ടർ മനസ്സിലാക്കിയാൽ നന്നു്.

തലയിൽ വിടൎന്ന വിശറിപോലെ നില്ക്കുന്ന ശിഖയുള്ള വിശ്വവിഖ്യാതമായ ഒരുതരം മയിൽ

ഇന്ത്യയിലും സിലോണിലും മാത്രം കാണപ്പെടുന്ന വിശിഷ്ടവർഗ്ഗമാണ്. ഇന്നു ലോകത്തിൽ എവിടെയുമുള്ള കാഴ്ചബംഗ്ലാവുകളിൽ ഇത്തരം മയിലുകളെ കാണാം. അവയെല്ലാം 'മറുനാടൻ' ഭാരതീയരാണെന്ന് അധികം ആളുകൾ മനസ്സിലാക്കിയിട്ടുണ്ടെന്ന് തോന്നുന്നില്ല. ബർമ്മയിൽ കൂർത്ത ശിഖയുള്ള ഒരു ജാതി മയിലുണ്ടത്രേ.

ചില കാഴ്ചബംഗ്ലാവുകളിൽ കാണുന്ന .വെള്ള മയിലിന് സാധാരണ മയിലുമായി വർണ്ണത്തിൽ മാത്രമേ വ്യത്യാസമുള്ളു. മനുഷ്യരുടെ ഇടയിലെന്ന പോലെ പല ജാതി മൃഗങ്ങളിലും പക്ഷികളിലും കണ്ടുവരുന്ന ഒരു പ്രത്യേകതയാണ് വർണ്ണമില്ലായ്മ. ഇങ്ങനെ 'അവർണ്ണജാതി' യിൽപ്പെട്ട ജീവികളെ തിരഞ്ഞെടുത്തു വളർത്തി, അവയെ ഇണചേർത്ത്, ക്രമേണ വർണ്ണമില്ലാത്ത ഒരു വംശത്തെ ഉണ്ടാക്കാമെന്ന് ജന്തുശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചതിൻെറ ഫലമായി, ഇന്നു വെള്ള മുയലുകളും വെള്ള മയിലുകളും അപൂർവ്വമല്ലാതായിത്തീർന്നിട്ടുണ്ട്. കുറച്ചു ദശാബ്ദങ്ങൾക്കു മുമ്പ് വടക്കെ ഇന്ത്യയിലെ ഒരു നാട്ടുരാജാവിൻെറ പ്രധാനമായ ഗാർഹികവിനോദം തന്നെ, ഇത്തരം 'വെള്ളക്കാ'രെ ഇണ ചേർത്ത് എണ്ണം കൂട്ടുകയായിരുന്നുവത്രെ.

അഭ്യാസം

1. ഒന്നാമത്തെ ഖണ്ഡികയിലെ നാമങ്ങൾ എടുത്തെഴുതി അവ ഏതെല്ലാം നാമവിഭാഗങ്ങളിൽപ്പെടുന്നു എന്നു ചൂണ്ടിക്കാണിക്കുക.

2. തേടുന്നു, ഭക്ഷിക്കുന്നു, ഇഷ്ടപ്പെടുന്നു, കാണുന്നു—ഇവയുടെ ഭാവികാലവും ഭൂതകാലവും എഴുതുക.

3. മയിലിന്റെ ആഹാരസാധനങ്ങളെന്തെല്ലാം ?

4. മയിൽ അദൃശ്യനാകുന്നതെങ്ങനെ ?

5. മയിലിന്റെ കുടുംബജീവിതത്തെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക.

പാഠം 16

ബാലി സുഗ്രീവ യുദ്ധം

പല്ലും കടിച്ചലറിക്കൊണ്ടു ബാലിയും
"നില്ലു നില്ലെ" ന്നണഞ്ഞോരു നേരം തദാ
മുഷ്ടികൾകൊണ്ടു താഡിച്ചിതു ബാലിയെ
രുഷ്ടനാം ബാലി സുഗ്രീവനേയും തദാ.

മുഷ്ടിചുരുട്ടി പ്രഹരിച്ചിരിക്കവേ
കെട്ടിയും കൈകാൽ പരസ്പരം താഡനം
തട്ടിയും മുട്ടുകൊണ്ടും തലതങ്ങളിൽ–
ക്കൊട്ടിയുമേറ്റം പിടിച്ചും കടിച്ചുമ–

ങ്ങൂറ്റത്തിൽ വീണും പുരണ്ടുമുരുണ്ടുമുൾ–
ച്ചീറ്റം കലർന്നു നഖംകൊണ്ടു മാന്തിയും

ചാടിപ്പതിക്കയും കൂടെക്കുതിക്കയും
മാടിത്തട്ടുക്കയും കൂടെക്കൊട്ടുക്കയും
ഓടിക്കടിക്കയും വാടിവീഴുക്കയും
മാടിവിളിക്കയും കോപിച്ചട്ടുക്കയും

മുഷ്ടിയുദ്ധപ്രയോഗം കണ്ടുനില്പവർ-
ദൃഷ്ടി കുളിക്കയും വാഴ്ത്തി സ്തുതിക്കയും
കാലനും കാലകാലൻതാനുമുള്ളപോർ
ബാലിസുഗ്രീവയുദ്ധത്തിതൊവ്വാ ദൃഢം.

രണ്ടു സമുദ്രങ്ങൾ തമ്മിൽപ്പൊരുംപോലെ
രണ്ടു ശൈലങ്ങൾ തമ്മിൽപ്പൊരുമ്പോലെയും
കണ്ടവരാർത്തുകൊണ്ടാടിപ്പുകഴ്ത്തിയും
കണ്ടീല വാട്ടമൊരുത്തനുമേതുമേ.

അദ്ധ്യാത്മരാമായണം] [എഴുത്തച്ഛൻ

അഭ്യാസം

1. തദാ = അപ്പോൾ
   രുഷ്ടൻ = കോപിച്ചവൻ
   ചീററം = കോപം
   താഡനം = അടി
   മുഷ്ടിയുദ്ധം = ചുരുട്ടിയ കൈകൊണ്ടുള്ള യുദ്ധം
   കാലകാലൻ = ശിവൻ
   പൊരുംപോലെ = എതിർക്കുംപോലെ
   ഒവ്വാ = തുല്യമാകയില്ല
2. ചേർത്തെഴുതുക :—
   അലറി + കൊണ്ടു്. ഉൾ + ചീററം,
   കൊണ്ടാടി + പുകഴ്ത്തി.
3. ചീററം, മുഷ്ടി, ബാലി, ഊററം, സമുദ്രം, ശൈലം—ഇവ ഏതേതു നാമവിഭാഗങ്ങളിൽ പ്പെടുന്നു ?
4. മററുകാലങ്ങൾ എഴുതുക :—
   താഡിച്ചു, വാഴ്ത്തി, അടുക്കുന്നു, കലരുന്നു, ഓട്ടം.
5. ബാലിസുഗ്രീവയുദ്ധം സ്വവാക്യത്തിൽ വർണ്ണിക്കുക.
6. അവസാനത്തെ നാലുവരിയുടെ അർത്ഥമെഴുതുക.

പാഠം 17

ഗുണവതിയായ ബാലിക

ബുദ്ധദേവൻ ധർമ്മോപദേശം ചെയ്തു നടക്കുന്ന കാലത്തു് ഒരിക്കൽ ശ്രാവസ്തിനഗരത്തിൽ അതി കഠിനമായ ക്ഷാമം ബാധിച്ചു, ഉടുതുണിയില്ല, ഭക്ഷണമില്ല, കുടിക്കാൻ ജലംപോലും ഉണ്ടായിരുന്നില്ല. ഈ അവസരത്തിലാണു് ബുദ്ധഭഗവാൻ അവിടെ ചെന്നുചേർന്നതു്. അദ്ദേഹം നഗരത്തിലെ പ്രമാണികളെ വിളിച്ചുവരുത്തി, ക്ഷാമനിവാരണാർത്ഥം അവരിൽ ഓരോരുത്തരും കഴിയുന്നതു് പ്രവർത്തിക്കണം എന്നു് ആവശ്യപ്പെട്ടു.

ആ നഗരത്തിലെ ഒരു വലിയ വ്യാപാരിയായ രത്നാകരനോടു് ഭഗവാൻ ചോദിച്ചു: "രത്നാകരാ, നിൻെറ ജീവിതം ധന്യമാക്കുന്നതിനുള്ള ഒരു സുവർണ്ണാവസരമാണു് നിനക്കു് ഇപ്പോൾ ലഭിച്ചിട്ടുള്ളതു്. ഈ ക്ഷാമകാലത്തു് ദാരിദ്ര്യം അനുഭവിക്കുന്ന ജനങ്ങളെ രക്ഷിക്കേണ്ട കടമ നിനക്കാണു്."

രത്നാകരൻ:—ഭഗവാനെ, ഞാനൊരാൾ തനിച്ചു് ഈ സാധുക്കളെയെല്ലാം തീററിപ്പോററണമെന്നു കല്പിക്കുന്നതു് സാഹസമാണു്. അതിനുള്ള കഴിവു് എനിക്കില്ലല്ലോ. അക്ഷയപാത്രം എനിക്കു ലഭിച്ചിട്ടില്ല. കഷ്ടപ്പെട്ടു സമ്പാദിച്ച കുറെ കാശുണ്ടു്. എട്ടുപത്തു കുട്ടികളുമുണ്ടു്. നാട്ടുമുഴവൻ സംരക്ഷിക്കാൻ പുറപ്പെട്ടാൽ ഈ പണം എത്ര നാളേക്കുണ്ടാകും? ഈ കുട്ടികൾ പിന്നീടു് എങ്ങനെ ജീവിക്കും? ഞാനല്ലാതെ അവക്കു് മററാരാണു് ആശ്രയം?

ബുദ്ധൻ :—ശരി, മററാരെങ്കിലും ഉണ്ടാകുമോ എന്നു നോക്കട്ടെ. ജയസേന, ഈ അഗതികളെ് സംരക്ഷിക്കുന്നതുകൊണ്ടുള്ള പുണ്യം നേടാൻ നീ ആഗ്രഹിക്കുന്നുണ്ടോ ?

ജയ :—തിരുമേനി, ഞാനെന്തു ചെയ്യാനാണ് ? മെയ് മിടുക്കും മനക്കരുത്തും എനിക്കുണ്ട്. പക്ഷെ അതുകൊണ്ട് കാര്യമില്ലല്ലോ. ഇവിടെ പണമാണ്, പണം മാത്രമാണ്, ആവശ്യം. അതു് എൻെറ പക്കൽ ഇല്ലതാനും.

ബുദ്ധൻ :—കൊള്ളാം. നീയും മാറിനില്ക്കുക. ധർമ്മ പാലാ, നിന്നോളം ധനവാനായി ഈ നഗരത്തിൽ മററാരുമില്ലെന്നാണ് എൻെറ അറിവ്. നീ എന്തു പറയുന്നു ?

ധർമ്മ :—സ്വാമിൻ, ജനങ്ങൾ അങ്ങനെ പറയുന്നുണ്ട്. അതു് ഏറെക്കുറെ ശരിയുമാണ്.

ബുദ്ധൻ :—ആ സ്ഥിതിക്ക് ഈ അഗതികളെ സംരക്ഷിക്കേണ്ട ഭാരം നിനക്ക് ഒററയ്ക്ക് കൈയേല്ക്കരുതോ ?

ധർമ്മ :—ഭഗവാനെ ഇപ്പോഴത്തെ സ്ഥിതിക്ക് എനിക്ക് ഇതാവതല്ല. കഴിഞ്ഞകൊല്ലം വിളവു് മുഴുവൻ നശിച്ചു. ഇക്കൊല്ലത്തെ കാര്യം പറയാനുമില്ല. കരം കൊടുക്കാൻ പോലും വിഷമിക്കുന്നു. ദാനധർമ്മങ്ങളെപ്പററി ഈഘട്ടത്തിൽ ചിന്തിക്കാൻപോലും സാധ്യമല്ല. വീടു നന്നായിട്ടു വേണ്ടേ നാടു നന്നാക്കാൻ ?

ധനികന്മാരിൽ ഓരോരുത്തരും ഇങ്ങനെ പറഞ്ഞൊഴിഞ്ഞു. ദരിദ്രരുടെ നേർക്ക് സഹായഹസ്തം നീട്ടാൻ ആർക്കും മനസ്സുണ്ടായില്ല. കൂടുതൽ പലിശയ്ക്കു് പണം കടം കൊടുക്കുക, കുറഞ്ഞ വിലയ്ക്കു വസ്തു വാങ്ങുക എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന അവർക്കു ഭഗവാൻെറ അപേക്ഷ ഹൃദയശല്യമായിത്തോന്നി.

ഈശ്വരനോടു ദയ അർത്ഥിക്കുന്ന ഈ മനുഷ്യർ ഇത്രയ്ക്കു് നിർദ്ദയരായിത്തീരുന്നല്ലോ എന്നോർത്തു് ബുദ്ധഭഗവാൻ വിഷണ്ണനായി. അപ്പോൾ ആൾക്കൂട്ടത്തിൽ നിന്നു് ഒരു ശബ്ദം കേൾക്കുമാറായി: "ഭഗവാനെ, അവിടുത്തെ അനുഗ്രഹമുണ്ടെങ്കിൽ ദരിദ്രരായ ഈ നഗരവാസികൾക്കു് ഭക്ഷണം ഞാൻ കൊടുത്തുകൊള്ളാം."

ഈ വാക്കുകൾ പുറപ്പെട്ട സ്ഥലത്തേയ്ക്കു് എല്ലാവരും വിസ്മയത്തോടെ നോക്കി. ഒരു ദരിദ്രബാലികയിൽനിന്നാണു് ഈ വാക്കുകൾ പുറപ്പെട്ടതു്. പതിന്നാലു വയസ്സുപോലും തികയാത്ത 'സുപ്രിയ' എന്നു പേരായ ആ പെൺകുട്ടി ആൾക്കൂട്ടത്തിൽക്കൂടി നടന്നു ഭഗവാൻെറ സന്നിധിയിൽ എത്തി. ബുദ്ധൻ കരുണയോടും വാത്സല്യത്തോടുംകൂടി ആ ബാലികയെ അനുഗ്രഹിച്ചു ചോദിച്ചു.

ബുദ്ധൻ :—സുപ്രിയേ, നീ എന്താണു് പറഞ്ഞതു് ? ഈ നാട്ടിലുള്ളവരെയെല്ലാം ഊട്ടാൻ വേണ്ടുന്ന സമ്പത്തു് നിനക്കുണ്ടെന്നോ ? നിനക്കു് ഭ്രാന്തുണ്ടോ ? കാര്യത്തിൻെറ ഗൌരവം മനസ്സിലാക്കാതെയല്ലേ നീ ഇപ്രകാരം പറഞ്ഞതു് ?

സുപ്രിയ :—ഭഗവാനേ, അവിടുന്നു് അരുളിച്ചെയ്തതു് വാസ്തവംതന്നെ. ഈ നാട്ടിൽവെച്ചു് ഏററവും

ദരിദ്രയാണ് അടിയൻ. അടിയൻെറ സമ്പത്ത് അക്ഷയമാണ്. പ്രഭാതംമുതൽ പ്രദോഷംവരെ ഓരോ ധനവാൻെറയും പടിക്കൽ അടിയൻ ഹാജരാകും. കിട്ടുന്നതുമുഴവൻ ഈ ദരിദ്രരെ

ഊട്ടുന്നതിനുവേണ്ടി വിനിയോഗിക്കും. ഇത്രയ്ക്കു അക്ഷയമായ ഒരു വരുമാനം ആർക്കാണുള്ളത്? രത്നാകരനും ജയസേനനും മററും അടിയനോട്ട് സഹകരിക്കും എന്നാണ് അടിയൻെറ വിശ്വാസം. ഭഗവാനേ, ഈ കൃത്യം സഫല

മായിത്തീരാൻവേണ്ടി അവിട്ടന്നു് അടിയനെ അനുഗ്രഹിക്കുമാറാകണം.

ഈ പ്രതിജ്ഞ കേട്ടു് ബുദ്ധൻ ആനന്ദനിമഗ്ന നായി അല്പസമയം നിന്നിട്ടു്, ഇപ്രകാരം അരുളി ചെയ്തു:

" ഓമനേ, നീ അനുഗൃഹീതയാണു്. ഈ നഗ രത്തിൻെറ സുകൃതം മുഴുവൻ ക്ഷയിച്ചിട്ടില്ല. അഥവാ ആ സുകൃതം നിന്നിൽ മൂൎത്തിമത്തായി ഞാൻ കാണുന്നു. പാറയിടുക്കിലെ നീരുറവാണു് നീ, മരുഭൂമിയിലെ ഉദ്യാനമാണു് നീ. "

ഭഗവാൻെറ നേത്രങ്ങളിൽ ആനന്ദാശ്രു നിറഞ്ഞു.

ശ്രാവസ്തിയിലെ ധനവാന്മാർ ലജ്ജിച്ചു മുഖം താഴ്ത്തി. ക്ഷാമനിവാരണനടപടികൾ തൽക്ഷണം ആരംഭിക്കപ്പെട്ടു. അവിടെ കൂടിയിരുന്നവർ ആ ബാലികയെ കൺകുളുർക്കെ നോക്കി അന്യോന്യം പറഞ്ഞു :

"സുപ്രിയ നമ്മുടെ മാനം രക്ഷിച്ചു. ഈ ബാലി കയുടെ നന്മകൊണ്ടു് ബുദ്ധഭഗവാൻെറ ശാപത്തിൽ നിന്നു് നാം വിമുക്തരായി. ഈ നഗരത്തിലെ കെടാ വിളക്കാണു് സുപ്രിയ."

അഭ്യാസം

1. ബുദ്ധദേവൻ, ശ്രാവസ്തി, ജലം, കടമ, പണം, ശബ്ദം—ഇവ ഏതെല്ലാം നാമവിഭാഗങ്ങളിൽ പ്പെടുന്നു എന്നു കാണിക്കുക.

2. മററ കാലങ്ങൾ എഴുതുക :—

ആകുന്നു, ജീവിക്കും, ബാധിച്ചു, പുറപ്പെട്ടു, നേടും.

3. സർവ്വനാമം എന്താണെന്നു് നിങ്ങൾ നേരത്തെ പഠിച്ചുവല്ലോ. "അവൻ വാങ്ങിയ പുസ്തകം ഞാൻ എടുത്തു. അതു് നീ വായിച്ചുവോ?" ഈ വാക്യങ്ങളിൽ പ്രയോഗിച്ചിട്ടുള്ള അവൻ, ഞാൻ, നീ എന്നീ ശബ്ദങ്ങൾ സർവ്വനാമങ്ങളാണു്. എങ്കിലും അവ ഒരു പോലെയല്ല. ഇവിടെ 'ഞാൻ' പറയുന്ന ആളെയും 'നീ' കേൾക്കുന്ന വ്യക്തിയേയും 'അവൻ' ഈ രണ്ടുപേരുമല്ലാത്ത ഒരുത്തനേയും കുറിക്കുന്നു. ഇങ്ങനെ വേർതിരിക്കുന്നതിനു് 'പുരുഷഭേദം' എന്നു പറയുന്നു. ഇവയ്ക്കു് പ്രത്യേകം പേരുകൾ ഉണ്ടു്. അതു് താഴെ കാണിക്കാം :

ഞാൻ—ഉത്തമപുരുഷൻ (പറയുന്ന ആൾ)

നീ—മധ്യമപുരുഷൻ (കേൾക്കുന്ന ആൾ).

അവൻ—പ്രഥമ പുരുഷൻ (രണ്ടുമല്ലാത്തവൻ).

ഇവൻ, ഇതു, ഇവൾ, ഏവൻ, ഏതു്, ഏവൾ—ഇവയും പ്രഥമപുരുഷ സർവ്വനാമങ്ങളാണു്.

4. ബുദ്ധഭഗവാൻ പ്രമാണികളെ വിളിച്ചുവരുത്തി ക്ഷാമം തടയണമെന്നു പറഞ്ഞപ്പോൾ അവർ പറഞ്ഞ മറുപടി എന്തു് ?

5. എന്താണു് സുപ്രിയ ഭഗവാനോടു് ഉണർത്തിച്ചതു് ?

6. ശ്രീബുദ്ധൻ സുപ്രിയയോടു് എന്തു് മറുപടി പറഞ്ഞു?

പാഠം 18

ക്രിസ്തുമസ്സ്

ലോകത്തിൻെറ അസ്വാസ്ഥതകൾക്കും ആശങ്കകൾക്കും ഒരു അവസാനം വരുത്തികൊണ്ടു് സമാധാനത്തിൻെറ സന്ദേശവുമായി എല്ലാകൊല്ലവും ക്രിസ്തുമസ്സ് സ്നേഹപൂർവ്വം നമ്മെ സമീപിക്കുന്നു. ആ ആഘോഷത്തിൻെറ ചരിത്രം എന്തെന്നു നിങ്ങൾക്ക് അറിയാമോ ?

മഞ്ഞണിഞ്ഞ ബെത്ലഹം മലഞ്ചരുവുകളിൽ ഡിസംബർ മാസത്തിലെ അതികഠിനമായ തണുപ്പേററു് ഉറങ്ങിക്കിടന്നിരുന്ന ഒരു കൂട്ടം ആട്ടിടയന്മാർ മനോഹരമായ ഒരു ഗാനം കേട്ടുണർന്നു. ദൈവദൂതന്മാർ സ്വർഗ്ഗീയഗീതം ആലപിച്ചുകൊണ്ടു് അവരെ സ്വാഗതം ചെയ്തു. "രക്ഷകൻ പിറന്നു" എന്ന സന്ദേശം അവർക്ക് നവീനപ്രകാശം നല്കി. ദൈവദൂതന്മാർ നിർദ്ദേശിച്ച സ്ഥലത്തെത്തി അവർ ഉണ്ണിയേശുവിനെ ആരാധിച്ചു. അങ്ങനെ അവർ ആദ്യത്തെ ക്രിസ്തുമസ്സിൽ പങ്കുകൊള്ളുകയും മംഗളം ആശംസിക്കുകയും ചെയ്തു. ക്രിസ്തുവിൻെറ ഈ അത്ഭുതകരമായ അവതാരത്തെയാണു് ക്രിസ്തുമസ്സ് നമ്മെ അനുസ്മരിപ്പിക്കുന്നതു്.

ആദി മാതാപിതാക്കൾ നടത്തിയ ആജ്ഞാലംഘനം പിൻതലമുറയ്ക്കെല്ലാം ഒരു തീരാക്കളങ്കമായിത്തീർന്നു. ഈ പാപത്തിന്നു പരിഹാരം നല്കുന്നതിനുവേണ്ടിയാണു് ദൈവം മനുഷ്യനായി അവതരിച്ചതു്.

ഈ ജനനമാണല്ലോ ക്രിസ്തുമസ്സാഘോഷങ്ങളുടെ മൂലകാരണം. ക്രിസ്തുമസ്സിനു മുമ്പുള്ള നാലാഴ്ചകൾ 'ആഗമനകാലം' എന്ന പേരിലാണ് ക്രിസ്ത്യാനികളുടെ ഇടയിൽ അറിയപ്പെടുന്നതു്. ക്രിസ്തുവിൻെറ ജനനത്തിനുമുമ്പ് പൂർവ്വ പിതാക്കന്മാർ നാലായിരം വർഷം കാത്തിരുന്നു എന്നതിൻെറ സ്മാരകമാണിതു്. ക്രിസ്തുവിനെ തങ്ങളുടെ ഹൃദയത്തിലേയ്ക്കു് സ്വീകരിക്കുവാനും അങ്ങനെ ഒരു നവീന ജീവിതം തുടങ്ങുവാനും ഓരോരുത്തരും ഈ അവസരത്തിൽ തയ്യാറാകുന്നു. ക്രിസ്തുവിൻെറ ജനനത്തിനുമുമ്പ് ജനങ്ങളോടു് വിശുദ്ധ യോഹന്നാൻ ഉപദേശിച്ചു: "കർത്താവിൻെറ വഴി ഒരുക്കുവിൻ; അവിടുത്തെ ഊടുവഴികൾ നിരപ്പാക്കുവിൻ." ഓരോ ക്രിസ്ത്യാനിയെ സംബന്ധിച്ചും തപസ്സിൻെറ കാലമാണിതു്. ആദിമ ക്രിസ്ത്യാനികൾ ക്രിസ്തുമസ്സിനു മുമ്പുള്ള മൂന്നു ദിവസം ഉപവസിച്ചിരുന്നു. ഇക്കാലത്താകട്ടെ, ഈ ഉപവാസം ക്രിസ്തുമസ്സിനു തൊട്ടുമുമ്പുള്ള വെള്ളിയാഴ്ച മാത്രമാണ് അനുഷ്ഠിച്ചുവരുന്നതു്. അന്നു പരിശുദ്ധമായ ആഗ്രഹങ്ങളും ഹൃദയംഗമമായ പ്രാർത്ഥനകളും ദൈവത്തിൻെറ തിരുമുമ്പിൽ ഓരോ ക്രിസ്ത്യാനിയും സമർപ്പിക്കുന്നു.

ഡിസംബർ 24-ാം തീയതി അർദ്ധരാത്രിയിലാണ്, ക്രിസ്തുമസ്സിൻെറ പ്രധാനമായ ചടങ്ങുകൾ. രാത്രി പന്ത്രണ്ടു മണിക്ക് ക്രിസ്തുവിൻെറ പിറവി ആഘോഷിക്കുന്നു. ആ സമയം ദേവാലയങ്ങളിൽ ജനങ്ങൾ തിങ്ങിക്കൂടിയിരിക്കും. മുൻകൂട്ടി തയ്യാർ ചെയ്തിട്ടുള്ള പുൽക്കൂട്ടിലേക്ക് ഉണ്ണിയേശുവിൻെറ രൂപം ആഘോഷപൂർവ്വം വൈദികൻ കൊണ്ടുപോകുന്നു. ദേവാലയത്തിലെ മണികൾ കൂട്ടമായി അടിക്കുകയും വൈദികനോടൊത്തു് ഗായകസംഘം

ശ്രുതിമധുരമായ ഗാനങ്ങൾ ആലപിക്കുകയും ചെയ്യും. ഉണ്ണിയേശുവിൻെറ പാദത്തിൽ പുഷ്പാച്ചന നടത്തുവാനും നേച്ച കാഴ്ചകൾ സമപ്പിക്കുവാനും ആബാലവൃദ്ധം ജനങ്ങൾ ഓടിക്കൂടുന്നു. ഉണ്ണിയുടെ മോഹനരൂപം ഒരുനോക്കു കാണുവാനും ചുംബിക്കുവാനുമുള്ള തിക്കും തിരക്കും പുൽക്കൂടിനു ചുററും വളരെ നേരം നീണ്ടുനില്ക്കാറുണ്ട്.

അടുത്തകമ്മം വിശുദ്ധ കുർബ്ബാനയുടെ സമപ്പണമാണ്. അന്നു പതിവിൽക്കവിഞ്ഞു് മൂന്നു കുർബ്ബാനകൾ ഒരോ വൈദികനും സമപ്പിക്കുന്നു. മറെറല്ലാവരും ഭക്തിപൂവ്വം വിശുദ്ധകുർബ്ബാന സ്വീകരിക്കുകയും പതിവാണ്, ആ ദിവസം. ഇതിനുശേഷം, ഉണ്ണിയേശുവിൻെറ രൂപം വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണവും തുടൻ പ്രസംഗവും ഉണ്ടായിരിക്കും.

മാലാഖമാർ ക്രിസ്തുവിൻെറ ജനനത്തെ ആട്ടിടയന്മാരെ അറിയിച്ചതിൻെറ ഓമ്മയ്ക്കായിട്ടാണ് 'ക്രിസ്തുമസ്സ് കരോൾ' നടത്താറുള്ളതു്. ക്രിസ്തുമസ്സ് ആഘോഷിക്കുന്ന രാത്രിയിൽത്തന്നെ വാദ്യഘോഷങ്ങളും ഗാനാലാപങ്ങളും മുഴക്കി ഗായകസംഘം ഓരോ വീട്ടിലും കയറി ഇറങ്ങുന്നു. അവർ വഹിച്ചുകൊണ്ടു വരുന്ന ഉണ്ണിയേശുവിൻെറ രൂപം പ്രത്യേകം തയ്യാർ ചെയ്തിട്ടുള്ള സ്ഥലത്തു പ്രതിഷ്ഠിച്ച് ഒരു ലഘുപ്രാത്ഥന നടത്തുന്നു. ആ ദിവസത്തിൻെറ സന്തോഷം പ്രകടിപ്പിക്കുന്നതിനായി ചിലർ ആ ഗായകസംഘത്തിനു് തേയിലസല്ക്കാരം നടത്താറുമുണ്ട്.

ക്രിസ്തുമസ്സുദിവസം തയ്യാറാക്കുന്ന പുൽക്കൂടിൻെറ ആവിർഭാവം പതിമൂന്നാം നൂററാണ്ടിലാണ്. 1223-ൽ

വിശുദ്ധഫ്രാൻസിസ് അസീസി തൻെറ സ്നേഹിതനായിരുന്ന ജോണിനോട്ട് അക്കൊല്ലത്തെ ക്രിസ്തുമസ്സ് ഒരു പ്രത്യേക രീതിയിൽ ആഘോഷിക്കണമെന്ന് ആവശ്യപ്പെട്ടു. ജോൺ പുല്ലുകൊണ്ടു മേഞ്ഞ ഒരു കാലിക്കൊട്ടിൽ സജ്ജമാക്കി. ക്രിസ്തുവിൻെറ ശരിക്കുള്ള

ജനനസ്ഥലത്തോടു തുല്യമായിരുന്ന ആ പുൽക്കൂട്ടിൽ പുല്ലുകൾ നിരത്തി, ഒരു മെത്തയും തയ്യാറാക്കി. ചുററും കാളകളേയും കഴുതകളേയും നിത്തി. ജനങ്ങൾക്ക് ഈ പുതിയ രീതി സ്വീകാര്യമായി. ഒരു വൈദികൻ ആ പുൽക്കൂട്ടിൽ വിശുദ്ധകുർബ്ബാന അപ്പിച്ചു. വിശുദ്ധ

ഫ്രാൻസിസ് ഒരു പ്രസംഗവും ചെയ്തു. ഉണ്ണിയേശു ആ പുൽക്കൂട്ടിൽ സന്തോഷപൂർവ്വം ശയിക്കുന്നതായി അദ്ദേഹത്തിന്നു ഒരു ദർശനമുണ്ടായെന്നു പറയപ്പെടുന്നു. ഏതായാലും ഈ പുൽക്കൂടാണു് ഇന്നത്തെ പുൽക്കൂടിൻെറ മുന്നോടി.

"ക്രിസ്തുമസ്സ് ട്രീ" യുടെ ഉത്ഭവം ജർമ്മനിയിലാണു്. അവിടെ ക്രിസ്തുമസ്സിന്നു മുമ്പുള്ള നാലാഴ്ചകൾ മുഴുവൻ ആഘോഷം നടക്കുന്നു. ഫിർ മരത്തിൻെറ കൊമ്പുകൾ വളച്ചു് ചുവന്ന നാടകൾ കൊണ്ടു കെട്ടിയ 'റീത്തു' കൾ എല്ലാ വീടുകളിലും തൂക്കിയിട്ടിരിക്കും. ഈ റീത്തുകളിൽ ഓരോ ഞായറാഴ്ചയും ഓരോ മെഴുകുതിരി ആഘോഷപൂർവ്വം കത്തിച്ചുവയ്ക്കും. ഈ റീത്തുകളാണു് 'ക്രിസ്തുമസ്സ് ട്രീ' കൾക്കു മാർഗ്ഗനിർദ്ദേശം ചെയ്തതു്.

ഏററവുമധികം സന്തോഷം പ്രദാനം ചെയ്യുന്ന ക്രിസ്തുമസ്സ് ദിനത്തിൽ സ്നേഹിതന്മാർ സമ്മാനങ്ങളും മംഗളാശംസകളും പരസ്പരം കൈമാറുന്നു. ഇതോടൊപ്പംതന്നെ ഭക്തരായ ക്രിസ്ത്യാനികൾ ഒരു ജീവിതനവീകരണത്തിന്നു സന്നദ്ധരാവുകയും ചെയ്യുന്നു.

അഭ്യാസം

1. മററു കാലങ്ങൾ എഴുതുക :—

   നല്കും, പിറന്നു, ഉണന്നു, സമപ്പിക്കുന്നു.

2. അതു്, അവൻ, അവൾ, ഞാൻ, നിങ്ങൾ, ഞങ്ങൾ, താങ്കൾ, നീ—ഇവ ഏതേതു പുരുഷനിൽപ്പെടുന്നുവെന്നു പറയുക.

3. "അവൻ വരുന്നു, അവൾ പുസ്തകം തരുന്നു, അതു് ആരും എടുക്കരുതു്" ഈ വാക്യങ്ങളിലെ അവൻ, അവൾ, അതു്—ഈ സർവ്വനാമങ്ങൾ പ്രഥമപുരുഷന്റെ രൂപഭേദങ്ങളാണു്. 'അവൻ' പുല്ലിംഗവും 'അവൾ' സ്ത്രീലിംഗവും 'അതു്' നപുംസകലിംഗവുമാകുന്നു.
4. എന്തിന്റെ സ്മരണയ്ക്കുവേണ്ടിയാണു് ക്രിസ്തുമസ്സ് ആഘോഷിക്കുന്നതു്?
5. 'ആഗമന കാലം' എന്നാൽ എന്തു്?
6. ക്രിസ്തുമസ്സാഘോഷത്തിലെ ഒന്നാമത്തെ ചടങ്ങ് എന്തു്?
7. 'ക്രിസ്തുമസ്സ് കരോൾ', 'ക്രിസ്തുമസ്സ് ട്രീ' എന്നിവയെ കുറിച്ചു് മാതൃ ഖണ്ഡിക എഴുതുക.

പാഠം 19

അമ്പിളി

തുമ്പപ്പൂവിലും തൂമയെഴും നിലാ-
വമ്പിൽത്തൂവിക്കൊണ്ടാകാശവീഥിയിൽ
അമ്പിളി പൊങ്ങി നില്ക്കുന്നിതാ മര-
ക്കൊമ്പിന്മേൽനിന്നു കോലോളം ദൂരത്തിൽ.

വെള്ളമേഘശകലങ്ങളാം നുര
തള്ളിച്ചുകൊണ്ടു ദേവകൾ വിണ്ണാകും
വെള്ളത്തിൽ വിളയാടിത്തുഴഞ്ഞുപോം
വെള്ളിയോടമിതെന്നു തോന്നീടുന്നു!

വിൺമേൽനിന്നു മന്ദസ്മിതം തൂവുമെൻ
വെൺമതിക്കുമ്പേ, നിന്നെയീയന്തിയിൽ
അമ്മതന്നങ്കമേറിയെൻ സോദര-
'നമ്മാവാ' യെന്നലിഞ്ഞു വിളിക്കുന്നു!

ദേഹശോഭപോലുള്ളത്തിൽക്കൂറുമീ-
മോഹനാകൃതിക്കുണ്ടിതെൻ പിന്നാലേ
സ്നേഹമോട്ടും വിളിക്കുംവഴിപോരു-
ന്നാഹാ കൊച്ചുവെള്ളാട്ടിൻകിടാവുപോൽ.

—കുമാരനാശാൻ.

അഭ്യാസം

1. തൂമ = ഭംഗി. അൻപു് = ദയ. ആകാശവീഥി = ആകാശമാകുന്ന തെരുവു്. വിണ്ണു് = ആകാശം. കൂറു് = സ്നേഹം. മോഹനാകൃതി = ഭംഗിയുള്ള ആകൃതിയോടുകൂടിയതു്.
2. തൂമ, നിലാവു്, വിണ്ണു്, അമ്മ, അന്തി—ഇവയുടെ നാമവിഭാഗം കുറിക്കുക.
3. ഈ പാഠത്തിൽനിന്നു് ഉത്തമപുരുഷൻ, മദ്ധ്യമപുരുഷൻ, പ്രഥമപുരുഷൻ ഈ സർവ്വനാമങ്ങൾ എടുത്തെഴുതുക.
4. അവസാനത്തെ നാലുവരിയുടെ അർത്ഥം എഴുതുക.
5. അമ്പിളിയെ കണ്ടിട്ടു് കുട്ടിക്കുണ്ടായ വിചാരം സ്വന്തം വാക്യത്തിൽ പകർത്തുക.
6. ചേർത്തെഴുതുക :—
   തുമ്പ + പൂവു്. വെള്ളി + ഓടം. വെൺ + മതി.
   ഈ + അന്തി.

പാഠം 20

വാസവദത്ത

പണ്ട് വത്സരാജ്യത്തിൽ ഉദയനനെന്ന പേരായ ഒരു രാജാവുണ്ടായിരുന്നു. അർജ്ജുനപുത്രനായ അഭിമന്യുവിൻെറ വംശപരമ്പരയിൽ ഇരുപത്തഞ്ചാമനായിരുന്നു അദ്ദേഹം.

ഉദയനൻ വിദഗ്ദ്ധനായ ഒരു വൈണികനായിരുന്നു; അതുപോലെ ഒരു നല്ല ഗജശാസ്ത്രജ്ഞനും. ഗുണസമ്പൂർണ്ണനായ അദ്ദേഹത്തിൻെറ സൽകീർത്തി നാടൊട്ടുക്കു പരന്നു. അന്ന് അവന്തിരാജ്യത്തിൻെറ അധിപനായിരുന്ന പ്രദ്യോതൻ തൻെറ പുത്രിയായ വാസവദത്തയെ അദ്ദേഹത്തിന്ന് വേളികഴിച്ചുകൊടുക്കണമെന്ന് ആഗ്രഹിച്ചു, എന്നാൽ നേർവഴിക്ക് അത് സാധിക്കാൻ തടസ്സങ്ങൾ ഉണ്ടായിരുന്നു. അതിനാൽ പ്രദ്യോതൻ ഒരു സൂത്രം പ്രയോഗിച്ചു. നായാട്ടിന്നുപോയ ഉദയനനെ ഒരു കൃത്രിമഗജത്തിൻെറ നേർക്ക് ആകർഷിച്ചു ഒററപ്പെടുത്തി, വനമദ്ധ്യത്തിലേയ്ക്ക് കൊണ്ടുപോയി. ആ ആനയ്ക്കകത്തുണ്ടായിരുന്ന പടയാളികൾ അവിടെവച്ച് അദ്ദേഹത്തെ പിടിച്ചു ബന്ധിച്ചു. അങ്ങനെ അസ്വതന്ത്രനായി, പ്രദ്യോതൻെറ രാജധാനിയിൽ ഉദയനന്ന് കഴിഞ്ഞുകൂടേണ്ടി വന്നു.

പ്രദ്യോതൻ തൻെറ മകളെ വീണവായന പഠിയ്ക്കാൻ ഉദയനൻെറ അടുക്കൽ അയച്ചു. കുലം, രൂപം, വയസ്സ്, വിദ്യ, സൗശീല്യം എന്നിവയിൽ അനുരൂപരായിരുന്ന അവർ ക്രമേണ അനുരക്തരായിത്തീർന്നു.

പ്രദ്യോതൻെറ ഉദ്ദേശവും അതുതന്നെയായിരുന്നു. എന്തിനേറെ ? മന്ത്രിയായ യൗഗന്ധരായണൻെറ സഹായത്തോടുകൂടി ഉദയനൻ തടവുചാടിപ്പോന്നതു് ഈ ശിഷ്യയേയും കൂട്ടിക്കൊണ്ടാണു്.

രാജധാനിയായ കൗശാംബിയിൽ വാസവദത്തയോടുകൂടി ഉദയനൻ സുഖമായി താമസിക്കെ, ആരുണി എന്നുപേരായ ശത്രുരാജാവു് വത്സരാജ്യം ആക്രമിച്ചു് മുക്കാലും കീഴടക്കിക്കളഞ്ഞു. "അദ്ദേഹത്തെ തോല്പിക്കാനെന്തു വിദ്യ ?" യൗഗന്ധരായണൻ ആലോചിച്ചു. ഒരൊററ വഴിയേ ഉള്ളു ; അതത്ര എളുപ്പമായിരുന്നുമില്ല.

മഗധരാജ്യത്തിലെ രാജാവായ ദർശകനു് പത്മാവതിയെന്നു പേരായ ഒരു സഹോദരി ഉണ്ടായിരുന്നു. അവളെ ഉദയനൻ വേൾക്കുകയാണെങ്കിൽ പ്രബലനായ ദർശകൻെറ സഹായം കിട്ടും ; അങ്ങനെ

ആരുണിയെ ഓടിക്കാം. ഇക്കാര്യം രാജാവിനോട്ട പറഞ്ഞിട്ടെന്തു പ്രയോജനം ? തൻെറ പ്രാണപ്രിയയായ വാസവദത്ത ജീവിച്ചിരിക്കെ, രാജ്യത്തിന്നു വേണ്ടിയായാൽക്കൂടി, മറെറാരുവളെ വേൾക്കാൻ അദ്ദേഹം സന്നദ്ധനാവുകയില്ല. നയശാലിയായ മന്ത്രി വാസ്വദത്തയുടെ അഭിപ്രായം ചോദിച്ചു. പ്രേമത്തേക്കാൾ കൂടുതലായി, തൻെറ ഭത്താവിന്നു വേണ്ടി, സ്വകത്തവ്യത്തെ മാനിക്കാൻ ആ മഹതി സന്നദ്ധയായായി. വാസവദത്ത മരിച്ചുപോയി എന്ന ഒരു വാത്ത നാട്ടിൽ പരത്തുകയും, എന്നാൽ വാസവദത്ത ഒളിച്ചു താമസിക്കുകയും ചെയ്യണമെന്ന് യൗഗന്ധരായണൻ നിശ്ചയിച്ചു. വാസവദത്ത ഇല്ലാതായാൽ രാജാവു് രാജ്യത്തിന്നുവേണ്ടിയുള്ള ഒരു ത്യാഗമെന്ന നിലയിലെങ്കിലും പത്മാവതിയെ വേൾക്കുമല്ലോ.

രാജാവു് നായാട്ടിന്നുപോയിരുന്ന ഒരു സന്ദർഭമാണു് യൗഗന്ധരായണൻ ഇതിന്നു തിരഞ്ഞെടുത്തതു്. ലാവണകഗ്രാമത്തിന്നു തീ പിടിച്ചപ്പോൾ വാസവദത്തയും രാജ്ഞിയെ രക്ഷിക്കാനുള്ള ശ്രമത്തിൽ യൗഗന്ധരായണനും മരിച്ചുപോയി എന്ന ഒരു കിംവദന്തി പരത്തി. രാജ്ഞിയുടെ ഉരുകിശ്ലേഷിച്ച ആഭരണങ്ങൾ കണ്ടു്, രാജാവു് വ്യസനാധിക്യം നിമിത്തം തീയിൽചാടി ആത്മഹത്യചെയ്യാൻ തുനിഞ്ഞു. എങ്കിലും മന്ത്രിയായ രുമണ്വാനും മററുള്ളവരുംകൂടി, വളരെ പണിപ്പെട്ടു്, അദ്ദേഹത്തെ ആ സാഹസത്തിൽനിന്നു് തടഞ്ഞുനിത്തി.

യൗഗന്ധരായണൻ ഒരു സന്ന്യാസിയുടേയും വാസവദത്ത ഒരവന്തിരാജ്യക്കാരിയുടേയും വേഷം ധരിച്ചു്, പത്മാവതിയുടെ അടുക്കലെത്തി. ആവ

ന്തിക തൻെറ സഹോദരിയാണെന്നും താൻ തിരിച്ചു വരുന്നതുവരെ അവളെ സംരക്ഷിച്ചാൽ കൊള്ളാമെന്നുംപറഞ്ഞു്, യൗഗന്ധരായണൻ വാസവദത്തയെ പത്മാവതിയുടെ പക്കൽ ഏല്പിച്ചു.

ഉദയനൻെറ ഗുണങ്ങൾ കേട്ടറിഞ്ഞ ദർശകൻ പത്മാവതിയെ അദ്ദേഹത്തിന്നു് വേളികഴിച്ചുകൊടുക്കാനുറച്ചു. വാസവദത്തയെ മറക്കുക സാദ്ധ്യമായിരുന്നില്ലെങ്കിലും ബന്ധുക്കളുടെ സ്നേഹപൂർവ്വമായ നിർബ്ബന്ധത്തിന്നു ഉദയനൻ വഴങ്ങി. പുതിയ ബന്ധുവായിത്തീർന്ന രാജാവിൻെറ വിപുലമായ സേനയുടെ സഹായംകൊണ്ടു് ആരുണിയെ തോല്പിച്ചോടിക്കുകയും ചെയ്തു.

ഇതിനിടയ്ക്കു് ഒരിക്കൽ മഗധരാജ്യത്തിലെ വിശ്രമഗൃഹത്തിൽ രാജാവു് ഉറങ്ങിക്കിടക്കുന്ന സന്ദർഭത്തിൽ ആവന്തിക അവിടെയെത്താൻ ഇടയായി. പത്മാവതി അവിടെ തലവേദനയായിക്കിടക്കുകയാണെന്നു് ചേടിമാർ പറഞ്ഞതനുസരിച്ചാണു് അവൾ അങ്ങോട്ടു ചെന്നതു്. അവിടെ മൂടിപ്പുതച്ചു കിടന്നിരുന്നതാകട്ടെ ഉദയനൻ ആയിരുന്നു. അദ്ദേഹം വാസവദത്തയെ ഉറക്കത്തിൽ സ്വപ്നംകണ്ടു് എന്തൊക്കെയോ പറയുകയാണു്. പെട്ടെന്നു് അദ്ദേഹം ഉണൎന്നപ്പോഴേയ്ക്കു് വാസവദത്ത ഓടിമറഞ്ഞു.

ശത്രുവിനെ തോല്പിച്ചശേഷം, വാസവദത്തയെ തിരിയെക്കൊണ്ടുപോകാനായി യൗഗന്ധരായണൻ പത്മാവതിയുടെ അടുത്തുചെന്ന സന്ദർഭത്തിൽ സത്യം പുറത്തായി. ആനന്ദവിവശനായ രാജാവു് മന്ത്രിയെ അഭിനന്ദിക്കുകയാണു് ചെയ്തതു്.

അഭ്യാസം

1. രണ്ടാമത്തെ ഖണ്ഡികയിലെ നാമപദങ്ങൾ എടുത്തെഴുതി അവ ഏതു വിഭാഗത്തിൽപ്പെടുന്നു എന്നു കാണിക്കുക.

2. മററു കാലങ്ങൾ എഴുതുക :—
പരന്നു, ഉണ്ടായി, ഒററപ്പെടുത്തി, വന്നു.

3. പ്രഥമപുരുഷസർവ്വനാമത്തെക്കുറിച്ചു നിങ്ങൾ പഠിച്ചുവല്ലോ. അതിന്നു് ലിംഗഭേദമുണ്ടെന്നും മനസ്സിലാക്കി. എന്നാൽ മദ്ധ്യമപുരുഷനിലേയും ഉത്തമപുരുഷനിലേയും സർവ്വനാമങ്ങൾക്കു ലിംഗഭേദമുണ്ടോ? തന്നെക്കുറിച്ചു സ്ത്രീയും പുരുഷനും പറയുന്നതെങ്ങിനെ? 'ഞാൻ' എന്നുതന്നെ. സംസാരിക്കുമ്പോൾ കേൾക്കുന്ന വ്യക്തി സ്ത്രീയാണെങ്കിൽ അവളെ കുറിക്കുന്നതിന്നു് ഏതു് മദ്ധ്യമപുരുഷസർവ്വനാമം ഉപയോഗിക്കും? പുരുഷനെപ്പോലെ 'നീ' എന്നുതന്നെ. അതുകൊണ്ടു ഉത്തമപുരുഷസർവ്വനാമത്തിന്നും മദ്ധ്യമപുരുഷസർവ്വനാമത്തിന്നും ലിംഗഭേദം ഇല്ലെന്നു മനസ്സിലാക്കണം.

4. പ്രദ്യോതൻ ഉദയനനെ മകളുടെ ഭർത്താവാക്കുന്നതിന്നു സ്വീകരിച്ച ഉപായമെന്തു്?

5. യൗഗന്ധരായണൻ എന്തിനാണു് 'വാസവദത്ത മരിച്ചുപോയി' എന്നുള്ള കിംവദന്തി പരത്തിയതു്?

6. ഉദയനനെക്കൊണ്ടു പത്മാവതിയെ വിവാഹം ചെയ്യിക്കാൻ യൗഗന്ധരായണൻ എന്തു കൗശലം പ്രയോഗിച്ചു?

പാഠം 21

രാപ്പൂക്കൾ

അരിയൊരു പിച്ചകപ്പൂവേ! പറക നീ
വിരിവതെന്തിങ്ങനെ രാവിൽ?
പകലിൻ വെളിച്ചത്തിലാണുല്ലസിപ്പതു
പല മലരീയലക്കാവിൽ.
ഉതിരുന്നിതായവ കൂമ്പി വിളർത്തിരു-
ളുലകം വിഴുങ്ങുമളവിൽ.

സുരഭിലനിശ്വസിതത്തൊടായക്കൊച്ചു പൂ-
വുരചെയ്തിതേവമന്നേരം :—
"നിറമിയന്നീടും പരിസരത്തിങ്കലെ-
പ്പിറവിയാഡംബരോദാരം.
ഇരുളിലും കാണാം വിനീതമാം ജീവിതം
വിരിയാൻ പ്രകാശപ്രസരം.
മലിനതയേതുമേ കരളിൽ പുരളാതെ
മരുവണമൊന്നതേസാരം!"

—ജി.

അഭ്യാസം

1. അരിയ = അപൂർവ്വമായ. അലക്കാവ് = പൂന്തോട്ടം. സുരഭിലനിശ്വസിതം = സുഗന്ധമുള്ള നിശ്വാസം. ഏവം = ഇപ്രകാരം. ആഡംബരോദാരം = ആഡംബരംകൊണ്ട് ശ്രേഷ്ഠം. പ്രകാശപ്രസരം = പ്രകാശത്തിന്റെ വ്യാപ്തി.

2. ചേർത്തെഴുതുക :—
അരിയ + ഒരു. അലർ + കാവ്. ഏവം + അന്നേരം. പിറവി + ആഡംബരോദാരം.

3. കൊച്ചുപൂവ് പറഞ്ഞതെന്തെന്ന് സ്വന്തം വാക്യത്തിലെഴുതുക.

4. അവസാനത്തെ നാലുവരികളിലെ നാമപദങ്ങളെടുത്തെഴുതി അവ ഏതേതു നാമവിഭാഗത്തിൽ പെടുന്നുവെന്നു കാണിക്കുക.

5. ആദ്യത്തെ നാലുവരികളുടെ അർത്ഥമെഴുതുക.

പാഠം 22

ആരോമൽച്ചേകവർ

പുത്തുരംവീട്ടിൽ പണ്ട് ഒരു ചേകവർ ഉണ്ടായിരുന്നു. വലിയ പടത്തലവനായ അദ്ദേഹത്തിന്ന് ആരോമുണ്ണി എന്നൊരു പുത്രനുണ്ടായി. മകൻ വിദ്യയും പതിവുപ്രകാരമുള്ള പയററും കാലേക്കൂട്ടിത്തന്നെ അഭ്യസിച്ച് രണ്ടിലും അതിസമർത്ഥനായിത്തീർന്നു. അച്ഛനമ്മമാർക്കും, ബന്ധുക്കൾക്കും ആരോമുണ്ണി കണ്ണിലുണ്ണിയായിരുന്നു. ആ വീരപരാക്രമി താലികെട്ടിയതു് അമ്മാമൻെറ മകളായ തുമ്പോലാർച്ചയെ ആണെങ്കിലും, വിവാഹം കഴിച്ചതു് ആലത്തൂർ വീട്ടിലെ കുഞ്ചുണ്ണൂലിയെയാണ്.

അക്കാലത്തു് പ്രതിയാതിരിനാട്ടിൽ കുറുങ്ങാട്ടിടം എന്ന വീട്ടിൽ കാരണവസ്ഥാനത്തെപ്പററി ഒരു തക്കം മുത്തവിച്ചു. അവിടത്തെ കാരണവർ വയസ്സായപ്പോൾ തീത്ഥയാത്രക്കു പുറപ്പെട്ടു. അപ്പോൾ അദ്ദേഹം ഉണിക്കോനാരു് എന്ന തൻെറ മരുമകനെയാണു് താക്കോൽ ഏല്പിച്ചതു്. അനന്തരവനായി ഉണിച്ചന്ത്രോരു് എന്നൊരാൾകൂടി ഉണ്ടായിരുന്നു. ജേഷ്ഠാനുജത്തിമാരുടെ മക്കളായിരുന്നു അവർ രണ്ടുപേരും. അവക്കു പ്രായത്തിൽ വലിയ വ്യത്യാസമുണ്ടായിരുന്നില്ല. കാരണവർ തീത്ഥയാത്ര കഴിഞ്ഞു മടങ്ങിവന്നയുടനെ ദീനം പിടിച്ചു മരിച്ചു. സഞ്ചയനദിവസം, ആദ്യം അസ്ഥി പെറുക്കേണ്ടതു് ആരാണെന്നു തക്കമായി. രണ്ടുപേരും ഒന്നിച്ചുതന്നെ അസ്ഥിപെറുക്കി. ബാക്കി കമ്മങ്ങളെല്ലാം വേണ്ടവിധം നിവ്വഹിച്ചു. അടുത്ത കാരണവസ്ഥാനം തീരുമാനിക്കുന്നതിനുവേണ്ടി മൂപ്പിളമത്തക്കമുണ്ടായി. അതു തീരുമാനിക്കുവാൻ വയററാട്ടിയെവരെ വരുത്തി വിസ്തരിച്ചു. ഫലമൊന്നുമുണ്ടായില്ല. മണ്ണാത്തിയെ വരുത്തി തെളിവു ശേഖരിച്ചു. തെളിവുകളെല്ലാം ഉണിക്കോനാക്കു് അനുകൂലമായിരുന്നതിനാൽ ഉണിച്ചന്ത്രോർ സമ്മതിച്ചില്ല. ഉണിക്കോനാർ പതിവായി മത്സ്യം കൊട്ടക്കുന്ന മുക്കുവനോടു കുറെ മത്സ്യം കൊണ്ടുവരുവാൻ പറഞ്ഞിരുന്നു. അവൻ മത്സ്യം കൊണ്ടുവന്നപ്പോൾ ഉണിച്ചന്ത്രോരു് അതിൻെറ തലയും വാലും കുടലും ഒഴിച്ചു് ബാക്കിയെല്ലാം സ്വന്തമാക്കി. കുടലും മററും പൊതിഞ്ഞുകെട്ടി ഉണിക്കോനാക്കു് എത്തിച്ചുകൊടുത്തപ്പോൾ ഉണിക്കോനാരുടെ അമ്മ അതെടുത്തു് മകൻെറ മുഖത്തെറിഞ്ഞു. മുക്കുവൻെറ ധിക്കാരമോത്തു് ഉണിക്കോനാർ അവനെ

പിടികൂടി പ്രഹരം തുടങ്ങി. വിവരമറിഞ്ഞു് ഉണിച്ചന്ത്രോരും വന്നു. പിന്നെ കലഹം അവർ തമ്മിലായി. ഒടുവിൽ ആക്ഷേപം നാടുവാഴിയുടെ അടുക്കൽ എത്തി.

തൃപ്രങ്ങോട്ടപ്പന്റെ തൃപ്പടിയിന്മേൽ പൊന്നും വെള്ളിയും പൊതിഞ്ഞുവച്ചു് കണ്ണടച്ചു ചെന്നെടുക്കുമ്പോൾ പൊൻപൊതി കിട്ടുന്ന ആൾ കാരണവരും, മററയാൾ ഇളമീന്നും ആയിക്കൊള്ളട്ടെ എന്നായിരുന്നു നാടുവാഴിയുടെ തീൎപ്പു്. ഇക്കാൎയ്യത്തിലും ഉണിച്ചന്ത്രോരു് തോററു. പിന്നെ അങ്കംകൊണ്ടു് കാര്യം തീൎച്ചയാക്കാമെന്നു അവകാശികൾ സമ്മതിച്ചു. ഉണിച്ചന്ത്രോരു് ചതിയനായ അരിങ്ങോടരെ തന്റെ ചേകോനായി നിശ്ചയിച്ചു. അങ്കത്തട്ടു പണിയുന്നതിൽ മുറിപ്പലകകൾ ചേൎത്തുവച്ചു ചതിചെയ്തു.

ഉണിക്കോനാർ മിടുക്കനായ ഒരു ചേകോനെ അന്വേഷിച്ചു വടക്കോട്ടാണു് പുറപ്പെട്ടതു്. ആരോമൽച്ചേകവരുടെ വൎത്തമാനം അറിഞ്ഞു്, അദ്ദേഹം പുത്തൂരംവീട്ടിൽ എത്തി, ചേകവരെ വിവരം ധരിപ്പിച്ചു. എതിർകക്ഷി അരിങ്ങോടരാണെന്നറിഞ്ഞപ്പോൾ അദ്ദേഹം ഒഴിയുവാൻ നോക്കി. ഒടുവിൽ ആയിരത്തൊന്നു പണമിട്ടു കെട്ടിയ നൂറെറാന്നു കിഴിയും പതിവുപ്രകാരമുള്ള മൂന്നു കിഴിയും കൊടുക്കാമെന്നു പറഞ്ഞു് ഉണിക്കോനാർ ചേകവരെ സമ്മതിപ്പിച്ചു.

അങ്കത്തിനായി വാങ്ങിയ പണം ഉററവരാരെങ്കിലും ഏറ്റെടുക്കണമെന്നാണു് സാധാരണ നിശ്ചയം. എന്നാൽ, ചേകവരുടെ അച്ഛൻ

അതേററെടുക്കാൻ തീരെ സമ്മതിച്ചില്ല. അവസാനം ബന്ധുജനങ്ങളുടെ അനുമതി കൂടാതെതന്നെ ചേകവർ അങ്കത്തിനു ഒരുങ്ങി.

പുത്തൂരംവീട്ടിൽ ഇങ്ങനെ അങ്കപ്പുറപ്പാടിനു് വട്ടംകൂട്ടിയ സമയത്തു് ചേകവരുടെ പെങ്ങളായ ഉണ്ണിയാർച്ച ഭർത്താവിൻെറ വീട്ടിലായിരുന്നു. ഗർഭിണിയായിരുന്ന അവൾ ആങ്ങളയുടെ അങ്കത്തെപ്പററി സ്വപ്നം കാണുകയും ഏതെങ്കിലും തരത്തിൽ അതു് മുടക്കണമെന്നു നിശ്ചയിക്കുകയും ചെയ്തു. ഉണ്ണിയാർച്ച ആരെയും തുണകൂട്ടാതെ, എണ്ണയും തേച്ചു കുളിക്കാനെന്ന മട്ടിൽ പുറപ്പെട്ടു. എണ്ണ തേച്ച തന്നെ കാണുമ്പോൾ ശകുനം നന്നല്ലെന്നു വിചാരിച്ചു് ആങ്ങള പിന്തിരിയും എന്നായിരുന്നു അവളുടെ വിചാരം. പുത്തൂരംവീട്ടിലെത്തിയ ഉണ്ണിയാർച്ച സ്വപ്നം വാസ്തവമാണെന്നു ധരിച്ചതോടുകൂടി ബോധംകെട്ടു വീണു. ആരോമൽച്ചേകവർ പെങ്ങളെയെടുത്തു ബോധം തെളിയിച്ചു. അവളെ സമാധാനിപ്പിക്കുവാൻ അയാൾ പണിപ്പെട്ടു. തനിക്കു ചീത്തക്കാലമായതിനാൽ മരണത്തിനു യോഗമുണ്ടെന്നും അങ്കത്തിൻ്റെവച്ചു അതു സംഭവിച്ചാൽ അഭിമാനം കാക്കാമല്ലോ എന്നും അവളോടു പറഞ്ഞു. ആരോമൽച്ചേകവർ തൻെറ കൈയിലിട്ടിരുന്ന മോതിരം ഉണ്ണിയാർച്ചയെ ഏല്പിച്ചിട്ടു്, അവൾ പ്രസവിക്കുന്ന കുട്ടിക്കു തൻെറ പേരിട്ടു് ആ മോതിരം കെട്ടിച്ചു് അവനെ വളർത്തണമെന്നു പറഞ്ഞു പിരിഞ്ഞു.

തുണയായി ചന്തുവിനെക്കൊണ്ടു പോകാൻ ചേകവരുടെ അച്ഛൻ ഉപദേശിച്ചു. ചതിയനായ ചന്തുവിനെക്കൊണ്ടുപോകുവാൻ ചേകവക്കു സമ്മത

മുണ്ടായിരുന്നില്ലെങ്കിലും വേറെ ആരുമില്ലാത്തതിനാൽ അയാളെത്തന്നെ കൂട്ടിനു നിശ്ചയിച്ചു.

ചന്തു യാത്രാമദ്ധ്യേ അരിങ്ങോടരെ കണ്ടുമുട്ടി. അയാൾ ചന്തുവിനെ സല്ക്കരിച്ചു. അയാളുടെ പ്രേരണകൊണ്ട് ചന്തു കൊല്ലനോട്ടു പറഞ്ഞു് ആരോമൽച്ചേകവക്കുള്ള ചുരിക മുളയാണിയിട്ടു മുറുക്കി പൊൻകാരമിട്ടു വിളക്കിച്ചു. ഈ ചതി കൊല്ലത്തി അറിഞ്ഞെങ്കിലും പുറത്തു മിണ്ടിയില്ല.

ആരോമൽച്ചേകവർ ബന്ധുക്കളോട്ട് അവസാനയാത്ര പറഞ്ഞു് അങ്കത്തിനു പുറപ്പെട്ടു. അങ്കത്തട്ടു കണ്ടപ്പോൾ അദ്ദേഹത്തിനു സംശയം തോന്നി. പക്ഷേ, ആശാരി കള്ളപ്പണി അറിയിക്കാതെ ഒരുവിധത്തിൽ തട്ടു വഴങ്ങി ഏല്പിച്ചു.

ആദ്യമായി കോഴിയങ്കം തുടങ്ങി. ചേകവരുടെ കോഴി അരിങ്ങോടരുടെ കോഴിയെ കൊത്തി. അതിൻെറ കുടൽമാല വലിച്ചെടുത്തു. പിന്നെ രണ്ടു ചേകവന്മാരും അങ്കം തുടങ്ങി. രണ്ടുപേരും അടവുകളെല്ലാം പ്രയോഗിച്ചു. അരിങ്ങോടർ ചതിക്കാൻ പുറപ്പെട്ടപ്പോൾ ആരോമർ നോക്കിത്തടുത്തു. അങ്കം മുറുകി വന്നപ്പോൾ ആരോമരുടെ ചുരിക കണമുറിഞ്ഞു വീണു. ചന്തു പകരം ചുരിക കൊടുത്തില്ല. അരിങ്ങോടർ ആ തക്കംനോക്കി ആഞ്ഞൊന്നു വെട്ടി. ആരോമർ സൂക്ഷിച്ചു തടുത്തതിനാൽ ആപത്തു സംഭവിച്ചില്ല. ചേകവന്മാക്ക ചേരാത്ത പ്രവൃത്തി കണ്ടു്, അദ്ദേഹം മുറിച്ചുരിക അരിങ്ങോടരുടെ നേക്കെറിഞ്ഞു; അരിങ്ങോടരുടെ തല തെറിച്ചു. അങ്കത്തളച്ച് കൊണ്ടു് ആരോമർ ചന്തുവിൻെറ മടിയിൽ തലവച്ച്

ഒന്നു മയങ്ങി. നിർദ്ദയനും നീചനും ആയ ചന്തു
അവസരം പാഴാക്കാതെ കുത്തുവിളക്കിന്റെ തണ്ടെ
ടുത്തു് ചൂട്ടപിടിപ്പിച്ചു് ആരോമരുടെ വയററത്തുണ്ടാ
യിരുന്ന മുറിവിൽ ഒന്നു കുത്തി. ആരോമൽച്ചേകവർ
ഞെട്ടി എഴുന്നേററപ്പോഴേയ്ക്കും, ചന്തു ആൾക്കൂട്ടത്തിൽ

മറഞ്ഞു കഴിഞ്ഞു. അങ്കം ജയിച്ചതിന്റെ ആർപ്പുവിളി
ഒരുഭാഗത്തു നടന്നുകൊണ്ടിരിക്കുമ്പോൾ ആലസ്യം
പററിയ ആരോമരെ കനകപ്പല്ലക്കിലേററി ഒരുക്കൂട്ടർ
വീട്ടിലേക്കു കൊണ്ടുപോയി. അച്ഛനെയും അമ്മ
യെയും പരിഭ്രമിപ്പിക്കേണ്ടെന്നു കരുതി അദ്ദേഹം

പല്ലക്കിൽ നിന്നിറങ്ങി നടന്നു. വീട്ടിലെത്തിയ ആരോമർ തന്നെ ആലിംഗനം ചെയ്ത മാതാപിതാക്കളോട്ട് ചന്തുവിൻെറ ചതിയെപ്പററി വിസ്തരിച്ചു പറഞ്ഞു. ഇതിനകം ചേകവരുടെ സ്ഥിതി ആപല്ക്കരമായിത്തീൎന്നു. അദ്ദേഹം ഇളനീർ വാങ്ങിക്കുടിച്ചു കൈകൂപ്പി കണ്ണടച്ചു.

അഭ്യാസം

1. ഈ പാഠത്തിലെ ആദ്യത്തെ ഖണ്ഡികയിലുള്ള സംജ്ഞാനാമങ്ങളും സാമാന്യനാമങ്ങളും എടുത്തെഴുതുക.

2. മററ ലിംഗമെഴുതുക :—

   മകൾ, അമ്മാവൻ, സമർത്ഥൻ, അനുജത്തി, ഉററവൻ, പെങ്ങൾ, കൊല്ലൻ.

3. 'ചതിയനായ അരിങ്ങോടർ'—'അരിങ്ങോടർ' ഒരു മനുഷ്യൻെറ പേരാണ്. അതിനാൽ സംജ്ഞാനാമമാകുന്നു. 'ചതിയനായ' എന്ന പദം നാമമല്ല. അതു് അരിങ്ങോടർ എങ്ങനെയുള്ള ആളാണെന്നു കാണിക്കുന്നു. ഇപ്രകാരം ചെയ്യുന്നതിന്നു് വിശേഷിപ്പിക്കുക എന്നു പറയും. വിശേഷിപ്പിക്കുന്ന പദത്തിന്നു് വിശേഷണം എന്നു പേർ. 'അരിങ്ങോടർ' എന്ന നാമത്തെ വിശേഷിപ്പിക്കുന്നതുകൊണ്ടു് അതു് നാമവിശേഷണമാണു്.

4. നാമവിശേഷണം എടുത്തെഴുതുക :—

   വാങ്ങിയ പണം, ഗർഭിണിയായ അവൾ, കൈയിലിട്ടിരുന്ന മോതിരം, നീചനായ ചന്തു.

5. ഉണ്ണിക്കോനാരും ഉണ്ണിച്ചന്ത്രോരും തമ്മിലുള്ള വഴക്കിന്നു കാരണമെന്തു്?

6. അരിങ്ങോടർ ആരോമൽച്ചേകവരെ ചതിച്ചതെങ്ങനെ?

7. ആരോമൽച്ചേകവരും അരിങ്ങോടരും തമ്മിലുണ്ടായ അങ്കം സ്വന്തം വാക്യത്തിൽ വിവരിക്കുക.

പാഠം 23

കുഞ്ചൻ നമ്പ്യാർ

നിങ്ങൾ സ്കൂളിലെ വാർഷികോത്സവത്തിനു് ഓട്ടൻതുള്ളൽ കണ്ടിട്ടുണ്ടാവും; ചിരിച്ചു രസിച്ചിട്ടുണ്ടാവും. ആ കലാരൂപം ആദ്യം അവതരിപ്പിച്ചതു് ആരാണെന്നു് ആലോചിച്ചിട്ടുണ്ടാവില്ല. തുള്ളൽ പ്രസ്ഥാനത്തിൻെറ അവതാരകൻ കലക്കത്തു് കുഞ്ചൻ നമ്പ്യാരാണെന്നു് നിങ്ങളിൽ എത്രപേർ മനസ്സിലാക്കിയിട്ടുണ്ടു്?

നമ്മുടെ മഹാന്മാരിൽ പലരുടേയും ജീവിതത്തെപ്പററി നമുക്കു് അധികമൊന്നും അറിവില്ല. തുള്ളൽ കൃതികളെക്കൊണ്ടു് മലയാളഭാഷയെ സമ്പന്നമാക്കിയ കുഞ്ചൻനമ്പ്യാരുടെ കഥയും അതുതന്നെ. പലരും പല ഊഹങ്ങൾ ചെയ്യുന്നതല്ലാതെ, രേഖകളെക്കൊണ്ടു് തെളിയിക്കത്തക്കതായി ഒന്നും നമ്പ്യാരെപ്പററി അറിയാൻ കഴിഞ്ഞിട്ടില്ല.

കുഞ്ചൻനമ്പ്യാരുടെ ജനനസ്ഥലം, ലക്കിടി തീവണ്ടിയാപ്പീസ്സിനടുത്തുള്ള കിള്ളിക്കുറുശ്ശിമംഗലമാണെന്നാണ് പ്രസിദ്ധമായ ഐതിഹ്യം. ഏററുമാന്നൂരിന്നടുത്തുള്ള കിടങ്ങൂർ എന്ന സ്ഥലത്താണ് നമ്പ്യാർ ജനിച്ചതെന്നും ചിലക്ക് അഭിപ്രായമുണ്ട്. കിടങ്ങൂരിലെ കല്ലമ്പള്ളി എന്ന നമ്പൂതിരിഗൃഹത്തിൽനിന്ന് ഒരു നമ്പൂതിരി കിള്ളിക്കുറിശ്ശിമംഗലത്തു മഹാദേവക്ഷേത്രത്തിൽ ശാന്തിക്കാരനായി ജോലിനോക്കുന്ന കാലത്ത് കലക്കത്ത് നമ്പ്യാർഭവനത്തിൽ ഒരു സ്ത്രീയെ കല്യാണം കഴിച്ചുവെന്നും ശാന്തിയുടെ കാലാവധി കഴിഞ്ഞു് അദ്ദേഹം ഭാര്യയേയും കൂട്ടി കിടങ്ങൂക്ക് മടങ്ങിപ്പോയെന്നും അവിടെ വച്ചു പ്രസവിച്ചുണ്ടായ കുട്ടിയാണ് കുഞ്ചൻനമ്പ്യാരെന്നും അക്കൂട്ടർ കരുതുന്നു. കിടങ്ങൂക്കാരനായ ഒരു നമ്പ്യാരായിരുന്നു കുഞ്ചൻ നമ്പ്യാരുടെ പിതാവെന്നു വിശ്വസിക്കുന്നവരുമുണ്ട്. ജനനകാലത്തെക്കുറിച്ചും രണ്ടു് അഭിപ്രായമുണ്ട്—കൊല്ലവഷം 888_ാമാണ്ടിടയ്ക്കെന്നും അതല്ല, 900_ാമാണ്ടിടയ്ക്കാണെന്നും.

കുഞ്ചൻനമ്പ്യാരുടെ വിദ്യാഭ്യാസം കോട്ടയത്തുവച്ചായിരുന്നു നിവ്വഹിക്കപ്പെട്ടതു്. തെക്കേടത്ത് നാരായണഭട്ടതിരിയുടെ കീഴിൽ അദ്ദേഹം ശബ്ദശാസ്ത്രം പഠിച്ചുതുടങ്ങി. തുള്ളലിൽ കാണുന്ന ബ്രാഹ്മണ ഗുരു, തെക്കേടത്തു ഭട്ടതിരിയല്ല, തൃക്കാരമൺ ഭട്ടതിരിയാണ് എന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. അദ്ദേഹത്തെ കൂടാതെ നന്തിക്കാട്ട് ഉണ്ണിരവിക്കുറുപ്പ്, ഓണമ്പിള്ളി നായ്ക്കർ എന്നീ രണ്ടാചാര്യന്മാരേയും നമ്പ്യാർ സ്മരിക്കുന്നുണ്ട്.

ചെറുപ്പത്തിൽത്തന്നെ കുഞ്ചൻനമ്പ്യാരിൽ കവിതാവാസന തെളിഞ്ഞുകണ്ടു. തൻെറ കവിതാ

കൊണ്ടു് അദ്ദേഹം ഗുരുനാഥനായ തെക്കേടത്തു ഭട്ടതിരിയുടെ അഭിമാനം രക്ഷിച്ചതായി ഒരു കഥ ഉണ്ടു്. അതു് ഇങ്ങനെയാണു്:

തെക്കേടത്തു ഭട്ടതിരി അമ്പലപ്പുഴ രാജാവിൻെറ വിദ്വത്സദസ്സിലെ അംഗമായിരുന്നു. ഒരിക്കൽ ഒരു പ്രശസ്തപണ്ഡിതനുമായി അദ്ദേഹത്തിനു് വാദത്തിൽ ഏറ്റുമുട്ടേണ്ടിവന്നു. ആരും തോല്ക്കാതെ, വാദം വളരെദ്ദിവസം നീണ്ടു. ഇതു തടയാൻ രജാവു് ഒരു ഉപായം കണ്ടുപിടിച്ചു. അന്നു രാത്രിതന്നെ പന്ത്രണ്ടു സർഗ്ഗത്തിൽ കുറയാതെയുള്ള ഒരു മണിപ്രവാളകാവ്യം എഴുതി, പിറേറന്നാൾ ഹാജരാക്കണമെന്നദ്ദേഹം കല്പിച്ചു. അതിൽ ജയിക്കുന്ന ആളായിരിക്കും കൂടുതൽ യോഗ്യൻ. ഭട്ടതിരിയുടെ എതിരാളിയായ ശാസ്ത്രികൾക്കു് മണിപ്രവാളത്തിൽ കവിതയെഴുതാൻ കഴിവുണ്ടായിരുന്നില്ല; ഭട്ടതിരിക്കും കഴിവില്ല. പക്ഷെ ഭട്ടതിരിക്കുവേണ്ടി കുഞ്ചൻനമ്പ്യാർ ആ കൃത്യം നിർവ്വഹിച്ചു; ഭട്ടതിരി ജയിച്ചു. ഈ കാവ്യമാണത്രെ ശ്രീകൃഷ്ണചരിതം മണിപ്രവാളം. നമ്പ്യാരുടെ ഈ യോഗ്യതകണ്ടു് സന്തോഷിച്ച രാജാവു് അദ്ദേഹത്തിനു് അമ്പലപ്പുഴ ഒരു മഠം പണിയിച്ചു കൊടുത്തു. അമ്പലത്തിൽനിന്ന ചോറും പാല്പായസവും അപ്പവും, പക്കത്തുനിന്നു് ഊണും പതിനഞ്ചു പണം മാസപ്പടിയും നമ്പ്യാരുടെ പേരിൽ പതിച്ചു കൊടുക്കാനും രാജാവു കല്പിച്ചു. ഇതനുസരിച്ചു നമ്പ്യാർ അമ്പലപ്പുഴെ താമസമാക്കി.

അമ്പലപ്പുഴവച്ചു് കുഞ്ചൻ പലരുമായി പരിചയം സമ്പാദിച്ചു. മാത്തൂർപ്പണിക്കർ, ദ്രോണമ്പിള്ളി ആചാര്യർ മുതലായവരുമായി പരിചയ

പ്പെട്ടതു് അവിടെവച്ചാണു്. തുള്ളൽപ്രസ്ഥാനം ആരംഭിച്ചതും അവിടെത്തന്നെ. അതുസംബന്ധിച്ച രസകരമായ ഒരു കഥയുണ്ടു്.

മിക്ക അമ്പലങ്ങളിലും ഉത്സവക്കാലത്തു് ചാക്യാർകൂത്തു് പതിവുണ്ടു്. അമ്പലപ്പുഴെ അതു് പ്രധാനപ്പെട്ട ഒരിനമാണു്. ഒരിക്കൽ കുഞ്ചൻ നമ്പ്യാർ വേണ്ടിവന്നു, മിഴാവുകൊട്ടാൻ. പരിചയ ക്കുറവുകൊണ്ടു് പല പാകപ്പിഴകളും പററി. ചാക്യാർ അതിനു നമ്പ്യാരെ വളരെയധികം പരി ഹസിച്ചു. അപമാനിതനായ നമ്പ്യാർ ചാക്യാരോടു പകരം വീട്ടാൻ അന്നുരാത്രിതന്നെ 'കല്യാണസൗഗ ന്ധികം' എഴുതി. പിറേറന്നു് കൂത്തുതുടങ്ങി; നമ്പ്യാർ ഇപ്പുറത്തു തുള്ളലും, ചാക്യാരുടെ അര ങ്ങത്തു് ആളുകൾ ആരും ഇല്ലാതായി; എല്ലാവരും തുള്ളൽകാണാൻ എത്തിയിരിക്കുകയാണു്. ചാക്യാർ മഹാരാജാവിൻെറ അടുത്തു ആക്ഷേപം ബോധി പ്പിച്ചു. അമ്പലപ്പുഴ ക്ഷേത്രത്തിൽ തുള്ളൽ പാടി ല്ലെന്നു് രാജാവു് കല്പിക്കുകയും ചെയ്തു. ഇതാണു് കഥ.

ഒരു ദിവസം രാത്രികൊണ്ടു് ഉണ്ടാക്കിയതാണു് തുള്ളലെന്നു വിശ്വസിക്കാൻ വിഷമമാണു്. എങ്കിലും പണ്ഡിതന്മാരേയും പാമരന്മാരേയും ഒരുപോലെ അതു രസിപ്പിക്കുമെന്നു തീർച്ച. കളിയും കാര്യവും തുള്ളലി ലൊത്തുചേൎന്നിട്ടുണ്ടു്. തനിക്കു് ശരിയല്ലെന്നു തോന്നിയതിനെയെല്ലാം കുഞ്ചൻ ശക്തിയായി പരി ഹസിച്ചു. അറുപതിലധികം തുള്ളൽക്കഥകൾ അദ്ദേഹം എഴുതിയിട്ടുണ്ടു്. പറയൻ, ശീതങ്കൻ, ഓട്ടൻ എന്നു മൂന്നുവിധമുണ്ടു് തുള്ളൽ.

കൊല്ലവർഷം തൊള്ളായിരത്തിയിരുപത്തി മൂന്നിൽ മാർത്താണ്ഡവർമ്മ മഹാരാജാവ് ചെമ്പക ശ്ശേരി രാജാവിനെ തോല്പിച്ച് അമ്പലപ്പുഴ പിടി ച്ചടക്കി. അതുമുതൽ നമ്പ്യാർ മാർത്താണ്ഡവർമ്മയുടെ ആശ്രിതനായി തിരുവനന്തപുരത്ത് താമസമാക്കി. മഹാരാജാവിൻെറ കല്പനപ്രകാരം ഒട്ടേറെ തുള്ളൽ കൃതികൾ നമ്പ്യാർ രചിച്ചിട്ടുണ്ട്. സന്തുഷ്ടനായ മാർത്താണ്ഡവർമ്മ നമ്പ്യാർക്ക് "രണ്ടേകാല്പും കോപ്പും" കല്പിച്ചനുവദിച്ചു. മാർത്താണ്ഡവർമ്മയ്ക്കുശേഷം രാജ്യം വാണ രാമവർമ്മ കുഞ്ചന് ഒരു വീരശൃംഖലയും സമ്മാനിക്കുകയുണ്ടായി.

അതിസരസങ്ങളായ അനേകം തുള്ളൽപ്പാട്ടു കൾക്കു പുറമേ, പതിനാലുവൃത്തം, ശീലാവതി, ശ്രീകൃഷ്ണചരിതം, ശിവപുരാണം മുതലായ വിശിഷ്ട കൃതികളും നമ്പ്യാർ രചിച്ചിട്ടുണ്ട്.

ഈ മഹാകവിയുടെ അന്ത്യദിനങ്ങൾ അമ്പല പ്പുഴെത്തന്നെയാണ് കഴിഞ്ഞുകൂടിയതു്. ഒരു പേപ്പട്ടി കടിക്കയാൽ, വിഷമിളകാതിരിക്കുവാനുള്ള മരുന്നു കഴിച്ച് അദ്ദേഹം മാത്തൂരിൽ താമസിക്കുകയായിരുന്നു. അതിനിടയിൽ, മറെറാരിടത്ത് ഒരടിയന്തരസ്സദ്യ യിൽ പങ്കുകൊള്ളുകയും, തൻമൂലം വിഷമിളകി, ദയ നീയമായ രീതിയിൽ, ആ കവിശ്രേഷ്ഠൻ മൃതിയടയു കയും ചെയ്തു.

ജനങ്ങളെ ചിരിപ്പിച്ചു രസിപ്പിക്കുന്നതോ ടൊപ്പം അവർക്ക് കാര്യങ്ങൾ പറഞ്ഞുകൊടുക്കുകയും ചെയ്തു ഫലിതരസികനായ കുഞ്ചൻ നമ്പ്യാർ. ആ പ്രതിഭാശാലിയെ ഭാഷാസ്നേഹികൾ എന്നും സ്മരിക്കും.

അഭ്യാസം

1. നാമവിശേഷണം എടുത്തെഴുതുക :—

   എതിരാളിയായ ശാസ്ത്രി, രസകരമായ കഥ, ദയനീയമായ രീതി, ഫലിതരസികനായ കുഞ്ചൻ നമ്പ്യാർ.

2. മററു കാലങ്ങൾ എഴുതുക :—

   ചിരിച്ചു, ഉണ്ടാകും, കരുതുന്നു, തുടങ്ങി, നിവ്വഹിച്ചു, ല്ലിക്കും.

3. 'തുള്ളൽക്കാരൻ ഉറക്കെ പാടി'—ഈ വാക്യത്തിൽ ആദ്യത്തേയും അവസാനത്തേയും പദങ്ങൾ നിങ്ങൾക്ക് പരിചയമുള്ളതാണ്. 'തുള്ളൽക്കാരൻ' നാമവും 'പാടി' ക്രിയയുമാണല്ലോ. 'ഉറക്കെ' എന്നുള്ളത് രണ്ടിലും പെടുന്നില്ല. അത്, എങ്ങനെ പാടി എന്നു കാണിക്കുന്നു. അങ്ങനെ ക്രിയയെ വിശേഷിപ്പിക്കുന്ന പദത്തിനു് ക്രിയാവിശേഷണമെന്നു പേർ.

4. ക്രിയാവിശേഷണം എടുത്തെഴുതുക :—

   കുട്ടികൾ വേഗത്തിൽ ഓടി. ഭ്രാന്തൻ തനിയെ ചിരിക്കുന്നു. അമ്മ മക്കളെ അധികം താലോലിക്കുന്നു. ഗുരു ശിഷ്യനെ ഏററവും സ്നേഹിക്കുന്നു.

5. കുഞ്ചൻ നമ്പ്യാരുടെ ബാല്യകാലജീവിതം ചുരുക്കിയെഴുതുക.

6. തുള്ളലിൻെറ ഉൽപത്തിയെക്കുറിച്ചുള്ള ഐതിഹ്യം എന്ത് ?

7. ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിൻെറ നിമ്മാണത്തെക്കുറിച്ചുള്ള ഐതിഹ്യം ചുരുക്കിയെഴുതുക.

പാഠം 24

ഓണം വന്നപ്പോൾ

മാവേലി! നിൻെറ വരവുമൂലം
പാവങ്ങൾ കഷ്ടത്തിലായി ഞങ്ങൾ!
അററുപോവുന്നില്ലുരക്കടലാ-
സ്സിട്ടാലും കണ്ണൊഴുത്തെന്നുവന്നു.

വണ്ണപ്പൂക്കാട്ടകൾ കണ്ടുകണ്ടു
കണ്ണിലെക്കാഴ്ച പതുങ്ങലായി.
വിണ്ണിലലക്കുന്ന പൂവിളിയാ-
ലണ്ണാക്ക മണ്ണട്ടയായി മാറി.

തുമ്പപ്പൂത്തുമ്പേററു കീറിയോരോ
തുവിരലററത്തും ചോരവന്നു.
കാതിന്നു വില്ലൊച്ച കേട്ടുകേട്ടു
യാതൊന്നും കേൾക്കില്ലെന്നായ്ക്കഴിഞ്ഞു.

ഉപ്പേരി പപ്പടം തിന്നു തിന്നി-
ട്ടുള്ള രുചിയും പറപറന്നു.
നേന്ത്രപ്പഴത്തോട്ട മല്ലടിച്ചു
കോന്ത്രപ്പല്ലൊക്കെത്തകന്നുപോയി.

മാവേലി! നിൻെറ വരവുമൂലം
പാവങ്ങൾ കഷ്ടത്തിലായി ഞങ്ങൾ!

—അക്കിത്തം.

അഭ്യാസം

1. മാവേലി = മഹാബലി. വർണ്ണപ്പൂക്കാട്ടുകൾ = നിറമുള്ള പൂക്കാട്ടുകൾ. വിണ്ണ് = ആകാശം. തുവിരലററം = ഭംഗിയുള്ള വിരലിന്റെ അററം.

2. ചേർത്തെഴുതുക :—

പോവുന്നില്ല + ഉരക്കടെലാണ്ണു്. പൂ + കാട്ടുകൾ. മണ്ണട്ട + ആയി.

3. സ്വന്തം വാക്യത്തിലുപയോഗിക്കുക :—

കഷ്ടത്തിലായി ; പരുങ്ങലായി ; മണ്ണട്ടയായി.

4. 'ഓണം വന്നപ്പോൾ' ഉണ്ടായ വിശേഷം സ്വവാക്യത്തിൽ വിവരിക്കുക.

പാഠം 25

പ്രളയം

കറുത്തിരുണ്ടങ്ങനെ വാനിലെങ്ങും
ചെറുത്തുചെന്നെത്തിയ മേഘവൃന്ദം
നിറുത്തൽ തേടാതതിവർഷമാക്കും
പൊരുത്തക്കുടാത്തവിധം തുടങ്ങി. 1

ഇരച്ചുപെയ്യും മഴകൊണ്ടു മെയ്മേ-
ലരച്ചുതേയ്ക്കുംപടി ശീതമേറി ;
ഒരച്ചിലുണ്ടാക്കിയ പാവപോലെ
മരച്ചുകോച്ചിക്കഷ്ടണിച്ചു ലോകം. 2

കയത്തു പേമാരി ചൊരിഞ്ഞമൂലം
രയത്തിലിപ്പാരിടമെങ്ങുമൊപ്പം
ഉയൎന്നുവെള്ളം; നരവംശമപ്പോൾ
ഭയന്നു, വല്ലാതെ പരിഭ്രമിച്ചു. 3

നിരന്തരം നാല്പതു വാസരം നി-
ൎഭരം മഹാമാരി ചൊരിഞ്ഞമൂലം
പുരങ്ങളും ശൈലഗണങ്ങളും വൻ-
മരങ്ങളും മുങ്ങി ജലത്തിനുള്ളിൽ. 4

പുരപ്പുറത്തും മലമേലുമോരോ
മരങ്ങൾ തൻ ശാഖകൾ തോറുമായി
മരച്ചിരുന്നോരു നരൎക്കശേഷം
ദുരന്തമാവാരി വരുത്തി വേഗം. 5

അലംഘ്യമായൂഴിയിലേങ്ങു പൊക്കം
കലൎന്നതാം പൎവ്വതമൗലിയേയും
അലക്ഷ്യമായേററമതിക്രമിച്ച-
ജ്ജലം യഥേഷ്ടം വിഹരിച്ചു വാനിൽ. 6

ശ്രീയേശുവിജയം] [കട്ടക്കയം

അഭ്യാസം

1. വാനിൽ=ആകാശത്തിൽ. ചെറുത്തു്=എതിൎത്തു്. മേഘവൃന്ദം=മേഘങ്ങളുടെ കൂട്ടം. നിറുത്തൽ-തേടാതെ=നിൎത്താതെ. മെയ് = ശരീരം. ശീതം =തണുപ്പു്. മരച്ചു=മരവിച്ചു. പേമാരി= അതിവൎഷം; പേമഴ. രയം = വേഗം. നരവംശം=മനുഷ്യവൎഗ്ഗം. നിരന്തരം =ഇടവി

ടാതെ. നിർഭരം=പൂർണ്ണമായി. പുരങ്ങൾ=പട്ട ണങ്ങൾ, ശൈലഗണങ്ങൾ= പർവ്വതക്കൂട്ടങ്ങൾ. ദുരന്തം=ദുഷിച്ച അവസാനം; കഷ്ടപ്പാട്. അലംഘ്യം=കടക്കാൻ പാടില്ലാത്ത. പർവ്വത മൌലി=പർവ്വതത്തിൻെറ കൊടുമുടി. ഊഴി= ഭൂമി. യഥേഷ്ടം=ഇഷ്ടംപോലെ. വിഹരിച്ചു= കളിയാടി.

ചെന്നെത്തിയ മേഘവൃന്ദം; ഇരച്ചുപെയ്യും മഴ; മരച്ചിരുന്നോരു നരർ—ഇവയിലെ നാമവിശേ ഷണം എടുത്തെഴുതുക.

. വല്ലാതെ പരിഭ്രമിച്ചു; യഥേഷ്ടം വിഹരിച്ചു; വേഗംവരുത്തി—ഇവയിലെ ക്രിയാവിശേഷ ണങ്ങൾ എഴുതുക.

4. രണ്ടാം ശ്ലോകത്തിൻെറ അർത്ഥം എഴുതുക

5. അതിവർഷംകൊണ്ടുണ്ടായ കഷ്ടപ്പാട് സ്വന്തം വാക്യത്തിൽ വിവരിക്കുക.

പാഠം 26

നാട്ടിൻപുറം

ആഴകം
2, തുലാം 1126

പ്രിയ സ്നേഹിതാ,

ഓർമ്മിക്കുന്നുണ്ടോ, കഴിഞ്ഞകൊല്ലം നമ്മുടെ സാഹിത്യസമാജത്തിൻെറ ഒരു യോഗത്തിൽ ഗ്രാമ ജീവിതത്തേയും നാഗരികജീവിതത്തേയുംപററി നമ്മൾ നടത്തിയ ആ വാദപ്രതിവാദം? യുക്തിയുക്ത

മായി വാദിക്കാനും ഭംഗിയായി പ്രസംഗിക്കാനും മാതൃവിനുള്ള കഴിവ് എനിക്കില്ലെങ്കിലും, അന്നു് എൻെറ പക്ഷമാണു ജയിച്ചതു്. ഗ്രാമജീവിതമാണു് അധികം സുഖകരം എന്നു മിക്ക വിദ്യാത്ഥിസുഹൃത്തുക്കളും അന്നു സമ്മതിച്ചു.

"നാട്യപ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം"

എന്നു് പ്രസിദ്ധകവിയായ കുററിപ്പുറത്തു കേശവൻ നായർ എഴുതിയിട്ടുള്ള ആ പദ്യം ചൊല്ലിക്കൊണ്ടാണു് നമ്മൾ സായാഹ്നത്തിൽ പിരിഞ്ഞതു്; അല്ലേ?

ഭാവനാശാലികളായ കവികൾ എഴുതുന്നതു് പലപ്പോഴും സത്യമായിരിക്കണമെന്നില്ല; എനിക്കു് ബോദ്ധ്യമായി. മൂന്നാഴ്ചയേ ആയിട്ടുള്ളു ഞാൻ ഈ നാട്ടുമ്പുറത്തു വന്നുചേന്നിട്ടു്. എൻെറ അമ്മാവൻെറ കൂടെ ഇവിടെ ഞാൻ ഈ ഒഴിവുകാലം കഴിച്ചുകൂട്ടാൻ വിചാരിക്കയാണു്. അദ്ദേഹത്തിനു ശരീരാസ്വാസ്ഥ്യം നേരിട്ടിരിക്കെ അതു ഭേദമാകുന്നതിനു മുമ്പു് ഇവിടെനിന്നു കോട്ടയത്തേയ്ക്കു പോരുന്നതു് ശരിയാവില്ലല്ലോ. അടുത്തു് വിദഗ്ദ്ധനായ ഒരു വൈദ്യൻെറ സഹായംതന്നെ ലഭിക്കാൻ വിഷമം. നല്ല മരുന്നു വല്ലതും വാങ്ങണമെങ്കിൽ ഔഷധശാലകളില്ല. നീലനിമ്മലമാണു് ആകാശം. നഗരത്തിലെ പൊടിയും ആൾത്തിരക്കും ഒന്നും ഇവിടെയില്ല. അല്പം അകലെയുള്ള മലകളുടെ അടിവാരത്തിലും മേട്ടുമ്പുറങ്ങളിലും വൈകുന്നേരം നടക്കുന്നതു് ഒരു രസംതന്നെയാണു്. പക്ഷേ, അതിനും കൂട്ടുകാരില്ലെങ്കിൽ ഉത്സാഹം തോന്നുമോ?

അവിടെയുള്ള വായനശാലയിൽനിന്നു് മൂന്നു നാലു നല്ല മലയാളപുസ്തകങ്ങളും ഇംഗ്ലീഷുനോവലുകളും എടുത്തയച്ചുതരുമെങ്കിൽ എനിക്കു വലിയ ഉപകാരമാവും. ഞാൻ പുസ്തകമൊന്നും കൊണ്ടുപോന്നില്ല പോരുമ്പോൾ. ഈ ഗ്രാമത്തിൽ ശുദ്ധമായ വായു ധാരാളം ശ്വസിക്കാം; കുളിർമയുള്ള വെള്ളവും വേണ്ടിടത്തോളം കിട്ടും; നമുക്കു് അതു് മതിയോ? നല്ല ഒരു വായനശാല ഇല്ലാത്ത നാട്ടിൻപുറം സ്വർഗ്ഗംതന്നെയായാലും തീരെ മുഷിപ്പനായിട്ടേ എനിക്കു തോന്നുകയുള്ളു. ഇവിടങ്ങളിലുള്ള ആളുകൾ സൽസ്വഭാവികളാണു്; പരിശ്രമശാലികളായ കൃഷിക്കാരാണു്. പക്ഷെ പകൽ മുഴുവൻ പണിയെടുക്കുന്ന ഈ കൃഷകന്മാർ മിക്കവരും ദരിദ്രന്മാരായിരിക്കുന്നതു കാണുമ്പോൾ എനിക്കു് അത്ഭുതം തോന്നുന്നു. വൃത്തിയും വെടിപ്പുമുള്ള നല്ല വീടുകൾതന്നെ മിക്കവർക്കും ഇല്ല. എന്തു കഷ്ടമാണു്! അധികംപേരും കടക്കാരാണത്രെ. നൂററമ്പതു കൊല്ലത്തിലധികമായില്ലേ ഇംഗ്ലീഷ് വിദ്യാഭ്യാസം ഈ രാജ്യത്തു നടപ്പായിട്ടു്? നാലഞ്ചു ചെറുപ്പക്കാർ മാത്രമാണു് ഈ ഗ്രാമത്തിൽ ഇംഗ്ലീഷക്ഷരം വായിക്കാവുന്നവരായിട്ടുള്ളതു്. ഇംഗ്ലീഷ് ഒരിക്കലും നമ്മുടെ പൊതുഭാഷയാവില്ല; സാമാന്യ വിദ്യാഭ്യാസത്തിനു നമ്മുടെ ദേശഭാഷതന്നെ വേണം. ഈ വാദം വെറുതെയല്ല ഉണ്ടായിട്ടുള്ളതു്.

എത്ര ദിവസമായി നല്ലതുപോലെ ഒന്നു കളിച്ചിട്ടു്! നീണ്ടുപരന്നുകിടക്കുന്ന ഒന്നാംതരം മൈതാനങ്ങളുണ്ടു് കളിസ്ഥലമാക്കാൻ. പക്ഷെ, പന്തു വേണ്ടേ? കളിക്കാൻ പരിചയമുള്ള ചങ്ങാതികൾ വേണ്ടേ? പകൽ മുഴുവൻ പണിയെടുക്കുന്ന ഗ്രാമീണജനങ്ങൾക്കു് ദേഹായാസത്തിനു വേറെ വ്യായാമം

വേണ്ട എന്നു പറയുമായിരിക്കാം. അതു് ഏതാണ്ടു് ശരിയാണെന്നുതന്നെ സമ്മതിക്കാം. ആഹ്ലാദജനകമായ കളികൾകൊണ്ടു് ലഭിക്കുന്ന മാനസോല്ലാസം, ആയാസം മാത്രമുളവാക്കുന്ന വേലകൾകൊണ്ടു സിദ്ധിക്കുമോ? ഗ്രാമവാസികൾക്കു് എല്ലു മുറിയുന്ന പണികൾമാത്രം പോരാ; വിശ്രമിക്കാൻ സമയം വേണം; ഉന്മേഷകരങ്ങളായ വിനോദങ്ങളും വേണം; വേണ്ടേ?

ഒരു വ്യാഴവട്ടത്തിനുമുമ്പു് തുടങ്ങിയതാണത്രേ ഇവിടത്തെ സഹകരണസംഘം. കൃഷിക്കാൎക്കു് കടത്തിൽനിന്നു് മോചനം നേടാൻ ഈ സ്ഥാപനം ഉപകരിക്കുമെന്നു് തുടക്കത്തിൽ തോന്നിയിരുന്നു. കൃഷിപ്പണിക്കുവേണ്ട ആയുധങ്ങളും മററും വാങ്ങാൻ എളുപ്പത്തിൽ പണം ലഭിക്കുമെന്നും പലതവണയായി അതു് അടച്ചാൽ മതിയല്ലോ എന്നും പലരും ആശ്വസിച്ചിരുന്നു. കാൎഷികോൽപന്നങ്ങൾ നഷ്ടംകൂടാതെ സംഭരിച്ചു വില്ക്കാൻ സംഘപ്രവൎത്തകന്മാൎക്കു് സാധിക്കുമെന്നും കരുതിയിരുന്നു. ഈയിടെ ഞാൻ സംഘത്തിൻെറ കാൎയ്യദൎശിയെ കാണുകയുണ്ടായി. നാട്ടുകാരുടെ കടം വൎദ്ധിക്കയാണു് ചെയ്തിട്ടുള്ളതു്; കൃഷി പറയത്തക്കവണ്ണം അഭിവൃദ്ധിപ്പെട്ടിട്ടുമില്ല. സഹകരണ സംഘത്തിൻെറ പ്രവൎത്തനത്തെക്കുറിച്ചു് നല്ല ബോധമുള്ള പ്രവൎത്തകന്മാർ വേണം, സംഘത്തെ പ്രയോജനമുള്ള ഒന്നാക്കാൻ. അംഗങ്ങൾക്കു് അറിവു വേണം; സ്വാൎത്ഥമില്ലാത്ത ജനസേവകന്മാർ നാട്ടുമ്പുറത്തു് ധാരാളം ഉണ്ടാവണം; ഏതു നല്ല സ്ഥാപനവും എന്നാലേ ഉപകാരപ്രദമാവുകയുള്ളു; അല്ലേ?

വിദ്യാഭ്യാസം കഴിഞ്ഞാൽ, ഉപജീവനത്തിനു ചെറിയൊരു ജോലികിട്ടുന്നപക്ഷം, നാട്ടുമ്പുറങ്ങളിലെ

വിടെയെങ്കിലും താമസിക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. ഗ്രാമവാസികളുടെ അന്ധവിശ്വാസങ്ങളെ നശിപ്പിക്കാനും അവരുടെയിടയിൽ സാമാന്യജ്ഞാനം പരത്താനുംവേണ്ടി നമുക്കൊക്കെ പ്രവർത്തിക്കാമല്ലോ. ഗ്രാമങ്ങളുടെ നില നന്നായാലേ നാട്ടിനു പൊതുവെ ഉൽക്കർഷം ഉണ്ടാവുകയുള്ളു എന്ന് എനിക്കു തോന്നുന്നു.

ഈ എഴുത്തിടാൻ എനിക്കു രണ്ടുമൂന്നു നാഴിക ദൂരം നടന്നുപോകണം. ഈ ഗ്രാമത്തിൽ തപാലാപ്പീസ് ഇല്ല. പോയിവരാൻ നല്ല വഴികളുണ്ടോ? അതും പരുങ്ങൽതന്നെ. സ്നേഹിതൻെറ മറുപടി എനിക്ക് എന്നാണ് കിട്ടുക? ആഴ്ചയിൽ ഒരിക്കൽ തപാൽ ശിപായി ഈ ഗ്രാമത്തിൽ വന്നാൽ ഭാഗ്യമായി. വർത്തമാനപ്പത്രങ്ങൾ കിട്ടാൻതന്നെ ഇവിടെ വലിയ വിഷമമാണ്. ദീർഘമായ ഒരു മറുപടി അയച്ചുതരുമെന്ന് വിചാരിക്കുന്നു.

സ്നേഹപൂർവ്വം
രാഘവൻ

അഭ്യാസം

1. ഒന്നാം ഖണ്ഡികയിലെ നാമപദങ്ങളും ക്രിയാപദങ്ങളും എടുത്തെഴുതുക.

2. വരയിട്ടഭാഗം വേണ്ടപോലെ പൂരിപ്പിക്കുക :—
   (i) ——കുററിപ്പുറത്തു കേശവൻ നായർ.
   (ii) ——കവികരം.
   (iii) ——കൂട്ടുകാരില്ലെങ്കിൽ ഉത്സാഹം——

(iv) വായു——ശ്വസിക്കാം.

(v) എത്ര ദിവസമായി——ഒന്നു് കളിച്ചിട്ടു്?

(vi) ആഹ്ലാദജനകമായ——

3. ലിംഗവചനങ്ങൾ കുറിക്കുക :—

(i) പ്രവർത്തകന്മാർ.

(ii) ഗ്രാമങ്ങൾ.

(iii) സ്വർഗ്ഗം.

(iv) നാട്ടിൻപുറം.

(v) കർഷകർ.

4. നിങ്ങളുടെ നാട്ടിൽ നടന്ന ഒരു ഉത്സവത്തെപ്പററി കൂട്ടുകാരന് ഒരെഴുത്തെഴുതുക.

5. എഴുത്തയക്കുമ്പോൾ മേൽവിലാസം ശരിക്കെഴുതണം. അതിന്റെ മാതൃക താഴെ കാണിക്കാം :

ശ്രീ കെ. എസ്സ്. രാഘവൻ, ബി. ഏ.,
മങ്ങാട്ടുവീട്ട്,
നായത്തോട്ട്,
അങ്കമാലി.

നമ്മുടെ നാട്ടിൻപുറത്തെ സ്ഥിതി എന്തെന്നു ചുരുക്കി എഴുതുക.

പാഠം 27

കേരളം

കേരളം ചെറുതല്ല ഭിന്നമാം മതങ്ങൾക്കു
താവളം, കലാപരസംസ്കാരസേവാദളം.

കേരവും മന്ദാരവും പൂഗവും പുന്നാഗവും
കേവലം ചുവടൊത്തു നില്ക്കുമീ മലനാട്ടിൽ

ഹിന്ദുവും മുസൽമാനും ക്രിസ്ത്യനും യഹൂദനു-
മൊന്നുപോൽ പുലരുന്നിതെത്രയോ ശതാബ്ദമായി.

അവർതൻ സഹോദര നിർവ്വിശേഷമാം സ്നേഹം
നിവരെപ്പൊൻപൂക്കളായ് സൗരഭം പൊഴിക്കുന്നു ;

തെച്ചിയും ചേമന്തിയും ചെമ്പരത്തിയും ചാരെ-
പ്പിച്ചകച്ചെണ്ടും ചേർന്ന മന്ദിരാങ്കണംപോലെ.

—പാലാ നാരായണൻ നായർ

അഭ്യാസം

1. ഭിന്നം = വേറെവേറെയുള്ള. കലാപരസംസ്കാരസേവാദളം = കലാപരമായ സംസ്കാരത്തിൻെറ സേവാദളം. പൂഗം = കവുങ്ങ്. പുന്നാഗം = പുന്ന. ശതാബ്ദം = നൂററാണ്ട്. സഹോദരനിർവ്വിശേഷം = സഹോദരതുല്യം. നിവരെ = നിവരത്തക്കവണ്ണം. സൗരഭം = സുഗന്ധം. മന്ദിരാങ്കണം = വീട്ടുമുററം.

2. സ്നേഹം, സൗരഭം, തെച്ചി, ഹിന്ദു, താവളം—ഇവ ഏതേതു നാമവിഭാഗത്തിൽപ്പെടുന്നു ?

3. ചേർത്തെഴുതുക :—

ചെറുതു + അല്ല. ചുവടു + ഒന്ന്. നില്ക്കും + ഈ മലനാട്ടിൽ. ചെം + പരുത്തി.

4. പൂരിപ്പിക്കുക :—

സ്നേഹംപൊൻവൃക്കളായ്—പൊഴിക്കുന്നു.

കേരളം—മതങ്ങൾക്ക് താവളമാകുന്നു.

നമ്മുടെ ഭാഷ—ആകുന്നു.

5. കേരളത്തിൻെറ മാഹാത്മ്യം സ്വന്തം വാക്യത്തിലെഴുതുക.

6. ആദ്യത്തെ രണ്ടു വരിയുടെ അർത്ഥം എഴുതുക.

പാഠം 28

വസന്താഗമം

മുററത്തെ മുല്ലകളൊക്കെപ്പൂത്തു
കററക്കിടാവിൻെറ കൺകുളിർത്തു.
ആയവനാശിച്ചിട്ടില്ലെന്നിരിക്കുകി-
ലാഗമിച്ചീടുമോ പുഷ്പകാലം ? അവൻ-
സ്വാഗതമോതുമോ സ്വാനുകൂലം ?

പൂത്ത പൂവല്ലികൾ പുല്കിപ്പുല്കി-
ത്താഴത്തെന്നലങ്ങിങ്ങു സഞ്ചരിച്ചു

എന്മകന്നാനന്ദമേകുവാനല്ലെങ്കി-
ലെന്തിനാവല്ലികൾ നൃത്തമാടി ? അതി-
ലെന്തിനളികളുമൊത്തുകൂടി ?

മാകന്ദത്തോപ്പിങ്കലാകമാനം
കാകളി തൂകിനാർ കോകിലങ്ങൾ
കൺമണിക്കുഞ്ഞിനു കേൾക്കുവാനല്ലെങ്കി-
ലിമ്മട്ടിലെന്തിനു പാട്ടുപാടി ? അവർ
തേന്മയമാക്കിയപ്പുഷ്പവാടി ?

താമര പൂത്തു മണം പരന്നു
മാമരച്ചാർത്തും മതിമറന്നു

എന്നോമൽപ്പൈതലിനില്ലാതെയാക്കീതി-
ലുന്നതഹർഷമുദിപ്പതാവോ ! —ചുണ്ടിൽ
മിന്നുന്നതെന്തൊരു പൂനിലാവോ !

— ചങ്ങമ്പുഴ

അഭ്യാസം

1. വസന്താഗമനം = വസന്തത്തിന്റെ വരവ്. കുററക്കിടാവ് = ഓമനപ്പൈതൽ. സ്വാനുകൂലം = തനിക്കനുകൂലമായി. പുല്കുക = കെട്ടിപ്പിടിക്കുക. താർത്തെന്നൽ = പൂക്കളിൽത്തട്ടി വീശുന്ന കാററ്. അളികൾ = വണ്ടുകൾ. മാകന്ദത്തോപ്പ് = മാവിൻതോപ്പ്. കാകളി = മധുരശബ്ദം. കോകിലങ്ങൾ = കുയിലുകൾ. പുഷ്പവാടി = പൂന്തോട്ടം. മാമരച്ചാർത്ത് = വന്മരക്കൂട്ടം. ഉന്നതഹർഷം = ഉയർന്ന സന്തോഷം.

2. ചേർത്തെഴുതുക :—

   സ്വാഗതം + ഓതുമോ. പുല്കി + പുല്കി. കൺമണി + കുഞ്ഞു്. തേൻമയം + ആക്കി.

3. ഓരോ പര്യായപദം എഴുതുക :—

   (i) പൂവ് (iii) മാവ് (v) സന്തോഷം
   (ii) വണ്ട് (vi) വരവ്

4. വസന്തകാലത്തിന്റെ ഭംഗി സ്വവാക്യത്തിൽ വിവരിക്കുക.

5. "മുററത്തെ മുല്ലകൾ" എന്നു തുടങ്ങി "സ്വാനുകൂലം" എന്നവസാനിക്കുന്ന പദ്യഭാഗത്തിന്റെ അർത്ഥമെഴുതുക.

പാഠം 29

മാംസഭുക്കുകളായ സസ്യങ്ങൾ

സസ്യഭുക്കുകളെന്നും മാംസഭുക്കുകളെന്നും ജന്തുക്കൾ രണ്ടുതരമുണ്ടെന്നു നിങ്ങൾക്കറിയാമല്ലോ. എന്നാൽ മാംസഭുക്കുകളായ സസ്യങ്ങളുണ്ടെന്നു നിങ്ങളിൽ അധികം പേർ അറിഞ്ഞിരിക്കാൻ ഇടയില്ല.

വേരുകൾവഴി മണ്ണിൽനിന്നും, ഇലകൾവഴി വായുവിൽനിന്നും, വേണ്ട പോഷകാംശങ്ങൾ സ്വീകരിച്ചിട്ടാണ് മിക്ക സസ്യങ്ങളും ജീവിക്കുന്നത്. ചുരുക്കം ചില ചെടികളാകട്ടെ ഇതിനു പുറമെ പ്രാണികളേയും ആഹാരമായി സ്വീകരിക്കാറുണ്ട്. ഇങ്ങനെയുള്ള സസ്യങ്ങളെയാണ് മാംസഭുക്കുകളായ ചെടികൾ എന്നു പറയുന്നത്.

ചെടികൾ പ്രാണികളെ പിടിച്ചു ഭക്ഷിക്കയോ ? നിങ്ങൾക്ക് അത്ഭുതം തോന്നുന്നുണ്ടായിരിക്കും, ഇല്ലേ? നമുക്ക് നിശ്ചയമില്ലാത്ത എന്തെല്ലാം കാര്യങ്ങളാണ് പ്രകൃതിയിൽ നടക്കുന്നത്! ശാസ്ത്രജ്ഞന്മാർ ഇപ്പോഴും ഒരോന്നു കണ്ടുപിടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കയാണ്. മാംസഭുക്കുകളായ ചെടികളെപ്പററി അവർ കണ്ടുപിടിച്ചുകഴിഞ്ഞിട്ടുള്ള ചില വിവരങ്ങൾ താഴെ പറയാം.

'സൺഡ്യൂ' എന്നും 'ഡ്രോസിറ' എന്നും ഇംഗ്ലീഷിൽ പേരു പറയുന്ന ഒരുതരം ചെറിയ ചെടിയുണ്ട്. കേരളത്തിൽ പല സ്ഥലങ്ങളിലും ഇതു കാണാം. മണൽപ്രദേശങ്ങളിലാണ് സാധാര

ണമായി വളരുന്നതു്. നിലത്തു പററിക്കിടക്കുന്നതാണു് അതിൻെറ പ്രകൃതി. പൂൎണ്ണവളൎച്ചയായ ഒരു ചെടിയുടെ ഇലകൾ വ്യാപിച്ചുകിടക്കുന്നതു് കഷ്ടിച്ചു ഒരു രൂപ വൃത്തത്തിനകത്തായിരിക്കും. കരണ്ടിയുടെ ആകൃതി, നീണ്ട രോമങ്ങൾ, ചുവപ്പുനിറം ഇവയാണു്



ഡ്രോസിറ

അതിൻെറ ഇലയുടെ സ്വഭാവം. ഒട്ടുന്ന ഒരുതരം ദ്രവം നീണ്ട രോമങ്ങളുടെ അററത്തു പററിനില്ക്കുന്നതു കാണാം. ഈ ദ്രവം മഞ്ഞിൻതുള്ളികൾപോലെ സൂൎയ്യപ്രകാശത്തിൽ തിളങ്ങിക്കൊണ്ടിരിക്കും. അതുകൊണ്ടാണു് ഈ ചെടിയെ ഇംഗ്ലീഷിൽ 'സൺഡ്യു' എന്നു പറഞ്ഞുവരുന്നതു്. ഉറുമ്പു്

മുതലായ ചെറുപ്രാണികൾ ഈ ദ്രവത്തെ മധുവാണെന്നു തെററിദ്ധരിച്ച് ഭക്ഷിക്കുന്നതിനായി ഇലയിൽ ചെല്ലുന്നു. ഉടനെതന്നെ ഇലയിലെ നീണ്ട രോമങ്ങൾ പതുക്കെ ഉള്ളിലേക്കു വളഞ്ഞു് ആ പ്രാണികളെ കുരുക്കിൽപെടുത്തുന്നു. ഇലയിലുള്ള ഗ്രന്ഥികളിൽനിന്നു പുറപ്പെടുന്ന ഒരു ദ്രാവകം പ്രാണികളുടെ ദേഹത്തുള്ള പോഷകാംശങ്ങളെ ദഹിപ്പിക്കുന്നു. ദഹിച്ച പദാൎത്ഥങ്ങളെ ഇല ഉള്ളിലേക്കു വലിച്ചെടുക്കുന്നു. പോഷകാംശം സ്വീകരിച്ചു കഴിഞ്ഞാൽ മററു പ്രാണികളെ ബന്ധിക്കുന്നതിനുവേണ്ടി രോമങ്ങൾ വീണ്ടും നിവൎന്നു നില്ക്കുകയായി.

ഇംഗ്ലീഷിൽ 'യൂട്രിക്കുലേറിയ' എന്നു പേരുള്ളതും വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതുമായ മറെറാരുതരം ചെടി കേരളത്തിലുണ്ട്. ചെടിയുടെ നിറം പച്ചയും പൂവിൻെറ നിറം മഞ്ഞയുമായിരിക്കും. ഇലയുടെ ഒരു ഭാഗം നീണ്ട രോമങ്ങളായും മറെറാരു ഭാഗം ചെറിയ സഞ്ചികളായും രൂപാന്തരപ്പെടുന്നു. ഓരോ സഞ്ചിക്കും ഉള്ളിലേക്കുമാത്രം തുറക്കാവുന്ന ഒരു കവാടം ഉണ്ടു്. ജലത്തിലുള്ള ചെറുജീവികൾ ഈ കവാടം തള്ളിത്തുറന്നു സഞ്ചിക്കുള്ളിൽ പ്രവേശിക്കുന്നു. പ്രാണികൾ അകത്തു കടന്നുകഴിഞ്ഞാൽ കവാടം താനെ അടയുകയും ചെയ്യും. അതിൻെറ ഫലമായി ആ പ്രാണികൾക്കു പുറത്തുവരാൻ നിവൃത്തിയില്ലാതെ വരുന്നു. സഞ്ചിയുടെ പാൎശ്വഭിത്തികളിലുള്ള ഗ്രന്ഥികളിൽനിന്നു പുറപ്പെടുന്ന ഒരു ദഹനരസം ഉള്ളിലകപ്പെട്ടുപോയ പ്രാണികളെ ദഹിപ്പിക്കുന്നു. ദഹിച്ച പദാൎത്ഥങ്ങളെ സഞ്ചിയുടെ ഭിത്തികൾ വലിച്ചെടുക്കുന്നു.



യൂട്രിക്കുലേറിയ

'നെപെന്തെസ്സ്' എന്ന ഇംഗ്ലീഷ് പേരിൽ അറിയപ്പെടുന്ന മറെറാരുതരം ചെടിയുടെ ജീവിതം ഇതിനേക്കാളൊക്കെ വിചിത്രമാണ്. സിലോൺ, മലയ, ആഫ്രിക്ക, അമേരിക്ക മുതലായ രാജ്യങ്ങളിലാണ് ഇതു സാധാരണമായി വളരുന്നതു്. ഇന്ത്യയിലെ ചില സസ്യത്തോട്ടങ്ങളിൽ ഈയിടെ നട്ടു വളർത്തിത്തുടങ്ങിയിട്ടുണ്ട്. ഇലയ്ക്കു് ഒന്നര അടിയോളം നീളം കാണും. ഓരോ ഇലയുടെയും അററത്തുനിന്നു നീണ്ടുപോകുന്ന പ്രതാനം ഒരു കോപ്പയുടെ ആകൃതിയിലാണ് അവസാനിക്കുക. അതിൽ കുറെ ഭാഗം

എപ്പോഴും ഒരുതരം ദ്രാവകംകൊണ്ടു് നിറഞ്ഞിരിക്കും. ഇലയുടെ ഇളംപ്രായത്തിൽ കോപ്പയിലേക്കുള്ള ദ്വാരം ഒരു മൂടികൊണ്ടു് അടഞ്ഞിരിക്കും. ഈ മൂടി പിന്നീടു് തുറക്കും. മൂടിയുടെ താഴെയായി കോപ്പയ്ക്കുൾവശത്തു് അനവധി മൃദുത്വമുള്ള കൂർത്ത രോമങ്ങൾ കാണാം. ഈ രോമങ്ങളുടെയെല്ലാം കൂർത്ത അഗ്രം കീഴോട്ടാണു്. കോപ്പയുടെ

നെപ്പെന്തെസ്

ഉൾവശത്തു് പാർശ്വഭിത്തികളിൽ അനവധി ദഹനഗ്രന്ഥികളുണ്ടു്. കോപ്പയുടെ വക്കിൽവരുന്ന ചെറിയ പ്രാണികൾ മൃദുത്വമുള്ള രോമങ്ങളിൽ തട്ടി കാൽ വഴുതി അതിനുള്ളിൽ വീണുപോകുന്നു. അവ കോപ്പ

സ്കൂളിലുള്ള ദ്രവത്തിൽ മുങ്ങിച്ചാകും. അതിനു ശേഷം ദഹനരസത്തിൻെറ പ്രവത്തനംകൊണ്ട് മൃത ശരീരം ദഹിക്കുന്നു. കോപ്പയുടെ പാശ്വഭിത്തികൾ ദഹിച്ച പോഷകാംശങ്ങൾ വലിച്ചെടുക്കുന്നു.

ജന്തുക്കൾക്കെന്നപോലെ സസ്യങ്ങൾക്കും സ്വായത്തമായിട്ടുള്ള ആഹാരസമ്പാദനമാഗ്ഗങ്ങളുടെ വൈവിദ്ധ്യം എത്ര അത്ഭുതകരമായിരിക്കുന്നു!

അഭ്യാസം

1. "ഇങ്ങനെയുള്ളവയെയാണ്, മാംസഭക്ഷകകളായ ചെടികളെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നത്." — ഈ വാക്യത്തിലെ നാമം, ക്രിയ, നാമവിശേഷണം ഇവ എടുത്തെഴുതുക.
2. "മാംസഭക്ഷകകളായ ചെടികളെപ്പററി അവർ കണ്ടുപിടിച്ചുകഴിഞ്ഞിട്ടുള്ള ചില വിവരങ്ങൾ താഴെ പറയാം." — ഈ വാക്യത്തിലെ സവ്വനാമവും, ക്രിയാവിശേഷണവും ഏതെന്നു പറയുക.
3. ലിംഗവചനങ്ങൾ കുറിക്കുക :—
   മാതാപിതാക്കൾ, ആൺസിംഹം, കുട്ടികൾ, ശാസ്ത്രജ്ഞന്മാർ, കാളിദാസൻ.
4. ഏതുകാലമെന്നു് കാണിക്കുക —
   അന്വേഷിക്കുന്നു, ജീവിക്കുന്നു, കണ്ടുപിടിച്ചു, ഉണ്ടായിരിക്കും, ചെല്ലും, സ്വീകരിച്ചു
5. ആഹാരം അടിസ്ഥാനമാക്കി ജീവികളെയും, സസ്യങ്ങളെയും എത്ര തരമായിത്തിരിക്കാം ; എങ്ങനെ ?
6. 'സൺഡ്യൂ'വും 'ഡ്രോസിറ'യും ആഹാരം സമ്പാദിക്കുന്നതെങ്ങനെ ?
7. 'യൂട്രിക്കുലേറിയ'യും നെപ്പന്തെസ്സും ഏതുമാതിരിയാണ് പ്രാണികളെ ആഹാരമാക്കുന്നതു് ?

[library stamp]

60

3502

PRINTED BY
THE S.G.P. AT THE GOVERNMENT PRESS,
ERNAKULAM—1961